33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

December 01, 2025 Vol. XXXIII No. 49


## Rosa Mystica Care Home

Near Caritas Matha Hospital, MC Road, Kottayam, Phone: 8547917898, 8547444579
web:www.rosamysticacarehome.com, You Tube: Rosa mystica Care Home, E-mail:rosamysticacarehome@gmail.com

Branch: Opp.CMS College Main ground, Kottayam-01, Phone: 8547917898, 6238917898,7012783053, 8547916898



Branch all ready started in Kottayam




കുറച്ചു കാലത്തേക്കോ, സ്ഥിരമായിട്ടോ വിശ്രമജീവിതം ആഗ്രഹിക്കുന്നവർക്കായ് ആരോഗ്യവും സന്തോഷവും സമാധാനവും നിറഞ്ഞ ഭവനാന്തരീക്ഷം ഞങ്ങൾ ഒരുക്കുന്നു.

### ഞങ്ങളുടെ സേവനങ്ങൾ




- 24 മണിക്കൂറും യൂറോപ്യൻ നിലവാരമുള്ള നേഴ്സിംഗ് പരിചരണം
- ഫിസിയോ തെറാപ്പി & സ്പീച്ച് തെറാപ്പി
- ഡോക്ടറിന്റെ സേവനം (Doctor Visit)
- വിദഗ്ദ്ധ പാലിയേറ്റിവ് കെയർ വിഭാഗം
- Tracheostemy Care, Suction, Bed Ridden with Bedsore care തുടങ്ങി ഒരു ഹോസ്പിറ്റലിൽ കൊടുക്കുന്ന എല്ലാവിധ നേഴ്സിംഗ് കെയർ.
- Folyes catheter and Ryles tube insertion etc...
- Peg tube Feeding
- Critical care support Exg. Ventilator, Bipap etc..
- Heavy Residents നെ lift ചെയ്യുവാൻ ആധുനിക ഉപകരണം (Sling hoist)
- ആംബുലൻസ് സൗകര്യം
- സോഷ്യൽ വർക്കർമാരുടെ (M.S.W) മേൽനോട്ടം
- കൗൺസിലിംഗ്, മാനസിക ഉല്ലാസം നൽകുന്ന പ്രോഗ്രാമുകൾ
- Homely Food
- എ.സി & നോൺ എ.സി. മുറികൾ
- സ്വയം ചലിക്കുവാൻ സാധിക്കാത്തവർക്കുപോലും പ്രകൃതിയുടെ ഭംഗി ആസ്വദിക്കുവാൻ ഇവിടെ അവസരം ഒരുക്കപ്പെടുന്നു.
- ആവശ്യമെങ്കിൽ Hospital Admission with our Bystander




- പരസഹായം വേണ്ടവർക്ക് അവരുടെ മനസ്സറിഞ്ഞ്, ഹൃദയംതൊട്ട് അവരുടെ കൈ കാലുകളായി റോസാ മിസ്റ്റിക്ക പ്രവർത്തിക്കുന്നു.
- ജോലിയിൽ നിന്ന് വിരമിച്ചവർക്ക് വിശ്രമജീവിതം ആനന്ദകരമാക്കാൻ അവസരം ഒരുക്കുന്നു


BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY
SUNNY
FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com
• Comprehensive Financial Planning
• Risk Management & Insurance: Life/Disability/Long Term Care/Health/Medicare
• 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
• Professional Investment Management & Guidance
• Business Plans/Employee Benefits/Pension
• Retirement Income/Retirement Savings
• Tax Planning Strategies
• Estate Planning: Trusts/Wills
• Education Funds
www.sunnyfinancial.com
475 N Martingale Rd, Suite 1250, Schaumburg, IL 60173
Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
Better Business Bureau

33rd Year of Service 2025

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 തീവ്ര പ്രചാരണത്തിലേക്ക് സ്ഥാനാർത്ഥികൾ
21 സാക്രമെന്റോ ക്നാനായ കാത്തലിക് കോൺഗ്രസ് ...
22 ചാരിറ്റി ഡേ ഉദ്ഘാടനം പ്രൗഢോജ്വലമായി
25 മന്ത്രയുടെ പുതിയ ഭരണസമിതി ചുമതലയേറ്റു
26 രോഗങ്ങളുടെ രഥോത്സവം

# മസാലബോണ്ട് കേസിൽ മുഖ്യമന്ത്രിക്ക് ഇ.ഡി. നോട്ടീസ്

കൊച്ചി: കിഫ്ബി മസാലബോണ്ട് ഇടപാടിൽ മുഖ്യമന്ത്രി പിണറായി വിജയന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇഡി) നോട്ടീസ്. മൂന്നു വർഷത്തിലേറെ നീണ്ട അന്വേഷണത്തിന് ഒടുവിലാണ് നോട്ടീസ് നൽകിയത്. നവംബർ 29-നാണ് നോട്ടീസ് നൽകിയത്. വിശദീകരണം തേടിയശേഷമായിരിക്കും തുടർനടപടികൾ. മുൻ ധനമന്ത്രി ടി.എം. തോമസ് ഐസക്കിനും കിഫ്ബി ഉദ്യോഗസ്ഥർക്കും നോട്ടീസ് നൽകി. ഇ.ഡി. അഡ്ജ്യൂഡിക്കേറ്റിങ് അതോറിറ്റിക്ക് റിപ്പോർട്ട് നൽകിയിരുന്നു. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) ധനസമാഹരണം ലക്ഷ്യമിട്ട് നടത്തിയ മസാല ബോണ്ട് ഇടപാടിൽ വിദേശനാണ്യ വിനിമയ ചട്ടങ്ങൾ (ഫെമ) ലംഘിച്ചു എന്നായിരുന്നു ഇഡിയുടെ കണ്ടെത്തൽ.



മസാലബോണ്ട് വഴി ശേഖരിച്ച പണം അടിസ്ഥാന വികസന പദ്ധതികൾക്ക് വിനിയോഗിച്ചത് ചട്ടലംഘനമാണെന്നാണ് ഇഡി പറയുന്നത്. 2019-ൽ, 9.72 ശതമാനം പലിശയിൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മസാല ബോണ്ടിറക്കി 2,150 കോടിയാണ് കിഫ്ബി സമാഹരിച്ചത്. 2019 ജനുവരി 17-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗമാണ് ബോണ്ടിറക്കാനുള്ള നടപടികൾ പൂർത്തിയാക്കാൻ തീരുമാനിച്ചത്. അന്വേഷണത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം തോമസ് ഐസക്കിന് രണ്ട് തവണ നോട്ടീസ് നൽകിയിരുന്നു.

വലിയ ഗൂഢാലോചയാണ് മസാല ബോണ്ട് വിഷയത്തിൽ നടന്നതെന്നു കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. “ഇതിലും കുറച്ച് പലിശയ്ക്ക് കേരളത്തിൽ വായ്പ കിട്ടുമായിരുന്നു. മസാല ബോണ്ട് അപകടമെന്നു നേരത്തെ പറഞ്ഞതാണ്. ലാവ്‌ലിൻ കമ്പനിയുമായുള്ള ഡീൽ ആണ് നടന്നത്. ലാവ്‌ലിൻ കമ്പനിക്ക് ഷെയറുള്ള സ്ഥാപനത്തിന് ബോണ്ടുകൾ വിൽക്കുന്നത് ദുരൂഹമാണെന്നും അന്നു ഞാൻ പറഞ്ഞിരുന്നു. കേന്ദ്രത്തിന്റെ അനുമതിയില്ലാതെ സംസ്ഥാനത്ത് ഈ രീതിയിൽ പണം സമാഹരിക്കാൻ കഴിയില്ല. വലിയ സാമ്പത്തിക ലാഭം ചിലർക്ക് ഉണ്ടായിട്ടുണ്ട്. നോട്ടീസ് കൊടുത്തത് ശരിയായ നടപടിയാണ്”- രമേശ് ചെന്നിത്തല പറഞ്ഞു.

(ശേഷം 34-ാം പേജിൽ)

# അതിജീവിതയെ അധിക്ഷേപിച്ച കേസ്: രാഹുൽ ഈശ്വറിനെ അറസ്റ്റ് ചെയ്തു

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ പീഡിപ്പിച്ചെന്ന് പരാതിനൽകിയ യുവതിയെ തിരിച്ചറിയുംവിധം സാമൂഹികമാധ്യമങ്ങളിലൂടെ പരാമർശം നടത്തിയതിനും അധിക്ഷേപിച്ചതിനും രാഹുൽ ഈശ്വർ അറസ്റ്റിലായി. ക്രമസമാധാന വിഭാഗം എഡിജിപി എച്ച്. വെങ്കിടേഷിന് അതിജീവിത നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

സമൂഹമാധ്യമത്തിലൂടെ അധിക്ഷേപിച്ചെന്ന യുവതിയുടെ പരാതിയിലെടുത്ത കേസിൽ അറസ്റ്റുചെയ്ത രാഹുൽ ഈശ്വറിനെ സൈബർ പോലീസ് പൗഡിക്കോണത്തെ വീട്ടിലെത്തിച്ചു തെളിവെടുപ്പ് നടത്തി. യുവതിയെ അധിക്ഷേപിക്കുന്ന വീഡിയോ ദൃശ്യങ്ങളുണ്ടെന്നു കരുതുന്ന ലാപ്ടോപ് കണ്ടെത്താൻ പരിശോധന നടത്തി.



ലാപ്ടോപ് ഓഫീസിലാണെന്നാണ് രാഹുൽ ആദ്യം പോലീസിനോട് പറഞ്ഞത്. നവംബർ 30-ന് രാഹുൽ പുറത്തുവിട്ട വീഡിയോയിൽ ലാപ്ടോപ് വീട്ടിൽനിന്ന് മാറ്റുകയാണെന്ന് പറഞ്ഞിരുന്നു. ലാപ്ടോപ് കണ്ടെത്താനാണ് രാഹുലിനെ വീട്ടിലെത്തിച്ചത്. കേസിലെ പ്രധാന തെളിവാണ് ലാപ്ടോപ്. തെളിവെടുപ്പിനുശേഷം കോടതിയിൽ ഹാജരാക്കും. രാഹുൽ മാങ്കൂട്ടത്തിലിന് അനുകൂലമായി വീഡിയോ ചിത്രീകരിക്കുന്നത് തുടരുമെന്ന് രാഹുൽ മാധ്യമങ്ങളോട് പറഞ്ഞു.

ആളെ തിരിച്ചറിയാൻ സാധിക്കുംവിധമുള്ള വിവരങ്ങൾ പങ്കുവെച്ചതായി ആരോപിച്ച് രാഹുൽ ഈശ്വർ, കോൺഗ്രസ് നേതാവ് സന്ദീപ് വാരിയർ എന്നിവരടക്കം ആറ് പേർക്കെതിരെയാണ് കേസെടുത്തത്. യുവതിയുടെ വ്യക്തിത്വം വെളിപ്പെടുത്തൽ, സ്ത്രീത്വത്തെ അപമാനിക്കൽ, ഭീഷണിപ്പെടുത്തൽ, (ശേഷം 34-ാം പേജിൽ)

# ഇസ്രയേൽ-പലസ്തീൻ പ്രശ്നം: ദ്വിരാഷ്ട്ര ഫോർമുലയാണ് ഉചിതമെന്ന് മാർപാപ്പ

ഇസ്താംബൂൾ: ഇസ്രയേൽ-പലസ്തീൻ സംഘർഷം പരിഹരിക്കാൻ ദ്വിരാഷ്ട്ര ഫോർമുലയാണ് ഉചിതമെന്ന് ലെയോ പതിനാലാമൻ മാർപാപ്പ. തുർക്കി സന്ദർശനം പൂർത്തിയാക്കി ലബനനിലേക്കുള്ള യാത്രയ്ക്കിടെ വിമാനത്തിൽ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കു മറുപടി നല്കുകയായിരുന്നു മാർപാപ്പ. ദ്വിരാഷ്ട്ര ഫോർമുലയെന്ന വത്തിക്കാൻ നിലപാടിനു തുർക്കി പിന്തുണ നല്കുന്നുവെന്നും പ്രശ്നപരിഹാരത്തിന് തുർക്കിക്ക് പല കാര്യങ്ങളും ചെയ്യാനാകുമെന്നും മാർപാപ്പ ചൂണ്ടിക്കാട്ടി. ഗാസ, യുക്രെയ്ൻ യുദ്ധങ്ങൾ സംബന്ധിച്ച് തുർക്കി പ്രസിഡണ്ടുമായി ചർച്ച നടത്തിയെന്ന് മാർപാപ്പ വെളിപ്പെടുത്തി.

തന്റെ തുർക്കി സന്ദർശനത്തിന്റെ അവസാനദിവസം രാവിലെ മാർപാപ്പ അർമേനിയൻ അപ്പസ്തോലിക സഭയുടെ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്തു. അർമേനിയൻ ജനതയുടെ വീരോചിതമായ സഹനത്തെ പ്രകീർത്തിച്ച മാർപാപ്പ വംശഹത്യക്കിരയായ രക്തസാക്ഷികൾക്ക് ആദരമർപ്പിക്കുന്നതായി പ്രസ്താവിച്ചു. മാർപാപ്പയുടെ സന്ദർശനത്തിനു നന്ദി പറഞ്ഞ പാത്രിയർക്കീസ് സഹാക്ക് രണ്ടാമൻ മസ്ഹാലിയൻ എക്യുമെനിക്കൽ സംരംഭങ്ങളുടെ പ്രാധാന്യം എടുത്തുപറഞ്ഞു. തുടർന്ന് ഇസ്താംബൂളിലെ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമ്യോ ഒന്നാമൻ സെന്റ് ജോർജ് പാത്രിയർക്കൽ പള്ളിയിൽ അർപ്പിച്ച വിശുദ്ധ കുർബാനയിൽ മാർപാപ്പ സന്നിഹിതനായിരുന്നു. ക്രൈസ്തവരുടെ ഐക്യം എന്നത്തേയുംകാൾ ഇന്നു കൂടുതൽ ആവശ്യമാണെന്നും മാർപാപ്പ ചൂണ്ടിക്കാട്ടി. മാർപാപ്പയും പാത്രിയർക്കീസും ചേർന്ന് പാത്രിയാർക്കൽ വസതിയുടെ ബാൽക്കണിയിൽ നിന്ന് വിശ്വാസികളെ ആശീർവദിക്കുകയും രണ്ടുപേരും ചേർന്ന് എക്യുമെനിക്കൽ രേഖയിൽ ഒപ്പുവെക്കുകയും ചെയ്തു.



ലബനൻ പ്രസിഡണ്ടിന്റെ കൊട്ടാരത്തിൽ സംഘടിപ്പിച്ച സ്വീകരണച്ചടങ്ങിൽ ലെയോ പതിനാലാമൻ മാർപാപ്പ സംസാരിക്കുന്നു. പ്രസിഡണ്ട് ജോസഫ് ആഊൻ സമീപം.

(ശേഷം 34-ാം പേജിൽ)

# എസ്ഐആർ സമയപരിധി നീട്ടിവെച്ചു; ഫോം ഒപ്പിട്ടാൽ കരടുപട്ടികയിൽ

ന്യൂഡൽഹി: കേരളമടക്കമുള്ള 12 സംസ്ഥാനങ്ങളിൽ വോട്ടർപട്ടികയിലെ പ്രത്യേക തീവ്രപരിഷ്കരണത്തിന്റെ (എസ്ഐആർ) സമയപരിധി ഒരാഴ്ചകൂടി നീട്ടി. പുതിയ ഉത്തരവ് പ്രകാരം ഡിസംബർ 11 വരെ ഫോമുകൾ വിതരണം ചെയ്യാം. എന്യൂമറേഷൻ ഫോം പൂരിപ്പിച്ചില്ലെങ്കിലും ഒപ്പുവെച്ചു തിരികെ നൽകുന്ന എല്ലാവരെയും സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ (എസ്ഐആർ) കരടുപട്ടികയിൽ ഉൾപ്പെടുത്തുമെന്ന് കേരളത്തിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ (സിഇഒ) ഡോ. രത്തൻ യു. ഖേൽകർ അറിയിച്ചു. എന്യൂമറേഷൻ ഫോമിൽ ചില വിവരങ്ങൾ നേരത്തേതന്നെ ഉണ്ടെന്നും അതാണ് ആദ്യ ഭാഗത്ത് അപേക്ഷകർ പൂരിപ്പിക്കുന്നതെന്നും സിഇഒ വിശദീകരിച്ചു. കരട് വോട്ടർപട്ടിക ഡിസംബർ 16-ന് പ്രസിദ്ധീകരിക്കും. കരട് വോട്ടർപട്ടിക സംബന്ധിച്ച പരാതികൾ ഉന്നയിക്കാൻ ഡിസംബർ 16 മുതൽ 2026 ജനുവരി 15 വരെ ഒരു മാസം സമയം ഉണ്ട്. അന്തിമ വോട്ടർപട്ടിക ഫെബ്രുവരി 14-ന് പ്രസിദ്ധീകരിക്കും. ഇത് സംബന്ധിച്ച നിർദേശം അതത് സംസ്ഥാനങ്ങളിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകി.

ഡിസംബർ നാലിനുള്ളിൽ ഫോം വിതരണം പൂർത്തിയാക്കി ഡിസംബർ ഒൻപതിന് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കാനായിരുന്നു നിലവിലുള്ള നിർദേശം. കേരളത്തിൽ തദ്ദേശ സ്വയംഭരണ (ശേഷം 34-ാം പേജിൽ)

## തദ്ദേശ തെരഞ്ഞെടുപ്പ്:
# തീവ്ര പ്രചാരണത്തിലേക്ക് സ്ഥാനാർത്ഥികൾ

കോട്ടയം: തദ്ദേശ തെരഞ്ഞെടുപ്പ് സജീവ പ്രചാരണത്തിന് ഒരാഴ്ച ശേഷിക്കെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥാനാർത്ഥികളുടെ ഭവനസന്ദർശനം രണ്ടാം വട്ടം പിന്നിടുന്നു. ഒട്ടുമിക്ക വാർഡുകളിലും ശക്തമായ ത്രികോണമത്സരത്തിന്റെ പ്രതീതിയാണ്.

ശരാശരി മുന്നൂറു വീടുകളും 1200 വോട്ടർമാരുമാണ് ഒരു ഗ്രാമപഞ്ചായത്ത് വാർഡിലുള്ളത്. വോട്ടർമാരെ പരമാവധി നേരിൽ കാണാൻ സ്ഥാനാർത്ഥികൾ രണ്ടും മൂന്നും തവണ വീടുകളിലെത്തണം.

അതിനാൽ ശനി, ഞായർ ദിവസങ്ങളിലാണ് സ്ഥാനാർത്ഥിയും പ്രവർത്തകരും ഏറ്റവുമധികം വീടു കയറുക. അഞ്ചു കിലോമീറ്റർ വരെ വിസ്തൃതമാണ് ഗ്രാമപഞ്ചായത്ത് വാർഡുകൾ.

മലയോരമേഖലയിൽ പുഴയും തോടും കാടും കയറ്റവും ഇറക്കവുമുള്ള ദുർഘട പ്രദേശങ്ങളിലെ പ്രചാരണം ഏറെ കഠിനമാണ്. പകൽ ചൂടും വൈകുന്നേരം മഴയും. ഒന്നാംഘട്ടം സ്ഥാനാർത്ഥി പ്രസ്താവന വിതരണത്തിനു പിന്നാലെ ഫ്ളക്സുകളും ബോർഡുകളും പോസ്റ്ററുകളുംകൊണ്ട് ഓരോ കവലയും അലങ്കരിച്ചിരിക്കുന്നു.

ബ്ലോക്ക് ഡിവിഷനുകളിൽ സ്ഥാനാർത്ഥികൾ ഓട്ടപ്രദക്ഷിണത്തിലാണ്. പഞ്ചായത്തിലെ ഏഴും എട്ടും വാർഡുകൾ ചേർന്നതാണ് ബ്ലോക്ക് ഡിവിഷൻ. ഓരോ വാർഡിലെയും പ്രമുഖരെ നേരിൽ കണ്ടും കൂടുതൽ വോട്ടർമാരുള്ള സ്ഥാപനങ്ങളിൽ സന്ദർശനം നടത്തിയും വാർഡുതല കൺവൻഷനുകളിൽ പങ്കെടുത്തുമാണ് ബ്ലോക്ക് സ്ഥാനാർത്ഥികളുടെ പ്രചാരണം.

അവസാനദിവസം മൈക്ക് പ്രചാരണം ഉൾപ്പെടെ തെരഞ്ഞെടുപ്പ് ഉത്സവം കെങ്കേമമാക്കും. ഒരു നിയമസഭാ നിയോജകമണ്ഡലത്തിന്റെ പകുതിയോളം വരും ജില്ലാ പഞ്ചായത്ത് ഡിവിഷൻ. ഒരു വട്ടം നഗരങ്ങളിലും കവലകളിലും നേരിട്ട് സന്ദർശനത്തിനുശേഷം സ്ഥാനാർത്ഥികൾ ജീപ്പ് പ്രചാരണത്തിലാണ്. കവലകളിൽ ചെറുപ്രസംഗങ്ങളും വോട്ട് അഭ്യർത്ഥനയുമായി സ്ഥാനാർത്ഥികൾ സജീവമാണ്.

നഗരസഭാ വാർഡുകളിൽ നേരിട്ടുള്ള വോട്ടഭ്യർത്ഥനയ്ക്കു പുറമേ സോഷ്യൽ മീഡിയ സാധ്യതകളും സ്ഥാനാർത്ഥികൾ പ്രയോജനപ്പെടുത്തുന്നു. തദ്ദേശ പ്രചാരണത്തിലെ ചെലവ് ഏറെ സ്ഥാനാർത്ഥികൾക്കും താങ്ങാനാകുന്നില്ല. സിപിഎം, സിപിഐ, ബിജെപി തുടങ്ങിയ പാർട്ടികൾ ഇലക്ഷൻ ചെലവ് പൂർണമായോ ഭാഗികമായോ വഹിക്കുമ്പോൾ മറ്റ് പാർട്ടികളിൽ ഭാരിച്ച ചെലവ് സ്ഥാനാർത്ഥികൾ നേരിട്ട് വഹിക്കണം.

ഇലക്ഷൻ കമ്മീഷൻ നിർദേശിക്കുന്ന സാമ്പത്തിക ചെലവിൽ പ്രചാരണം മുന്നോട്ടു പോകില്ലെന്ന് സ്ഥാനാർത്ഥികൾ പറയുന്നു. ഗ്രാമപഞ്ചായത്ത് വാർഡിൽ കുറഞ്ഞത് ഒന്നര ലക്ഷവും ബ്ലോക്കിൽ മൂന്നര ലക്ഷവും ജില്ലാ പഞ്ചായത്തിൽ പത്തു ലക്ഷവും രൂപ വേണ്ടിവരുന്നതായാണ് കണക്കു നിരത്തി ഇവർ പറയുന്നത്. ഏഴാം തീയതിയോടെ വീടുകളിൽ വോട്ടിംഗ് സ്ലിപ്പ് നൽകാൻ പ്രവർത്തകർ അവസാന വട്ടം വീടുകൾ കയറും.

## യുഎസുമായി 7995 കോടിയുടെ കരാർ

ന്യൂഡൽഹി: നാവിക സേനയുടെ അത്യാധുനിക എംഎച്ച് 60 ആർ ഹെലിക്കോപ്ടറുകളുടെ പരിപാലനത്തിനും സാങ്കേതിക നടത്തിപ്പിനും അഞ്ചു വർഷത്തേക്ക് അമേരിക്കൻ സഹായം ഉറപ്പാക്കാനുള്ള കരാറിൽ ഇന്ത്യയും അമേരിക്ക ഒപ്പുവെച്ചു. 7995 കോടിയുടേതാണ് കരാർ. ഹെലികോപ്ടറുകളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സമഗ്ര പാക്കേജാണിത്. കരാർ പ്രകാരം 24 ഹെലികോപ്ടർ കൂടി ഇന്ത്യക്ക് ലഭിക്കും. നേരത്തെ ഇതേ ശ്രേണിയിൽപ്പെട്ട 15 ഹെലിക്കോപ്ടറുകൾ കൈമാറിയിരുന്നു.

സ്പെയർ പാർട്സുകളുടെ ലഭ്യത ഉറപ്പാക്കൽ, അറ്റകുറ്റപ്പണികൾക്കും പരിശോധനയ്ക്കുള്ള ഉപകരണം, ജീവനക്കാർക്കുള്ള സാങ്കേതിക പരിശീലനം, അറ്റകുറ്റപ്പണിയും പുനഃസ്ഥാപിക്കലും തുടങ്ങിയ കാര്യങ്ങളിൽ അമേരിക്ക ഇന്ത്യൻ നാവികസേനയെ സഹായിക്കും.

## വാട്സാപ്പിനും ടെലിഗ്രാമിനും സിം; വിദേശയാത്ര വിഷമത്തിലാകും

ന്യൂഡൽഹി: വാട്സാപ്പും ടെലിഗ്രാമും പോലെയുള്ള ആപ്പുകൾ ഉപയോഗിക്കാൻ രജിസ്റ്റേഡ് സിം കാർഡ് ഫോണിലുണ്ടായിരിക്കണമെന്ന വ്യവസ്ഥ നടപ്പാക്കുന്നത് വിദേശയാത്ര ചെയ്യുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കിയേക്കും. ഫെബ്രുവരി 28-നു മുൻപ് ഇതു നടപ്പാക്കാനാണ് കമ്പനികളോട് കേന്ദ്ര സർക്കാർ നിർദേശിച്ചിരിക്കുന്നത്. നിലവിൽ പലരും വിദേശത്തെത്തിയശേഷം സ്വന്തം സിം കാർഡിനു പകരം ആ രാജ്യത്തെ താൽക്കാലിക സിം വാങ്ങാറുണ്ട്. ഇത്തരത്തിൽ സിം മാറിയാൽ വാട്സാപ് പോലെയുള്ള ആപ്പുകൾ ഉപയോഗിക്കാൻ കഴിഞ്ഞേക്കില്ല. മാറിയിട്ടാലും ആറ് മണിക്കൂറിൽ വീണ്ടും ഇന്ത്യൻ സിം ഇടേണ്ടതായി വരാമെന്നാണ് അറിയുന്നത്. അല്ലെങ്കിൽ ലോഗ്ഔട്ട് ആകാം.

താൽക്കാലിക സിം എടുക്കാതെ ഇന്ത്യൻ സിം തന്നെ ഫോണിലുണ്ടെങ്കിൽ വൈഫൈ വഴി ഇത്തരം ആപ്പുകൾ ഉപയോഗിക്കുന്നതിന് തടസ്സം വരില്ല. ഇതിനു റോമിങ് പ്ലാനും ആവശ്യമില്ലെന്നാണ് ടെലികോം വകുപ്പ് വൃത്തങ്ങൾ സൂചിപ്പിക്കുന്നത്. ഇലക്ട്രോണിക്-സിം (ഇ-സിം) ഉപയോഗിക്കുന്നവർക്കും വാട്സാപ് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടാകില്ല.

നിലവിൽ വാട്സാപ് പോലെയുള്ള ആപ്പുകളിൽ രജിസ്റ്റർ ചെയ്യുമ്പോൾ സിം വെരിഫിക്കേഷൻ ആവശ്യമാണെങ്കിലും തുടർന്ന് ഉപയോഗിക്കാൻ അതേ സിം ആവശ്യമില്ല. സിം കാർഡ് ഇല്ലെങ്കിൽ ആപ് ഉപയോഗിക്കാൻ കഴിയാത്ത തരത്തിലേക്ക് ഫെബ്രുവരി 28-നകം സാങ്കേതിക സംവിധാനം (സിം ബൈൻഡിങ്) കമ്പനികൾ മാറ്റണമെന്നാണ് കേന്ദ്ര നിർദേശം. ഓരോ നിമിഷവും ഫോണിൽ സിം കാർഡ് ഉണ്ടെന്ന് വെരിഫൈ ചെയ്യുന്ന തരത്തിലായിരിക്കും സംവിധാനമെന്നു ചുരുക്കം. സിം ഫോണിൽനിന്ന് മാറിയാൽ ആപ് പ്രവർത്തനം നിലയ്ക്കും. ചിലരുടെ സിം കാർഡ് ഒരു ഫോണിലും അവരുടെ വാട്സാപ് മറ്റൊരു ഫോണിലുമായിരിക്കും.

പുതിയ ചട്ടം നടപ്പാക്കുമ്പോൾ വാട്സാപ് ഉള്ള ഫോണിൽ തന്നെ സിം കാർഡ് ഉപയോഗിക്കേണ്ടതായി വരും. ഒരേ വാട്സാപ് അക്കൗണ്ട് ഒന്നിലധികം ഫോണിൽ ഉപയോഗിക്കാവുന്ന സംവിധാനം നിലവിലുണ്ട്. രജിസ്ട്രേഡ് സിം ഇല്ലാത്ത ഫോണുകളിൽ ഓരോ ആറുമണിക്കൂർ കൂടുമ്പോഴും അക്കൗണ്ട് ലോഗ് ഔട്ട് ആകാൻ ഇടയുണ്ട്. അത്തരം സന്ദർഭങ്ങളിൽ വീണ്ടും ലോഗിൻ ചെയ്യേണ്ടതായി വരും.

## കാനത്തിൽ ജമീല എംഎൽഎ അന്തരിച്ചു



കോഴിക്കോട്: കൊയിലാണ്ടി എംഎൽഎയും മുൻ ജില്ലാപഞ്ചായത്ത് പ്രസിഡണ്ടുമായ കാനത്തിൽ ജമീല (59) അന്തരിച്ചു. കാൻസർ ബാധിതയായി കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കബറടക്കം ചൊവ്വാഴ്ച വൈകിട്ട് അത്തോളി കുനിയിൽകടവ് ജുമാ മസ്ജിദ് ഖബറിസ്ഥാനിൽ.

മലബാറിൽ നിന്നുള്ള ആദ്യ മുസ്‌ലിം വനിതാ എംഎൽഎയാണ്. 1995-ൽ തലക്കുളത്തൂരിൽ ആദ്യമായി മത്സരിച്ച പഞ്ചായത്ത് പ്രസിഡണ്ടായി. 2005 മുതൽ 2010 വരെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും 2010-ൽ ജില്ലാപഞ്ചായത്ത് പ്രസിഡണ്ടുമായി. 2020-ൽ വീണ്ടും ജില്ലാപഞ്ചായത്ത് പ്രസിഡണ്ടായെങ്കിലും രാജിവെച്ച് 2021 നിയമസഭാ തെരഞ്ഞെടുപ്പിൽ കൊയിലാണ്ടിയിൽ മത്സരിച്ച് എംഎൽഎ ആയി. 2025-മാർച്ചിലെ നിയമസഭാ സമ്മേളനത്തിനിടെ അസുഖം സ്ഥിരീകരിച്ചതിനെ തുടർന്ന് ചികിത്സയിലായിരുന്നു. ചികിത്സയ്ക്കുശേഷം വീണ്ടും പൊതുപരിപാടികളിൽ സജീവമായിരുന്നു. കേരള നിയമസഭയിൽ അംഗമായിരിക്കെ അന്തരിച്ച ആദ്യവനിതയാണ് ജമീല.

## ഉയർന്ന പിഎഫ് പെൻഷൻ: കേന്ദ്രനിർദേശം അട്ടിമറിച്ചു

ന്യൂഡൽഹി: സുപ്രീംകോടതി വിധിച്ച ഉയർന്ന പി.എഫ്. പെൻഷൻ അട്ടിമറിക്കാൻ കേന്ദ്രസർക്കാരിന്റെ നിർദേശം വരെ ഇപിഎഫ്ഒ അവഗണിച്ചതായി തെളിവ്. തൊഴിൽ മന്ത്രാലയത്തിലെ അണ്ടർ സെക്രട്ടറി 2023 മെയ് 31-ന് കേന്ദ്ര പ്രോവിഡണ്ട് ഫണ്ട് കമ്മീഷണർക്ക് എഴുതിയ കത്തിലാണ് ഇക്കാര്യങ്ങൾ വ്യക്തമാകുന്നത്.

ഉയർന്ന പെൻഷനു വേണ്ടി അധികശമ്പളവിഹിതം പിടിക്കുന്നതിന് ഇപിഎഫ്ഒ സ്വയം പ്രശ്നങ്ങൾ സൃഷ്ടിച്ചതാണെന്ന് കത്തിൽ കുറ്റപ്പെടുത്തുന്നു. മാത്രവുമല്ല, വിരമിക്കുന്നതിന്റെ തൊട്ടു മുമ്പുള്ള 60 മാസത്തെ ശമ്പളത്തിന്റെ ശരാശരിയെ അടിസ്ഥാനമാക്കി വേണം പെൻഷൻ കണക്കാക്കാനെന്ന് തൊഴിൽമന്ത്രി നിർദേശിച്ചതായും കത്തിലുണ്ട്.

കത്തയച്ചതിനു പിറ്റേന്ന് ഇക്കാര്യങ്ങൾ അംഗീകരിച്ച് ഇപിഎഫ്ഒ സർക്കുലർ ഇറക്കി. 2014 സെപ്റ്റംബർ ഒന്നിനുശേഷം പെൻഷൻ നല്കിത്തുടങ്ങുന്നവർക്ക് അവസാനത്തെ അറുപതു മാസത്തെ ശമ്പളത്തിന്റെ ശരാശരിയായിരിക്കും അടിസ്ഥാനമാക്കുകയെന്ന് 2023 ജൂൺ ഒന്നിന് ഇറക്കിയ സർക്കുലറിൽ പറയുന്നു. അതിനു മുൻപ് പെൻഷൻ ആരംഭിക്കുന്നവർക്ക് അവസാനത്തെ 12 മാസത്തിന്റെ ശരാശരിയും.

എന്നാൽ, പിന്നീടാണ് യഥാർത്ഥ ശമ്പളത്തെ അടിസ്ഥാനമാക്കിയുള്ള ഉയർന്ന പെൻഷൻ അട്ടിമറിക്കാൻ പ്രോ റേറ്റ രീതി ഇപിഎഫ്ഒ (എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ) അവലംബിച്ചത്. ഇക്കാര്യം വ്യക്തമാക്കി ഈ വർഷം ജനുവരി 18-ന് ഇപിഎഫ്ഒ സർക്കുലറും ഇറക്കി.

അവസാനത്തെ 60 മാസത്തെ ശമ്പളത്തിന്റെ ശരാശരിയെടുത്ത് പെൻഷൻ കണക്കാക്കുന്നതിന് പകരം 2014 സെപ്റ്റംബർ ഒന്നിനു മുൻപും ശേഷവുമുള്ള സർവീസുകളെ രണ്ടായി പരിഗണിക്കുന്ന പ്രോറേറ്റ രീതി അവലംബിച്ചതോടെ പെൻഷൻ ഗണ്യമായി കുറഞ്ഞു. കാരണം, 2014-ലെ ശമ്പളത്തെ അടിസ്ഥാനമാക്കിയാണ് അതിനു മുൻപുള്ള സേവനകാലയളവിലെ പെൻഷൻ കണക്കാക്കുന്നത്.

2022 നവംബർ നാലിനാണ് പി.എഫ്. അംഗങ്ങൾക്ക് ഉയർന്ന പെൻഷൻ നല്കാൻ സുപ്രീംകോടതി വിധിച്ചത്. അതിനുശേഷം 2023 മെയ് വരെ 15.9 ദശലക്ഷം നിക്ഷേപകരിൽ ഒന്നുപോലും ഇപിഎഫ്ഒ യോഗ്യതയുള്ളതായി കണക്കാക്കാത്തതിനു കാരണം അവർ സൃഷ്ടിച്ച പ്രശ്നങ്ങളാണെന്നാണ് കുറ്റപ്പെടുത്തുന്നത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 49
December 01, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ചിന്തിക്കുന്നിടത്തോളമേ മനുഷ്യനു ദുരിതമുള്ളൂ.
**പെനാരിയോ**

ഓർത്തു ദുഃഖിക്കുന്നതിനേക്കാൾ നല്ലതു മറന്നു ചിരിക്കുന്നതാണ്.
**റോസെറ്റി**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


DOULOS BIBLICAL SEMINARY
VECHOOCHIRA, RANNI
DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
ZOOM
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PR. DR. V. P. JOSE
PRINCIPAL
PR. DR. JOHN. K. MATHEW
VICE. PRINCIPAL
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS IN CHRISTIAN MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ആശുപത്രികളിൽ പണം നൽകാത്തതിന്റെ പേരിൽ ആദ്യ ചികിത്സ നിഷേധിക്കരുത്: ഹൈക്കോടതി

കൊച്ചി: മുൻകൂർ പണം നൽകാത്തതിന്റെയോ രേഖകളില്ലാത്തതിന്റെയോ പേരിൽ ഒരാശുപത്രിയും ജീവൻ രക്ഷിക്കാനുള്ള ആദ്യ ചികിത്സ നിഷേധിക്കരുതെന്ന് ഹൈക്കോടതി. കൂടുതൽ സൗകര്യമുള്ള ആശുപത്രിയിലേക്കു മാറ്റണമെങ്കിൽ കൃത്യമായ രേഖകളോടെ സുരക്ഷിതമായി അതിനുള്ള നടപടികൾ കൈക്കൊള്ളുകയും വേണം. ചികിത്സാനിരക്ക് ആശുപത്രികളിൽ എല്ലാവർക്കും കാണാനാകുംവിധം മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിക്കണമെന്നുൾപ്പെടെ നിർദേശിക്കുന്ന കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റഗുലേഷൻ) നിയമം ശരിവെച്ചുള്ള ഉത്തരവിലാണു ഡിവിഷൻ ബെഞ്ചിന്റെ മാർഗനിർദേശങ്ങൾ.

ഇതു സംബന്ധിച്ച സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ കേരള പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷനും ഐഎംഎ സംസ്ഥാന ഘടകവും ഹോസ്പിറ്റൽ ബോർഡ് ഓഫ് ഇന്ത്യയും നൽകിയ അപ്പീൽ തള്ളി. നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു പുറമേ കൂടുതൽ മാർഗനിർദേശങ്ങൾ ജസ്റ്റിസ് സുശ്രുത് അരവിന്ദ് ധർമാധികാരി, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് പുറപ്പെടുവിക്കുകയും ചെയ്തു.

ഡോക്ടർമാരടക്കം എല്ലാ ജീവനക്കാരുടെയും വിശദാംശങ്ങൾ നൽകണം. ഓരോ ചികിത്സയ്ക്കുമുള്ള നിരക്ക് പരസ്യപ്പെടുത്തണം തുടങ്ങിയ വ്യവസ്ഥകളെയാണ് ഹർജിക്കാർ എതിർത്തത്. പല വ്യവസ്ഥകളും അവ്യക്തമാണെന്നും വാദിച്ചു. എന്നാൽ, വ്യവസ്ഥകൾ വ്യക്തവും രാജ്യാന്തര മാനദണ്ഡങ്ങളോടു ചേർന്നു നിൽക്കുന്നവയുമാണെന്നു കോടതി വിലയിരുത്തി. എട്ട് വർഷമായിട്ടും നിയമം നടപ്പാക്കാത്തതിനെ വിമർശിക്കുകയും ചെയ്തു.

ഗുരുതര കേസുകളിൽ ചികിത്സാച്ചെലവ് മുൻകൂട്ടി നിശ്ചയിക്കാനാകില്ലെന്ന വാദം കോടതി തള്ളി. എല്ലാ ആശുപത്രികളിലും നിയമം നടപ്പാക്കുന്നതിനായി 30 ദിവസത്തിനകം രേഖാമൂലം ജില്ലാ രജിസ്റ്ററിങ് അതോറിറ്റിയെ അറിയിക്കണം.

വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിനായി ഉത്തരവിന്റെ പകർപ്പ് ചീഫ് സെക്രട്ടറിക്കും ഡിജിപിക്കും നൽകണം. ഇവർ വിജ്ഞാപനമിറക്കുകയും നിർദേശങ്ങൾ ഒരു മാസം മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പത്ര, ദൃശ്യ മാധ്യമങ്ങളിൽ പരസ്യപ്പെടുത്തുകയും വേണം. നടപടി റിപ്പോർട്ട് ഒരുമാസത്തിനകം സമർപ്പിക്കണമെന്നും ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു.

# ഭരണഘടനയുടെ വാർഷിക ദിനാചരണം നടത്തി

ന്യൂഡൽഹി: ഭരണഘടനയുടെ 76-ാം വാർഷികം ആഘോഷിച്ചു. ഭരണഘടന അംഗീകരിച്ച പഴയ പാർലമെന്റ് മന്ദിരത്തിലെ സെൻട്രൽ ഹാളിലായിരുന്നു പ്രധാന ചടങ്ങ്. രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവരുടെ സാന്നിധ്യത്തിൽ അംഗങ്ങൾ ഭരണഘടനയുടെ ആമുഖം ഏറ്റുചൊല്ലി. മലയാളം ഉൾപ്പെടെ ഒൻപത് ഭാഷകളിൽ ഭരണഘടനയുടെ പരിഭാഷ രാഷ്ട്രപതി പുറത്തിറക്കി.



അടിമത്ത മനോഭാവത്തെ തിരസ്കരിക്കുന്നതാണ് ഭരണഘടനയെന്നും ലോകത്തിനു മുന്നിൽ ഇന്ത്യ വികസനത്തിന്റെ പുതിയ മാതൃക സൃഷ്ടിക്കുകയാണെന്നും ദ്രൗപതി മുർമു പറഞ്ഞു.

പിന്നാക്ക സാഹചര്യത്തിൽ നിന്ന് താൻ പ്രധാനമന്ത്രിയായത് ഭരണഘടനയുടെ ശക്തികൊണ്ടാണെന്ന് സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ച കത്തിൽ പ്രധാനമന്ത്രി കുറിച്ചു.

ഭരണഘടന സുരക്ഷിതമായിരിക്കുന്നിടത്തോളം കാലം ഓരോ ഇന്ത്യക്കാരന്റെയും അവകാശങ്ങൾ സുരക്ഷിതമാണെന്നായിരുന്നു രാഹുൽ ഗാന്ധിയുടെ പ്രതികരണം. ഭരണഘടനയുടെ സംരക്ഷണത്തിനു മുന്നിൽനിന്നു പോരാടുമെന്നും പറഞ്ഞു.

ജനാധിപത്യം ഇന്ത്യക്ക് പുതിയ ആശയമല്ലെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനും ഭരണഘടനയാണ് രാജ്യത്തെ മുന്നോട്ടു നയിക്കുന്നതെന്നു ലോക്സഭാ സ്പീക്കർ ഓം ബിർലയും പറഞ്ഞു. സുപ്രീംകോടതിയിൽ നടന്ന ചടങ്ങുകൾക്ക് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് നേതൃത്വം നല്കി.

# ഓരോ പത്തുമിനിറ്റിലും ഓരോ സ്ത്രീ കൊല്ലപ്പെടുന്നു: യുഎൻഒ

ന്യൂയോർക്ക്: ഓരോ പത്തുമിനിറ്റിലും ഒരു സ്ത്രീയോ പെൺകുട്ടിയോ പങ്കാളികളാലോ ബന്ധുക്കളാലോ കൊല്ലപ്പെടുന്നുവെന്ന് ഐക്യരാഷ്ട്രസഭയുടെ (യുഎൻ) റിപ്പോർട്ട്. ഒരുദിവസം ശരാശരി 137 പേർ ഇത്തരത്തിൽ കൊല്ലപ്പെടുന്നു. കഴിഞ്ഞവർഷം നടന്ന മനഃപൂർവമുള്ള സ്ത്രീഹത്യകളിൽ 60 ശതമാനത്തിലും പ്രതി പങ്കാളിയോ ബന്ധുക്കളോ ആയിരുന്നെന്നും റിപ്പോർട്ട്.

യുണൈറ്റഡ് നേഷൻസ് ഓഫീസ് ഓഫ് ഡ്രഗ് ആൻഡ് ക്രൈം (യുഎൻഒഡിസി), യുഎൻ വുമൺ എന്നിവ സംയുക്തമായാണ് റിപ്പോർട്ട് പുറത്തിറക്കിയത്.

കഴിഞ്ഞവർഷം ലോകത്ത് 83,000 സ്ത്രീകളാണ് മനഃപൂർവമുള്ള ഹത്യക്കിരയായത്. ഇതിൽ 50,000 പേർ പങ്കാളിയുടെയോ ബന്ധുവിന്റെയോ കൈകൊണ്ടാണ് കൊല്ലപ്പെട്ടത്. ഇതേവർഷം കൊല്ലപ്പെട്ട പുരുഷന്മാരിൽ 11 ശതമാനം മാത്രമാണ് പങ്കാളിയുടെയോ ബന്ധുവിന്റെയോ കൈയാൽ മരിച്ചത്.

പ്രിയപ്പെട്ടവരാൽ കൊല്ലപ്പെടുന്ന സ്ത്രീകളുടെ നിരക്ക് ഏറ്റവും കൂടുതൽ ആഫ്രിക്കയിലാണെന്നും റിപ്പോർട്ട് പറയുന്നു. 1,00,000 സ്ത്രീകളിൽ മൂന്നുപേർ എന്ന നിരക്കിലാണിത്. തെക്കും വടക്കും അമേരിക്കകളും (1.5) ഓഷ്യാനിയയുമാണ് (1.4) തൊട്ടുപുറകിൽ. 0.7 നിരക്കുമായി ഏഷ്യ മൂന്നാംസ്ഥാനത്താണ്.

ലോകമെമ്പാടുമുള്ള ഒട്ടേറെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും വീടെന്നത് അപകടകരമായ സ്ഥലമായി തുടരുകയാണെന്നും ഈ സ്ഥിതി മാറ്റാൻ മികച്ച പ്രതിരോധ മാർഗങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ടെന്നും യുഎൻഒഡിസി ആക്ടിങ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺ ബ്രൻഡോലിനോ പറഞ്ഞു.

# ആരോഗ്യരംഗത്തിന് ആശ്വാസമായ വിധി

ആരോഗ്യപരിചരണരംഗത്ത് നിയന്ത്രണ ചട്ടക്കൂടൊരുക്കാനും പൊതുജനാരോഗ്യ താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനുമായി കേരള സർക്കാർ 2018-ൽ കൊണ്ടുവന്ന കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻസ്) നിയമത്തിന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് അംഗീകാരം നൽകിയിരിക്കുന്നു. നേരത്തേ ഈ നിയമം ശരിവെച്ചുകൊണ്ട് ഹൈക്കോടതിയുടെ സിംഗിൾബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും സ്വകാര്യ ആശുപത്രികളുടെ സംഘടനയുംമറ്റും ഡിവിഷൻബെഞ്ചിനെ സമീപിക്കുകയായിരുന്നു. ഈ കടമ്പകൂടി കടക്കാനായത് കേരളത്തിന്റെ ആരോഗ്യകരമായ ഭാവിക്ക് ശുഭസൂചനയായി. അനാരോഗ്യം പിടിമുറുക്കുകയും ചികിത്സയ്ക്കായി വരുമാനത്തിന്റെയും സമ്പാദ്യത്തിന്റെയും നല്ലൊരു പങ്ക് ചെലവിടുകയും ചെയ്യുന്ന സമൂഹമെന്ന നിലയിൽ കേരളത്തിന് ഈ നിയമം അത്യന്തം ആവശ്യമാണ്. ചെറുതും വലുതുമായ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലബോറട്ടറികൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനും സുതാര്യമാക്കാനും ഇതുവഴി സാധിക്കും. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, അവശ്യനിലവാരം എന്നിവ ഉറപ്പുവരുത്താൻ നിയമത്തിനു സാധിക്കും. സ്വകാര്യ താത്പര്യവും പൊതുതാത്പര്യവും സംഘർഷത്തിലാകുമ്പോൾ രണ്ടാമത്തേതാണ് ഉയർത്തിപ്പിടിക്കേണ്ടതെന്ന നിലപാടാണ് കേരളസർക്കാർ കോടതിയിൽ തുടക്കംമുതലേ സ്വീകരിച്ചത്.

2018-ൽ പാസാക്കിയ നിയമം കോവിഡ്കോലത്താണ് ആദ്യമായി ചർച്ച ചെയ്യപ്പെട്ടത്. അന്ന് സ്വകാര്യ ആശുപത്രികൾ കോവിഡ് ബാധിതരിൽനിന്ന് അമിതനിരക്ക് ഈടാക്കിയപ്പോൾ ഈ നിയമം ചൂണ്ടിക്കാട്ടിയായിരുന്നു ഹൈക്കോടതി തടഞ്ഞത്. ഇതിനെത്തുടർന്നാണ് നിയമത്തിന്റെ സാധുതയെ ഐഎംഎ അടക്കമുള്ളവർ ചോദ്യംചെയ്തത്. ചികിത്സനിരക്ക് പ്രസിദ്ധീകരിക്കണമെന്നതടക്കമുള്ള നിർദേശങ്ങൾ അവ്യക്തമാണെന്നായിരുന്നു അപ്പീലിലെ വാദം. ഓരോ രോഗിക്കും ശാരീരികാവസ്ഥ കണക്കിലെടുത്ത് പ്രത്യേക ചികിത്സ നൽകുന്നതിനാൽ പൊതുവായ നിരക്ക് പ്രസിദ്ധീകരിക്കാനാകില്ലെന്നാണ് ഐഎംഎ ചൂണ്ടിക്കാട്ടിയത്. ഇതു കണക്കിലെടുത്താണ് ഓരോന്നിന്റെയും അടിസ്ഥാന നിരക്കുകൾ പ്രസിദ്ധീകരിക്കാൻ കോടതി നിർദേശിച്ചത്. മുൻകൂട്ടി കാണാനാകാത്ത പ്രശ്നങ്ങൾ ഉണ്ടായാൽ അതിനുള്ള ബിൽ പ്രത്യേകമായി നൽകാം. നിരക്ക് പ്രസിദ്ധീകരിക്കുന്നത് ചൂഷണം തടയുന്നതിന് സഹായമാകുമെന്നും രോഗികൾക്ക് ചെലവിന്റെ കാര്യത്തിൽ വ്യക്തതലഭിക്കുമെന്നും കോടതി പറഞ്ഞു.

ഡോക്ടർമാർ അടക്കമുള്ളവരെക്കുറിച്ചുള്ള വിവരങ്ങൾ സ്വകാര്യത ഉറപ്പാക്കിമാത്രം പ്രസിദ്ധീകരിച്ചാൽ മതി. ഇക്കാര്യത്തിൽ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കാൻ സർക്കാരിനോട് നിർദേശിച്ചിട്ടുമുണ്ട്. നിയമം വ്യവസ്ഥ ചെയ്യുന്ന നിയന്ത്രണ അതോറിറ്റിയായ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് കൗൺസിലിന് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കാനുള്ള അധികാരം സംബന്ധിച്ചായിരുന്നു ഹർജിക്കാരുടെ മറ്റൊരു പരിഭവം. എന്നാൽ, ഇക്കാര്യത്തിൽ കൗൺസിലിന് അനിയന്ത്രിത അധികാരമില്ലെന്നും അസാധാരണ സാഹചര്യങ്ങളിലേ രജിസ്ട്രേഷൻ റദ്ദാക്കാനാകൂവെന്ന് നിയമത്തിൽത്തന്നെ നിഷ്കർഷിക്കുന്നുണ്ടെന്നും നേരത്തേ സിംഗിൾ ബെഞ്ച് വ്യക്തമാക്കിയിരുന്നു. സിംഗിൾ ബെഞ്ചിന്റെ നിഗമനങ്ങളെല്ലാം ശരിവെച്ചുകൊണ്ടാണ് ഡിവിഷൻ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചത്. ചില അധികവ്യവസ്ഥകൾ ബെഞ്ച് മുന്നോട്ടുവെക്കുകയും ചെയ്തു.

പൊതുജനാരോഗ്യവും രോഗികളുടെ സുരക്ഷയും ഉറപ്പാക്കുകയാണ് നിയമത്തിന്റെ ലക്ഷ്യമെന്നും സുതാര്യത ഉറപ്പാക്കാനാണ് ചികിത്സനിരക്ക് പ്രസിദ്ധീകരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയതെന്നുമായിരുന്നു സർക്കാർ വാദം. സാമ്പത്തിക ഘടകമടക്കമുള്ള കാരണങ്ങളാൽ അടിയന്തര ചികിത്സ നിഷേധിക്കാനാകില്ലെന്ന് ഡിവിഷൻ ബെഞ്ച് വ്യക്തമാക്കിയിട്ടുണ്ട്. പണമോ രേഖകളോ ഇല്ലെന്നതിന്റെ പേരിൽ ഒരു ആശുപത്രിയും ജീവരക്ഷയ്ക്കുള്ള പ്രാഥമിക ചികിത്സ നിഷേധിക്കരുതെന്ന് ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടത് നിർണായകമാണ്. മെച്ചപ്പെട്ട സൗകര്യമുള്ള ആശുപത്രിയിലേക്കുമാറ്റണമെങ്കിൽ, സുരക്ഷിതമായ മാറ്റം ആദ്യമെത്തിക്കുന്ന ആശുപത്രി ഉറപ്പാക്കണം. രോഗികൾക്കു കൃത്യമായ രേഖകൾ നൽകണമെന്നും കോടതി നിർദേശിച്ചു. രോഗിയുടെ അവകാശങ്ങളും ആശുപത്രിയിൽ ലഭ്യമായ സൗകര്യങ്ങളും എഴുതി പ്രദർശിപ്പിക്കണം. പരാതികൾ സ്വീകരിക്കാൻ നിയോഗിക്കപ്പെട്ട അധികാരിയുടെ പേര്, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ രോഗികൾക്കു നൽകണം. കേന്ദ്രസർക്കാർ 2010-ൽ അംഗീകരിച്ച ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിന്റെ മാതൃകയിലാണ് കേരളവും നിയമം കൊണ്ടുവന്നത്. ഇത് പ്രാബല്യത്തിൽവന്ന 2018 മുതൽ സ്വകാര്യ ആശുപത്രികളും മറ്റും കേസും കൂട്ടവുമായി ഇറങ്ങിയതാണ്. ഇവർ സുപ്രീംകോടതിയെയും സമീപിച്ചേക്കുമെന്നതിനാൽ നിയമം സാർഥകമായി നടപ്പാകുന്നതിന് ഇനിയും കാലതാമസം നേരിട്ടേക്കാം. ഹൈക്കോടതിവിധിയുടെ സാരവും കേരളത്തിലെ പൊതുജനാരോഗ്യതാത്പര്യങ്ങളും കണക്കിലെടുത്ത്, ഈ നിയമയുദ്ധത്തിൽനിന്ന് ഇനിയെങ്കിലും പിന്മാറാൻ സ്വകാര്യ ആശുപത്രികളും ഐഎംഎ പോലുള്ള സംഘടനകളും തയ്യാറായാൽ നല്ലത്.

കേരളാ എക്സ്പ്രസ് KERALA EXPRESS

വാരാന്ത്യം



# ഫോമാ കേരളാ കൺവൻഷൻ ആഗോള മലയാളി സംഗമമാക്കും: ബേബി മണക്കുന്നേൽ

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ ഫെഡറേഷനായ ഫോമായുടെ (ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ്) കേരളാ കൺവൻഷൻ ആഗോള മലയാളി സംഗമമാക്കി മാറ്റുവാനാണ് ശ്രമിക്കുന്നതെന്ന് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ പറഞ്ഞു. കോട്ടയം വിൻഡ്സർ കാസിലിൽ വെച്ച് 2026 ജനുവരി 9-ന് നടക്കുന്ന കേരളാ കൺവൻഷനിൽ കേന്ദ്ര, കേരളാ മന്ത്രിമാർ, ജനപ്രതിനിധികൾ, സാമൂഹ്യ, സാംസ്കാരിക, ചലച്ചിത്ര, ടിവി മേഖലയിലെ പ്രമുഖർ പങ്കെടുക്കും. കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മലയാളി സംഘടനകളുടെ പ്രതിനിധികളും കൺവൻഷന്റെ ഭാഗമാകും. അങ്ങനെ ആഗോള മലയാളി സംഗമമായി ഫോമാ കേരളാ കൺവൻഷനെ മാറ്റുവാനാണ് ശ്രമിക്കുന്നത്. ആയിരത്തിലധികം പ്രതിനിധികൾക്ക് കൺവൻഷൻ വീക്ഷിക്കാവുന്ന ഹാളിലാണ് പരിപാടികൾ ക്രമീകരിക്കുന്നത്. വിവിധ കമ്പനികൾ, സ്പോൺസർമാരുടെ സ്റ്റാളുകളും ഇവിടെയുണ്ടാകും. വൈകിട്ട് ഹാളിന് പുറത്ത് കേരളത്തനിമയിൽ ലൈവ് തട്ടുകട ഉൾപ്പെടെ വിഭവ സമൃദ്ധമായ ഭക്ഷണശാലയും ഉണ്ടായിരിക്കും.

മനോഹരമായ കോട്ടേജുകൾ ഉൾപ്പെടെ നിരവധി സൗകര്യങ്ങളോടെ 20 ഏക്കറിലാണ് വിൻഡ്സർ കാസിൽ സ്ഥിതി ചെയ്യുന്നത്.

കൺവൻഷന്റെ രണ്ടാം ദിവസമായ ജനുവരി 10-ന് വേമ്പനാട്ട് കായലിലൂടെ ഫോമാ പ്രവർത്തകരുടേയും അതിഥികളുടേയും ബോട്ട് യാത്ര നടക്കും. 11-ന് കൊച്ചി ഗോകുലം പാർക്കിൽ വെച്ച് ഫോമാ ബിസിനസ് മീറ്റും നടക്കുന്നതോടെ ഫോമാ 2024 - 2026 ടീമിന്റെ കേരളാ കൺവൻഷൻ സമാപിക്കും.

ഹൂസ്റ്റണിലെ സാമൂഹിക സാംസ്കാരിക രംഗത്ത് നിറഞ്ഞ സാന്നിദ്ധ്യമായ ബേബി മണക്കുന്നേൽ ഫോമായുടെ പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ട ശേഷം രണ്ട് വർഷത്തെ നിരവധി കർമ്മ പരിപാടികൾ പ്രഖ്യാപിക്കുകയും സമയബന്ധിതമായി അവ നടപ്പിലാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. നേതൃത്വമികവിന്റെ സമൃദ്ധമായ പാരമ്പര്യമാണ് ഫോമായെ നയിക്കുന്ന ബേബി മണക്കുന്നേലിന്റേത്.

പിറവത്തുനിന്നും അമേരിക്കയിലേക്കുള്ള യാത്ര ബേബി മണക്കുന്നേലിനെ കൊണ്ടെത്തിച്ചത് നിരവധി സംഘടനകളുടെയും, സാംസ്കാരിക, മത പ്രസ്ഥാനങ്ങളുടെ അമരത്തേക്കാണ്. അവിടെയെല്ലാം തന്റേതായ ഒരു അടയാളപ്പെടുത്തൽ അദ്ദേഹം നടത്തി എന്നതാണ് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥനാക്കുന്ന പ്രധാന കാര്യം. ഫോമായുടെ പ്രസിഡന്റ് ആയ ശേഷവും തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വം അമേരിക്കൻ മലയാളികൾക്കും, കേരളത്തിലെ സാമൂഹ്യ സാംസ്കാരിക ജീവകാരുണ്യ രംഗത്തും സമഗ്രമായി പ്രകടിപ്പിക്കുവാൻ നിരവധി പദ്ധതികളാണ് അദ്ദേഹം ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. അതിന് തനിക്കൊപ്പം ഒരു ടീമിനെ സജ്ജമാക്കുകയും അവർക്കൊപ്പം സജീവമായി നിലകൊള്ളുകയും ചെയ്യുകയാണ് അദ്ദേഹം.

എറണാകുളം ജില്ലയിലെ പിറവത്ത് ജനിച്ച് സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തലയോലപ്പറമ്പ് ഡി.ബി. കോളേജിൽ നിന്ന് കൊമേഴ്സിൽ ഡിഗ്രിയും മാസ്റ്റർ ഡിഗ്രിയും എടുക്കുകയും തുടർന്ന് അദ്ധ്യാപകനായി ഒരു ദശാബ്ദത്തോളം പ്രവർത്തിക്കുകയും, അതിനൊപ്പം രാഷ്ട്രീയ പ്രവർത്തനവും സാമൂഹ്യ പ്രവർത്തനവും ഒപ്പം കൂട്ടുകയും ചെയ്തു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്, ബ്ലോക്ക് വൈസ് പ്രസിഡന്റ്, ഐ.എൻ.ടി.യു.സി പിറവം മേഖലാ പ്രസിഡന്റ് തുടങ്ങിയ നിലയിൽ ശ്രദ്ധേയമായ പ്രവർത്തനം തുടങ്ങുമ്പോൾ നന്നേ ചെറുപ്പം. അക്കാലത്തു തന്നെ പഞ്ചായത്ത് മെമ്പർ , കോ- ഓപ്പറേറ്റീവ് ബാങ്ക് ഭരണ സമിതി അംഗം എന്നീ നിലകളില്ലോം ജനപ്രിയമായ പ്രവർത്തനങ്ങളിൽ സജീവം. 1989-ൽ പിറവം താലൂക്ക് സ്ഥാപിക്കുന്നതിന് വേണ്ടി നിരാഹാര സമരത്തിന്റെ നേതൃത്വനിരയിൽ അണിനിരന്നപ്പോഴും നാടും നാട്ടാരും അവരുടെ നന്മയുമായിരുന്നു അദ്ദേഹത്തിന്റെ മനസിൽ.

മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിൽ മലയാളി സംഘടനാ പ്രവർത്തനം തുടങ്ങിയ അദ്ദേഹം 2005, 2012 കാലയളവിൽ സംഘടനയുടെ പ്രസിഡന്റായി. ഫോമായുടെ രൂപീകരണ സമയം മുതൽ ഒപ്പമുണ്ടായിരുന്ന അദ്ദേഹം 2008-ൽ ഹൂസ്റ്റൺ കൺവൻഷൻ ചെയർമാനായി. നാല് വർഷക്കാലം ഫോമാ സതേൺ റീജിയൺ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചു. ഫോമായുടെ ആദ്യ അന്തർദ്ദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ നടത്തിയപ്പോൾ വിജയത്തിന്റെ കൈയ്യൊപ്പിലൊന്ന് ബേബി മണക്കുന്നേലിനായിരുന്നു.

അമേരിക്കൻ മലയാളികൾ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് ഔദ്യോഗിക ജീവിതത്തിന് ശേഷം വളരെ സുരക്ഷിതമായ ഒരു ജീവിതം. ഈ സാഹചര്യങ്ങളെ കണക്കിലെടുത്ത് അമേരിക്കയിൽ ആദ്യമായി മലയാളികളുടെ ഇടയിൽ ആരംഭിച്ച റിട്ടയർമെന്റ് റിസോർട്ട് എന്ന സംരംഭത്തിന് തുടക്കമിട്ടത് ബേബി മണക്കുന്നേൽ ആയിരുന്നു. ഹൂസ്റ്റണിൽ ക്നാനായ ഹോംസ് എന്ന സംരഭത്തിന്റെ പ്രസിഡന്റ് സ്ഥാനം വഹിക്കുന്ന കാലഘട്ടത്തിലായിരുന്നു ഈ സംരംഭത്തിനും അദ്ദേഹം തുടക്കമിട്ടത്. മിസോറി സിറ്റിയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നാല്പതോളം റിട്ടയർമെന്റ് ഭവനങ്ങൾ നിർമ്മിക്കുവാൻ സാധിച്ചു.

പിറവത്തെ വിധവകളായ, സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന അമ്മമാരെ സഹായിക്കുന്നതിനായി 'അമ്മയോടൊപ്പം' എന്ന ബൃഹത് പദ്ധതിക്ക് അദ്ദേഹം തുടക്കമിട്ടത് ഒരു വലിയ മാതൃകയായി ഇന്നും തുടരുന്നു. രാജീവ് ഗാന്ധി കൾച്ചറൽ ഫോറം എന്ന സാംസ്കാരിക സംഘടനയ്ക്ക് പതിമൂന്ന് വർഷങ്ങൾക്ക് മുൻപ് തുടക്കം കുറിക്കുകയും എല്ലാ വർഷവും ജനുവരി 5-ന് പിറവത്ത് ഈ അമ്മമാർക്ക് മരുന്ന് കിറ്റും, ധാന്യ കിറ്റും, ഒരു കൈനീട്ടവും ഒരുക്കി ഒരു നന്മയുള്ള പദ്ധതിക്ക് അദ്ദേഹം രൂപം കൊടുത്തു. ഓരോ വർഷം കഴിയും തോറും സഹായം വേണ്ട അമ്മമാരുടെ എണ്ണം കൂടുന്നതിൽ സങ്കടമുണ്ടെങ്കിലും എത്ര അമ്മമാരായാലും അവർക്കായി എന്തു സഹായവും ചെയ്യുവാൻ താൻ തയ്യാറാണെന്ന് അദ്ദേഹം അടിവരയിട്ട് പറയുന്നു. ഇത്തവണത്തെ അമ്മ സംഗമത്തിന് ഫോമായേയും അദ്ദേഹം പങ്കാളിയാക്കി.ഫോമാ തുടങ്ങിയ കാലം മുതൽ കേരളത്തിൽ അങ്ങോളമിങ്ങോളം നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ ലോക മാതൃകയായി വളരുന്നതിൽ സന്തോഷമുണ്ട്. ഫോമായുടെ തുടക്കം മുതൽ അശരണരെ സഹായിക്കുവാൻ തുടങ്ങിയ 'ഹെൽപ്പിംഗ് ഹാൻഡ്സ്' പദ്ധതി ഇന്നും ജീവകാരുണ്യ ചരിത്രത്തിന്റെ ഒരു ഏടായി മാറിക്കഴിഞ്ഞു. നേഴ്സിംഗ് സ്കോളർഷിപ്പ്, മെഡിക്കൽ ക്യാമ്പുകൾ, വീടില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് അടച്ചുറപ്പുള വീട് എല്ലാ പ്രവർത്തനങ്ങളും ഇതിനോടകം തുടങ്ങിക്കഴിഞ്ഞു. ലോകത്തിന്റെ എല്ലാ ഭാഗത്തു നിന്നും ഉണ്ടാകുന്ന പിന്തുണ തന്റെ പ്രവർത്തനകൾക്ക് കരുത്താകുന്നു. ഫോമായ്ക്കും ബേബി മണക്കുന്നേലിനും വിജയാശംസകൾ.

**അനിൽ പെണ്ണുക്കര**















# തെരഞ്ഞെടുപ്പ് ചട്ടലംഘനം: സർക്കാരിന്റെ സ്ത്രീസുരക്ഷാ പദ്ധതിക്ക് വിലക്ക്

തിരുവനന്തപുരം: സർക്കാർ പ്രഖ്യാപിച്ച സ്ത്രീസുരക്ഷാ പദ്ധതിക്കായി അപേക്ഷകൾ സ്വീകരിക്കുന്നത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിരീക്ഷണ സെൽ വിലക്കി. പഞ്ചായത്തുകളും നഗരസഭകളും വഴി അപേക്ഷ സ്വീകരിക്കുന്നത് തദ്ദേശ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമായതിനാലാണ് വിലക്ക്. 1000 രൂപ പെൻഷൻ ലഭിക്കുന്ന പദ്ധതിക്ക് അപേക്ഷ സ്വീകരിക്കുന്നത് രാഷ്ട്രീയ പ്രചാരണത്തിന് ഉപയോഗിക്കുകയാണെന്നും ജില്ലകളിലെ നിരീക്ഷണ സെല്ലുകൾക്കും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനും വ്യാപകമായി പരാതി ലഭിച്ചിരുന്നു. തദ്ദേശ തെരഞ്ഞെടുപ്പിന്റെ അസി. റിട്ടേണിങ് ഓഫീസർമാരിൽ ഭൂരിഭാഗവും തദ്ദേശ സ്ഥാപന സെക്രട്ടറിമാരാണെന്നും പരാതികളിൽ ചൂണ്ടിക്കാട്ടിയിരുന്നു. തുടർന്നാണ് വിലക്ക് ഏർപ്പെടുത്തിയത്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞാൽ ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള നടപടികൾ പാടില്ലെന്നാണ് ചട്ടം.

അപേക്ഷകൾ സ്വീകരിക്കരുതെന്ന് അതതു ജില്ലകളിലെ നിരീക്ഷണ സെല്ലുകൾ പഞ്ചായത്ത്, നഗരസഭാ സെക്രട്ടറിമാർക്കു നിർദേശം നൽകിയിട്ടുണ്ട്.

ഒക്ടോബർ 29-നു മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനം വിളിച്ചാണു പദ്ധതി പ്രഖ്യാപിച്ചത്. സാമൂഹികക്ഷേമ പദ്ധതികളിൽ ഗുണഭോക്താക്കൾ അല്ലാത്ത ട്രാൻസ്‌വുമൻ അടക്കമുള്ള പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്ക് എല്ലാ മാസവും ധനസഹായം ഉറപ്പാക്കുമെന്നായിരുന്നു വാഗ്ദാനം. ആദ്യ ഉത്തരവ് നവംബർ ഒന്നിന് ഇറങ്ങിയെങ്കിലും മാർഗരേഖയും മാനദണ്ഡങ്ങളുമായി വിശദ ഉത്തരവ് ഇറങ്ങിയത് തദ്ദേശ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച നവംബർ 10-നായിരുന്നു.

# മരിച്ച ജവാന്റെ കുടുംബത്തിന് 1.60 കോടി രൂപ നഷ്ടപരിഹാരം

കോട്ടയം: വാഹനാപകടത്തിൽ മരിച്ച സിആർപിഎഫ് ജവാന്റെ അവകാശികൾക്ക് 1.60 കോടി രൂപ നഷ്ടപരിഹാരം. പോലീസ് എഴുതി തള്ളിയ കേസിൽ സാക്ഷികളെ കോടതി വിളിച്ചുവരുത്തി തെളിവെടുത്താണ് വിധി. കോതനെല്ലൂർ മലയിൽ ജയേഷ്കുമാറിന്റെ അവകാശികൾക്കാണ് മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ജഡ്ജി പ്രസൂൺ മോഹൻ നഷ്ടപരിഹാരം വിധിച്ചത്. 2021 ഒക്ടോബർ 11-ന് ഉച്ചകഴിഞ്ഞ് രണ്ടിന് ഏറ്റുമാനൂർ-കടുത്തുരുത്തി മെയിൻ റോഡിൽ കാണക്കാരി കളരിപ്പടിയിലായിരുന്നു അപകടം. ഏറ്റുമാനൂരിൽനിന്നു കടുത്തുരുത്തിയിലേക്കു ബൈക്കിൽ പോകവേ, എതിരേ വന്ന ഇന്നോവ ഇടിച്ച് ജയേഷ് റോഡിലേക്ക് തെറിച്ചു വീഴുകയായിരുന്നു. പരുക്കേറ്റ ജയേഷിനെ ഉടനെ കോട്ടയം മെഡിക്കൽ കോളജ് അത്യാഹിത വിഭാഗത്തിൽ എത്തിച്ചെങ്കിലും തലയ്ക്കേറ്റ ഗുരുതരമായ പരുക്കുകൾ മൂലം അന്നുതന്നെ ജയേഷ് മരിച്ചു.

ഇന്നോവ കാറിന്റെ ഡ്രൈവർക്കെതിരെ കുറവിലങ്ങാട് പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തെങ്കിലും കാറിന്റെ ഉടമയുടെ സ്വാധീനത്തിൽ യഥാർത്ഥ വസ്തുതകൾ മൂടിവെച്ചു. ജയേഷ് കുമാറിന്റെ അശ്രദ്ധ കൊണ്ടാണ് അപകടം ഉണ്ടായതെന്നു രേഖപ്പെടുത്തി ഡ്രൈവറെ കേസിൽ നിന്നു പോലീസ് രക്ഷപ്പെടുത്തി. ക്രിമിനൽ കേസ് റഫർ എഴുതിത്തള്ളി അന്തിമ റിപ്പോർട്ട് കോടതിയിൽ നല്കി.

ഭർത്താവിന്റെ മരണത്തെത്തുടർന്നു തളർന്നു കിടപ്പായ നിരാലംബയായ ഭാര്യയും മൂന്നു വയസ് മാത്രം പ്രായമുള്ള മകനും കേസിൽ പോലീസ് നടത്തിയ കൃത്രിമം അറിഞ്ഞിരുന്നില്ല. നഷ്ടപരിഹാരത്തിനു കേസിന്റെ റെക്കോർഡുകൾ ലഭിച്ചപ്പോഴാണ് പോലീസ് കേസ് റഫർ ചെയ്ത് ഇന്നോവ കാറിന്റെ ഡ്രൈവറെ രക്ഷപ്പെടുത്തിയ വിവരം അറിഞ്ഞത്.

സംഭവം നേരിൽ കണ്ട സാക്ഷികളുടെ മൊഴിയും പോലീസ് മഹസറും മറ്റ് തെളിവുകളും പരിശോധിച്ച കോടതി പ്രഥമ ദൃഷ്ട്യാ ഇന്നോവാ ഡ്രൈവറുടെ അമിതവേഗവും അശ്രദ്ധയും കൊണ്ടാണ് അപകടം ഉണ്ടായതെന്നു രേഖപ്പെടുത്തി ഡ്രൈവർക്കെതിരെ കുറ്റം ചുമത്തി കേസ് ഫയലിൽ സ്വീകരിച്ച് പ്രതിയെ കോടതി നേരിട്ടു സമൻസ് അയച്ചു വരുത്തുകയായിരുന്നു.

തുടർന്ന് നഷ്ടപരിഹാരത്തിനായി ജയേഷിന്റെ ഭാര്യയും മകനും ജയേഷിന്റെ മാതാപിതാക്കളും മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണലിൽ ഹർജി ഫയൽ ചെയ്തു. അപകടം കണ്ട സാക്ഷികളെ നേരിട്ടു കോടതിയിൽ വിളിച്ചുവരുത്തി തെളിവെടുത്തു.

കുറവിലങ്ങാട് പോലീസിൽ ഹാജരാക്കിയ സംഭവസ്ഥല മഹസറും മജിസ്ട്രേട്ട് കോടതിയിലെ കേസിന്റെ റെക്കോർഡുകളും തെളിവായി സ്വീകരിച്ചു. 1.44 കോടി രൂപ വിധി തുകയും ഹർജിക്കാരുടെ കോടതിയിലെ വ്യവഹാരച്ചെലവും ഉൾപ്പെടെ 1.60 കോടി രൂപ 30 ദിവസത്തിനകം കോടതിയിൽ ഹാജരാക്കാൻ ഇന്നോവ കാറിന്റെ ഇൻഷ്വറൻസ് കമ്പനിയോട് ഉത്തരവിടുകയായിരുന്നു.

സിആർപിഎഫ് ജവാനായിരുന്ന ജയേഷ് (36) അവധിക്ക് നാട്ടിൽ വന്ന സമയത്താണ് അപകടമുണ്ടായത്. ഹർജിക്കാർക്കു വേണ്ടി വി.ബി. ബിനു, സി.എസ്. ഗിരിജ, എസ്. രവീന്ദ്രൻ എന്നിവർ കോടതിയിൽ ഹാജരായി.

# രാമക്ഷേത്രം നിർമ്മാണം പൂർത്തിയായി



അയോദ്ധ്യ: നിർമ്മാണം പൂർത്തിയായ അയോദ്ധ്യ രാമക്ഷേത്രത്തിന്റെ ധ്വജപ്രതിഷ്ഠ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തി. 161 അടി ഉയരമുള്ള പ്രധാന ഗോപുരത്തിന് മുകളിൽ സ്ഥാപിച്ച ധ്വജസ്തംഭത്തിലാണ് കാവിപ്പതാക ഉയർത്തിയത്. 22 അടി നീളവും 11 അടി വീതിയും ത്രികോണാകൃതിയുമുള്ള പതാക പാരച്യൂട്ട് നിർമാണ സാങ്കേതികവിദ്യയിലാണ് നിർമ്മിച്ചത്.

നൂറ്റാണ്ടുകൾ പഴക്കമുള്ള മുറിവുണങ്ങിയെന്നും 500 വർഷത്തെ പ്രതിജ്ഞ പൂർത്തിയായെന്നും മോദി പറഞ്ഞു. അവസാനം സത്യം അസത്യത്തെ ജയിക്കുമെന്നതിന്റെ തെളിവായി ഈ പതാക നിലകൊള്ളും. രാമൻ ആരെയും വേർതിരിച്ചു കണ്ടിട്ടില്ല. അതേ മനോഭാവത്തിലാണ് നാം മുമ്പോട്ടു പോകുന്നത്.

2047-ൽ ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികത്തിലേക്ക് കടക്കുമ്പോഴേക്കും രാജ്യം വികസിത രാഷ്ട്രമെന്ന ലക്ഷ്യം കൈവരിക്കണം. ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിൽ അഭിമാനബോധം വളർത്തുകയും അധീനതയുടെ മാനസികതയിൽ നിന്ന് മോചിതരാകുകയും ചെയ്യണം: മോദി പറഞ്ഞു.

രാമക്ഷേത്രത്തിനു വേണ്ടി ജീവൻ ത്യജിച്ച മഹാന്മാരുടെ ആത്മാവിന് ശാന്തി ലഭിച്ചെന്ന് ആർഎസ്എസ് മേധാവി മോഹൻ ഭാഗവത് പറഞ്ഞു. അയോദ്ധ്യയിൽ റോഡ്ഷോയായി എത്തിയ പ്രധാനമന്ത്രി ക്ഷേത്രത്തിൽ ദർശനം നടത്തി ആരതി അർപ്പിച്ചാണ് ധ്വജാരോഹണം നടത്തിയത്.

# സീബ്രാ ക്രോസിങ്ങിൽ വാഹനം നിർത്തിയില്ലെങ്കിൽ ലൈസൻസ് റദ്ദാക്കും

തിരുവനന്തപുരം: സീബ്രാ ക്രോസിങ്ങിൽ കാൽനട യാത്രക്കാർ റോഡ് മറികടക്കുമ്പോൾ വാഹനം നിർത്താത്ത ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കാൻ ഗതാഗത കമ്മീഷണർ സി.എച്ച്. നാഗരാജു നിർദേശം നൽകി. മോട്ടോർ വാഹന നിയമം 184 പ്രകാരം 2000 രൂപ പിഴയും ഈടാക്കും. സീബ്രാ ക്രോസിങ്ങിലും ഫുട്പാത്തിലും വാഹനം പാർക്ക് ചെയ്യുന്നവർക്കെതിരെയും സമാനമായ നടപടിയുണ്ടാകും. അതിനിടെ, സീബ്ര ക്രോസിങ്ങിൽ അപകടങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കു കനത്ത പിഴ ചുമത്തുമെന്നു ഹൈക്കോടതി വ്യക്തമാക്കി. സീബ്ര ക്രോസിങ്ങുമായി ബന്ധപ്പെട്ടുമാത്രം കഴിഞ്ഞ ഒരു മാസം രജിസ്റ്റർ ചെയ്തത് 901 നിയമലംഘനങ്ങളാണെന്നും ഓരോ ജീവനും വിലപ്പെട്ടതെന്നും കോടതി പറഞ്ഞു.

എന്നാൽ പലരും സ്പീഡ് കൂട്ടുകയാണ് ചെയ്യുന്നത്. ഇതുമൂലം കാൽനട യാത്രക്കാർ ആശയക്കുഴപ്പത്തിലാകുകയും അപകടത്തിനിടയാക്കുകയും ചെയ്യുന്നുവെന്നാണ് കണ്ടെത്തൽ. നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നു ഹൈക്കോടതിയും നിർദേശം നൽകിയിരുന്നു. ഈ വർഷം ഇതുവരെ 800 കാൽനടയാത്ര യാത്രക്കാരാണ് അപകടത്തിൽ മരിച്ചത്. ഇതിൽ പകുതിയും മുതിർന്ന പൗരന്മാരാണ് - അദ്ദേഹം പറഞ്ഞു.






# അൻപതിന്റെ നിറവിൽ കേരള അസ്സോസിയേഷൻ ഓഫ് ഡാളസ്:

വാരാന്ത്യം



## ഷിജു ഏബ്രഹാമിന്റെ നേതൃത്വം ഒപ്പം മഞ്ജിത്ത് കൈക്കരയും സിജു കൈനിക്കരയും


ഷിജു ഏബ്രഹാം


മഞ്ജിത്ത് കൈക്കര


സിജു കൈനിക്കരയും

**അ**മേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിൽ ഒന്നായ കേരള അസോസിയേഷൻ ഓഫ് ഡാളസിന് പുതിയ നേതൃത്വം. ഡാളസിലെ സാമൂഹ്യ സാംസ്കാരിക രംഗത്ത് നിറഞ്ഞ സാന്നിദ്ധ്യമായ ഷിജു ഏബ്രഹാമിന്റെ നേതൃത്വത്തിൽ പുതിയ ഭരണ സമിതി അധികാരമേൽക്കുമ്പോൾ മത്സരമൊന്നില്ലാതെ സമവായത്തോടെ ഒരു നേതൃത്വമാണ് ഇനി ഡാളസ് മലയാളികളെ നയിക്കുവാൻ പോകുന്നത്. മഞ്ജിത്ത് കൈക്കര സെക്രട്ടറിയായും സിജു കൈനിക്കര ട്രഷററായും കൂടി ഷിജു ഏബ്രഹാമിനൊപ്പം കൂടുന്നതോടുകൂടി ഇനിയുള്ള ദിനങ്ങൾ ഡാളസിന് ഉത്സവ നാളുകളാവും. അമേരിക്കയിൽ 50 വർഷം പിന്നിടുന്ന കേരള അസോസിയേഷൻ ഓഫ് ഡാളസ് ഗോൾഡൻ ജൂബിലി നിറവിൽ ഇനി നിരവധി കർമ്മ പരിപാടികളിലൂടെ കടന്നുപോകും. 1500 അംഗങ്ങൾ ഉള്ള ഈ സംഘടന ഡാളസിലെ സാമൂഹ്യ സാംസ്കാരിക രംഗത്തെ ഏറ്റവും വലിയ സാന്നിദ്ധ്യമാണ്.

ഇന്ത്യൻ കൾചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്ററിന്റെയും, കേരള അസോസിയേഷന്റെയും പൊതു മീറ്റിംഗിലൂടെ തെരഞ്ഞെടുപ്പ് ഒഴിവാക്കി ഷിജു എബ്രഹാം പ്രസിഡന്റായും, മഞ്ജിത്ത് കൈക്കര സെക്രട്ടറിയായും, സിജു കൈനിക്കര ട്രഷററായും രൂപീകരിച്ച ഭാരവാഹികളെ കൂടാതെ 15 അംഗ കമ്മറ്റിയും ഭാവിപരിപാടികൾക്ക് നേതൃത്വം നൽകും. 2026 ജനുവരിയിൽ ആഘോഷിക്കുന്ന ക്രിസ്തുമസ് പുതുവത്സര പരിപാടിയിൽ പുതിയ ഭാരവാഹികൾ ചുമതലയേൽക്കുകയും സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനവും നടക്കുന്നതോടെ അൻപത് വർഷത്തെ പ്രവർത്തനങ്ങളുടെ ഓർമ്മ പുതുക്കലും, പുതിയ പരിപാടികളുടെ തുടക്കവുമാകും. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഷിജു ഏബ്രഹാം 1996-ലാണ് അമേരിക്കയിലെത്തുന്നത്.

ഓരോ തീരുമാനങ്ങൾക്ക് പിന്നിലും ദൈവത്തിന്റെ ഒരു കരുതൽ ഉണ്ട് എന്ന് എപ്പോഴും അദ്ദേഹത്തിന് തോന്നുമായിരുന്നു എന്ന് എപ്പോഴും പറയും. അമേരിക്കൻ കുടിയേറ്റവും അത്തരത്തിൽ ഒരു തീരുമാനത്തിന്റെ ബാക്കിയായിരുന്നുവെന്ന് കാലം തെളിയിക്കുകയായിരുന്നു. ഡാളസിൽ എത്തിയപ്പോൾ കേരളാ അസോസിയേഷനിൽ സജീവമായതോടെ സമൂഹവുമായി കൂടുതൽ അടുക്കുക എന്ന ആഗ്രഹം കൂടുതൽ സാധിച്ചെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഡാളസിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായും, ക്നാനായ പള്ളിയുടെ സെക്രട്ടറിയായി അതിന്റെ ഏകീകരണത്തിനും വളർച്ചയ്ക്കും പരിശ്രമിച്ച്, ക്നാനായ സമുദായത്തിന്റെ ഡാളസ്സിൽ നടന്ന അമേരിക്കൻ നാഷണൽ സമ്മേളനത്തിന്റെ കൺവീനറായും പ്രവർത്തിച്ചു. ഒരു ദിവസം ഒരാളെ എങ്കിലും സഹായിക്കണം എന്നൊരു ചിന്ത അക്കാലത്ത് ഉടലെടുത്തു. മാനുഷികമായ നിലയിൽ ആയിരിക്കണം ആ സഹായം നൽകേണ്ടത് എന്ന ചിന്തയിൽ നിന്നും സ്ഥായിയായ ഒരു ജോലിക്കു വേണ്ടിയുള്ള ശ്രമങ്ങൾ തുടർന്നു. അതിനായി യൂണിവേഴ്സിറ്റി ഓഫ് ഡാളസിൽ കമ്പ്യൂട്ടർ സയൻസിൽ ഡിഗ്രി എടുത്തു. കൂടെ ജോലിയും ചെയ്ത് തുടങ്ങി. ജീവിതത്തിൽ ഒരുപാട് ചെയ്ത് തീർക്കാനുണ്ട് എന്ന തോന്നലുകൾ ആ സമയങ്ങളിൽ ഉടലെടുത്തു. ഫ്രണ്ട്സ് ഓഫ് റാന്നിയുടെ സെക്രട്ടറിയായും, യൂത്ത് ഓഫ് ഡാളസ് എന്ന ഡാളസിലെ യുവാക്കളുടെ മാർഗ്ഗദർശിയായി ഒപ്പം നിൽക്കുന്നു. ഈ ബന്ധം ഡാളസിലെ യുവ സമൂഹത്തെ തനിക്കൊപ്പം നിലകൊള്ളുവാൻ സഹായിച്ചു. യുവതയുടെ വളർച്ച കാലത്തിന് ആവശ്യമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കണമെന്നത് ചെറുപ്പത്തിലേ ഉള്ള അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. ജീവിതത്തിൽ ഇപ്പോൾ അതിന് ധാരാളം സമയവും അവസരവും അദ്ദേഹത്തെ തേടിയെത്താറുണ്ട്.

നിരവധി വ്യക്തികളെ അദ്ദേഹം നേരിട്ടും അല്ലാതെയും സഹായിക്കാറുണ്ട്. ആരെയാണോ സഹായിക്കേണ്ടത് അവരെ നമ്മളിലേക്ക് കൊണ്ടുവരിക എന്നതാണ് തന്റെ പക്ഷമെന്ന് അദ്ദേഹം പറയുന്നു. കേരളത്തിലും മറ്റ് സ്ഥലങ്ങളിലുമുള്ള നേഴ്സിംഗ് വിദ്യാർത്ഥികൾ മുതൽ സഹായം ആവശ്യമുള്ളവർക്കെല്ലാം അത് എത്തിച്ചു നൽകാൻ അദ്ദേഹത്തിനാവുന്നു. ലഭിച്ചവരിൽ ഉൾപ്പെടുന്നു.

വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുത് എന്ന ആശയവും, നന്ദി എന്ന വാക്ക് ഒരു സഹായങ്ങൾക്കും പകരമായി സ്വീകരിക്കാതെ നന്ദി ദൈവത്തിനുള്ളതാണ്. Thank You അല്ല Thank You Loard ആണ് യഥാർത്ഥത്തിൽ അറിയിക്കുന്നതെന്നും വിശ്വസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നു.


ഒരു പദവിയുംതേടി അങ്ങോട്ട് പോകുന്നശീലം അദ്ദേഹത്തിനില്ല എന്നത് ജീവിതാനുഭവങ്ങളെ മുൻനിർത്തി ഷിജു ഏബ്രഹാം വ്യക്തമാക്കുന്നു. എങ്കിലും ധാരാളം പദവികൾ അദ്ദേഹത്തെ തേടിയെത്താറുണ്ട്. ഡാളസ് കേരളാ അസോസിയേഷൻ സെക്രട്ടറി പദവി മുതൽ നിരവധി പദവികൾ അദ്ദേഹം ഏറ്റെടുത്തിട്ടുണ്ട്. തനിക്ക് ലഭിക്കുന്ന ഏത് പദവികളും പ്രവർത്തന പഥത്തിലേക്ക് വരുമ്പോൾ ഒപ്പമുള്ളവരെ ചേർത്ത് പിടിച്ച് അവ മികവുറ്റതാക്കാൻ ശ്രമിക്കും. പക്ഷേ, അതിൽ ദൈവത്തിന്റെ ഒരു കൈയ്യൊപ്പ് അദ്ദേഹത്തിന് ലഭിക്കും എന്നതാണ് സത്യം.

**അനിൽ പെണ്ണുക്കര**

# വിസി നിയമനം: ഗവർണർക്ക് സുപ്രീംകോടതിയുടെ രൂക്ഷവിമർശനം

ന്യൂഡൽഹി: കേരള ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലേക്കുള്ള സ്ഥിരം വൈസ് ചാൻസലർമാരുടെ നിയമനം സംബന്ധിച്ച് സെർച്ച് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ നടപടി വൈകിച്ചതിന് ചാൻസലർകൂടിയായ കേരള ഗവർണർക്ക് സുപ്രീംകോടതിയുടെ രൂക്ഷ വിമർശനം. നിയമനം സംബന്ധിച്ച് സെർച്ച് കമ്മിറ്റി അദ്ധ്യക്ഷനായ സുപ്രീംകോടതി മുൻ ജഡ്ജി സുധാൻഷു ധൂലിയ ഗവർണർക്കു നൽകിയ റിപ്പോർട്ട് വെറും കടലാസ് അല്ലെന്നും അതു പരിശോധിച്ച് ഉചിതമായ തീരുമാനം വേഗം കൈക്കൊള്ളണമെന്നും കോടതി നിർദേശം നൽകി. ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഉത്തരവ്.

മുഖ്യമന്ത്രി ശിപാർശ ചെയ്യുന്ന മുൻഗണനാക്രമത്തിൽ നിയമനം നടത്താനായിരുന്നു സുപ്രീംകോടതി ചാൻസലറോടു നിർദേശിച്ചിരുന്നത്. എന്നാൽ സുപ്രീംകോടതി നിയമിച്ച സെർച്ച് കമ്മിറ്റി അദ്ധ്യക്ഷൻ നിയമനം സംബന്ധിച്ച റിപ്പോർട്ട് കൈമാറിയെങ്കിലും ഗവർണർ രാജേന്ദ്ര അർലേക്കർ ഇതുവരെയും തീരുമാനം കൈക്കൊണ്ടിട്ടില്ലെന്ന് കേരള സർക്കാരിനുവേണ്ടി മുതിർന്ന അഭിഭാഷകൻ ജയദീപ് ഗുപ്ത കോടതിയെ അറിയിച്ചു. ഇതു സംബന്ധിച്ച ചില റിപ്പോർട്ടുകൾ ഗവർണറുടെ ഓഫീസ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതു കേരളസർക്കാർ ലഭ്യമാക്കിയിട്ടില്ലെന്നും അതിനാലാണു നടപടി വൈകുന്നതെന്നും ഗവർണർക്കുവേണ്ടി ഹാജരായ അഭിഭാഷകൻ കോടതിയെ അറിയിച്ചു.



എന്നാൽ, ആവശ്യപ്പെട്ട എല്ലാ രേഖകളും സമർപ്പിച്ചതായി കേരള സർക്കാർ വ്യക്തമാക്കി. ഇത്തരം സാഹചര്യത്തിൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചാൻസലർ തീരുമാനമെടുക്കേണ്ടിയിരുന്നുവെന്നും വിഷയത്തിൽ അടിയന്തര നടപടി ഉണ്ടാകണമെന്നും കോടതി നിർദേശിച്ചു. തീരുമാനം തങ്ങളുടെ മുന്നിലെത്തുമ്പോൾ ശരിയോ തെറ്റോ എന്നു കോടതി തീരുമാനിക്കുമെന്നും ബെഞ്ച് വ്യക്തമാക്കി. കേസ് ഡിസംബർ അഞ്ചിന് വീണ്ടും പരിഗണിക്കും. സ്ഥിരം വിസി നിയമനവുമായി ബന്ധപ്പെട്ട് സർക്കാരും ഗവർണറും തമ്മിലുള്ള തർക്കം കണക്കിലെടുത്താണ് വിസി നിയമനത്തിനുള്ള ചുരുക്കപ്പട്ടിക തയാറാക്കുന്നതിന് മുൻ ജഡ്ജി ജസ്റ്റിസ് സുധാൻഷു ധൂലിയ അദ്ധ്യക്ഷനായ സെർച്ച് കമ്മിറ്റി സുപ്രീംകോടതി രൂപീകരിച്ചത്. മുഖ്യമന്ത്രി ശിപാർശ ചെയ്യുന്ന മുൻഗണനാക്രമത്തിൽ നിയമനം നടത്താനായിരുന്നു ചാൻസലറോടു കോടതി നിർദേശിച്ചത്. കേരള സർക്കാരിന്റെ ശിപാർശയില്ലാതെ താത്കാലിക വിസി നിയമനം റദ്ദാക്കിയ കേരള ഹൈക്കോടതി വിധിയെ ചോദ്യംചെയ്താണു ഗവർണർ സുപ്രീംകോടതിയെ സമീപിച്ചത്. സെർച്ച് കമ്മിറ്റി ശിപാർശയിൽ മുഖ്യമന്ത്രിയുടെ പങ്കിനെയും ഗവർണർ ചോദ്യം ചെയ്തിരുന്നു.

# നേപ്പാളിന്റെ നോട്ടിൽ ഇന്ത്യയുമായി തർക്കത്തിലുള്ള ഭാഗങ്ങൾ

കാഠ്മണ്ഡു: ഇന്ത്യയുമായി തർക്കത്തിലുള്ള മൂന്ന് ഭൂപ്രദേശങ്ങൾ ചേർത്തുള്ള ഭൂപടം ആലേഖനം ചെയ്ത പുതിയ 100 രൂപാ നോട്ട് നേപ്പാൾ രാഷ്ട്ര ബാങ്ക് (എൻആർബി) നവംബർ 27-ന് വ്യാഴാഴ്ച പുറത്തിറക്കി. ഇന്ത്യ കൈയടക്കിവെച്ചെന്ന് നേപ്പാൾ ആരോപിക്കുന്ന മഹാകാളിനദിയുടെ കിഴക്കുള്ള കാലാപാനി, ലിംപിയാധുര, ലിപുലേഖ് എന്നീ പ്രദേശങ്ങളാണ് കറൻസിയിലെ ഭൂപടത്തിലുള്ളത്.

പഴയ 100 രൂപാ നോട്ടുകളിൽ ഈ ഭൂപടമുള്ളതാണെന്നും സർക്കാർ നിർദേശപ്രകാരമാണ് ഭൂപടത്തിന്റെ പുതുക്കിയ പതിപ്പ് ചേർത്തതെന്നും എൻആർബി പറഞ്ഞു. ഈ പ്രദേശങ്ങളുൾപ്പെടുത്തി നോട്ടു പുറത്തിറക്കുമെന്ന് 2004-ൽ നേപ്പാൾ പ്രഖ്യാപിച്ചപ്പോൾത്തന്നെ അതിനെതിരെ ഇന്ത്യ രംഗത്തെത്തിയിരുന്നു. നോട്ട് പുറത്തിറങ്ങിയ ദിവസം 2081 ബിഎസ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് 2024-നെ സൂചിപ്പിക്കുന്നതാണ്.

നോട്ടിലുൾപ്പെടുത്തിയ മൂന്നു പ്രദേശങ്ങളും തങ്ങളുടേതാണെന്നാണ് നേപ്പാൾ അവകാശപ്പെടുന്നത്. 2020-ൽ കെ.പി. ശർമ ഒലിയുടെ സർക്കാരാണ് പരിഷ്കരിച്ച ഭൂപടം പാർലമെന്റിന്റെ അംഗീകാരത്തോടെ പുറത്തിറക്കിയത്. രാഷ്ട്രത്തിന്റെ ഭൂപ്രദേശങ്ങൾ കൃത്യമായി വിപുലീകരിക്കുന്ന നേപ്പാളിന്റെ ഏകപക്ഷീയമായ നടപടി അംഗീകരിക്കാനാകാത്തതാണെന്ന് ഇന്ത്യ വിമർശിച്ചിരുന്നു. സിക്കിം, പശ്ചിമബംഗാൾ, ബിഹാർ, യുപി, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലായി 1850 കിലോമീറ്റർ അതിർത്തിയാണ് നേപ്പാളുമായി ഇന്ത്യ പങ്കിടുന്നത്.

# വിധി തിരുത്തൽ വേദനാജനകമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: സുപ്രീംകോടതി വിധികൾ മറ്റൊരു ബെഞ്ച് മറികടക്കുന്ന പ്രവണത അടുത്തകാലത്തായി കൂടിവരുന്നത് വേദനാജനകമാണെന്ന് സുപ്രീംകോടതി.

ജസ്റ്റിസുമാരായ ദീപാങ്കർ ദത്തയും അഗസ്റ്റിൻ ജോർജ് മസീഹുമടങ്ങിയ ബെഞ്ചാണ് നിയമലോകത്ത് ചർച്ചയായേക്കാവുന്ന സുപ്രധാന നിരീക്ഷണം നടത്തിയത്. ബില്ലുകളിൽ തീരുമാനമെടുക്കാൻ ഗവർണർക്കും രാഷ്ട്രപതിക്കും സമയക്രമം നിശ്ചയിച്ച രണ്ടംഗ ബെഞ്ചിന്റെ വിധി, രാഷ്ട്രപതിയുടെ റഫറൻസ് പരിഗണിച്ച അഞ്ചംഗ ഭരണഘടനാ ബെഞ്ച് മറ്റൊരു നിലപാടെടുത്തതോടെ അപ്രസക്തമായിരുന്നു. ബില്ലുകളിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് ഗവർണർമാർക്കും രാഷ്ട്രപതിക്കും സമയക്രമം നിശ്ചയിക്കാൻ കോടതിക്കാവില്ലെന്നായിരുന്നു കോടതി വ്യക്തമാക്കിയത്.

ഡൽഹിയിലെ മുഴുവൻ തെരുവുനായകളെയും പിടികൂടി ഷെൽട്ടറിലാക്കണമെന്ന വിധിയും പ്രത്യേക ബെഞ്ചുണ്ടാക്കി തിരുത്തി. ഡൽഹിയിലെ കടുത്ത വായുമലിനീകരണത്തിന്റെ പശ്ചാത്തലത്തിൽ സമ്പൂർണ പടക്കനിരോധനം ഏർപ്പെടുത്തിയ വിധിയും അടുത്തിടെ തിരുത്തിക്കൊണ്ട് ഹരിത പടക്കങ്ങൾക്ക് അനുമതി നൽകിയിരുന്നു. 2020 മുതൽ പടക്കങ്ങൾക്ക് നിരോധനമുണ്ടായിരുന്നു. ഇതിലാണ് സർക്കാർ ഇളവ് ആവശ്യപ്പെട്ടത്.

പദ്ധതികൾക്ക് പാരിസ്ഥിതികാനുമതി മുൻകൂറായിത്തന്നെ വേണമെന്നും തുടങ്ങിക്കഴിഞ്ഞശേഷം പിന്നീട് മുൻകാല പ്രാബല്യത്തോടെ നൽകാനാവില്ലെന്നുമുള്ള വിധിയും അടുത്തിടെ പിൻവലിച്ചിരുന്നു. തങ്ങളുടെ കാഴ്ചപ്പാടാണ് മികച്ചതെന്ന് മറ്റൊരു ബെഞ്ചിന് തോന്നിയതുകൊണ്ടുമാത്രം വിധികൾ തിരുത്തപ്പെടുകയാണെങ്കിൽ ഒരു തീരുമാനവും അന്തിമമാകില്ലെന്ന് ജസ്റ്റിസ് ദീപാങ്കർ ദത്ത അദ്ധ്യക്ഷനായ ബെഞ്ച് പറഞ്ഞു.

അങ്ങനെവരുന്നത് ഭരണഘടനയുടെ 141-ാം അനുച്ഛേദപ്രകാരം സുപ്രീംകോടതിയിൽ നിക്ഷിപ്തമായ അധികാരംതന്നെ ഇല്ലാതാക്കുമെന്നും ബെഞ്ച് മുന്നറിയിപ്പു നൽകി. അതിന്റെ മുഖ്യലക്ഷ്യമില്ലാതാകും. തന്റെ ജാമ്യനിബന്ധനയിൽ മാറ്റംവരുത്തണമെന്നാവശ്യപ്പെട്ട് കൊൽക്കത്ത സ്വദേശി നൽകിയ ഹർജി തള്ളിയാണ് ബെഞ്ചിന്റെ നിരീക്ഷണം.

ഒരു ബെഞ്ചിന്റെ ഉത്തരവിൽ തിരുത്തൽ തേടി മറ്റൊരു ബെഞ്ചിനെ ഹർജിക്കാർ സമീപിക്കുന്ന പ്രവണത കൂടിവരുന്നതിനോടും സുപ്രീംകോടതി കടുത്ത വിയോജിപ്പറിയിച്ചു. ചില കക്ഷികൾക്ക് പരാതിയുണ്ടെന്ന കാരണത്താൽ വിധി പറഞ്ഞ ജഡ്ജിമാരുടെ അഭാവത്തിൽ (വിരമിച്ചതിനാൽ) തുടർന്നുള്ള ബെഞ്ചുകളോ അല്ലെങ്കിൽ പ്രത്യേകം രൂപവത്കരിച്ച ബെഞ്ചോ പഴയ നിലപാട് മാറ്റുന്ന പ്രവണത കൂടിവരുകയാണെന്നും ഇത് വേദനയുണ്ടാക്കുന്നതായും ജസ്റ്റിസ് ദീപാങ്കർ ദത്തയുടെ ഉത്തരവിൽ നിരീക്ഷിച്ചു.

കൊൽക്കത്ത വിട്ടുപോകരുതെന്ന ജാമ്യനിബന്ധനയിൽ മാറ്റംതേടി അനീസുർ റഹ്മാൻ നൽകിയ ഹർജി തള്ളിയാണ് സുപ്രീംകോടതിയുടെ നിരീക്ഷണം. ജാമ്യനിബന്ധനയിൽ മാറ്റംതേടി ആദ്യം നൽകിയ ഹർജി ജസ്റ്റിസ് എ.എസ്. ഓക അദ്ധ്യക്ഷനായ ബെഞ്ച് തള്ളിയിരുന്നു. തുടർന്ന് ജസ്റ്റിസ് ഓക വിരമിച്ചശേഷം ഇയാൾ വീണ്ടും സമീപിച്ചപ്പോഴാണ് വിഷയം ജസ്റ്റിസ് ദീപാങ്കർ ദത്തയുടെ ബെഞ്ചിലെത്തിയത്.

# മെഡിക്കൽ കോളജ് കോഴ: പത്തു സംസ്ഥാനങ്ങളിൽ ഇഡി റെയ്ഡ്

ന്യൂഡൽഹി: ദേശീയ മെഡിക്കൽ കമ്മീഷനിലെയും (എൻഎംസി) ആരോഗ്യമന്ത്രാലയത്തിലെയും ഉദ്യോഗസ്ഥർക്കു കോഴ നൽകിയെന്ന കേസിൽ പത്തു സംസ്ഥാനങ്ങളിൽ ഇഡി റെയ്ഡ് നടത്തി. മെഡിക്കൽ കോളജുകളിലെ പരിശോധന സംബന്ധിച്ച രഹസ്യവിവരങ്ങൾക്കു പകരമായി ഉദ്യോഗസ്ഥർക്ക് പണം നൽകിയെന്ന കണ്ടെത്തലിനെത്തുടർന്നാണ് റെയ്ഡ് നടത്തിയത്. ആന്ധ്രപ്രദേശ്, തെലുങ്കാന, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഗുജറാത്ത്, രാജസ്ഥാൻ, ബിഹാർ, ഉത്തർപ്രദേശ്, ഡൽഹി എന്നിവിടങ്ങളിലായി 15 ഇടത്തായിരുന്നു റെയ്ഡ്. എൻഎംസിയിലെയും ആരോഗ്യ മന്ത്രാലയത്തിലെയും ഉദ്യോഗസ്ഥർ, ഇടനിലക്കാർ, സ്വകാര്യ കോളജുകളിലെ മാനേജർമാർ തുടങ്ങി 35 പേർക്കെതിരെ കഴിഞ്ഞ ജൂണിൽ സിബിഐ രജിസ്റ്റർ ചെയ്ത കേസിലാണു നടപടി. 200 കോടിയിലധികം രൂപയുടെ ഇടപാട് ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ടെന്നാണ് ആരോപണം. അനധികൃതമായി മെഡിക്കൽ സീറ്റുകൾ ലഭിക്കുന്നതിനാണ് വലിയ തോതിൽ കോഴ നൽകിയതെന്നാണു കണ്ടെത്തൽ. മെഡിക്കൽ കോളജുകളിൽ മെഡിക്കൽ സീറ്റുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരിശോധനയ്ക്കിടെയാണു കോളജ് അധികൃതർക്ക് രഹസ്യവിവരം ചോർത്തി നൽകിയത്.







# സീറോമലബാർ കൺവൻഷൻ: ടെക്സസ് എഡിൻബർഗ് പള്ളിയിൽ ബിഷപ് മാർ ജോയ് ആലപ്പാട്ട് കിക്കോഫ് നിർവഹിച്ചു

ബീനാ വള്ളിക്കളം

ചിക്കാഗോ: ഇന്ത്യക്ക് പുറത്ത് സീറോമലബാർ രൂപതയ്ക്ക് ആദ്യമായി ലഭിച്ച ചിക്കാഗോ രൂപത വിജയകരമായ 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തയിൽ നടത്തപ്പെടുന്ന കൺവൻഷന്റെ കിക്കോഫ് എഡിൻബർഗിലെ ഡിവൈൻ മേഴ്സി പള്ളിയിൽ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു. ഇടവക വികാരി ഫാ. റോയി മൂലേച്ചാലിലും ഇടവകാംഗങ്ങളും പ്രിയ ബഹുമാനപ്പെട്ട ജോയ് പിതാവിനെ സസ്നേഹം സ്വീകരിച്ചു. ഇടവകയിലെ കൺവൻഷൻ പ്രതിനിധികളായ ജോജോ ഫിലിപ്പ്, ടോമി കോട്ടക്കൽ, ട്രസ്റ്റിമാരായ റോമി ചീരംവേലിൽ, വിനോജ് മൈക്കിൾ വടക്കേടത്ത് എന്നിവർ കിക്കോഫ് അതിമനോഹരമാക്കുന്നതിനു നേതൃത്വം നല്കി.

ജോയി പിതാവ് തന്റെ സന്ദേശത്തിൽ ഈ കൺവൻഷന്റെ ആവശ്യകതയെയും ഈ കൺവൻഷനിലൂടെ താൻ വിഭാവനം ചെയ്യുന്ന തലമുറകളുടെ സംഗമം, സൗഹൃദ കൂട്ടായ്മ, സഭയുടെ ശോഭന ഭാവിക്ക് ഉതകുംവിധമുള്ള ചർച്ചകൾ, യുവജന പങ്കാളിത്തം എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചു. വിശ്വാസത്തിന്റെ ഈ മഹാസമ്മേളനത്തിലേക്ക് രൂപതയിലെ എല്ലാ കുടുംബങ്ങളും വന്നുചേരണമെന്നാണ് തന്റെ ആഗ്രഹവും പ്രത്യാശയുമെന്ന് പിതാവ് പറയുകയുണ്ടായി. വിശ്വാസവും അറിവും സൗഹൃദങ്ങളും പങ്കുവെക്കാനുള്ള അനുഗൃഹീതമായ ഒരു വേദിയായി ഈ കൺവൻഷനെ കാണണമെന്നും യുവജനങ്ങളെ പ്രത്യേകം ഇതിലേക്ക് കൊണ്ടുവരണമെന്നും പിതാവ് ആഹ്വാനം ചെയ്തു. രൂപതയുടെ പ്രഥമ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലി കൂടി ഈ വേളയിൽ ആഘോഷിക്കുകയാണ്. കഴിഞ്ഞ 25 വർഷങ്ങളിലായി രൂപത കൈവരിച്ച വളർച്ചയിൽ പങ്കാളികളായ ഏവരെയും ഈയവസരത്തിൽ ആദരപൂർവ്വം ഓർമ്മിക്കുന്നു. വികാരി ഫാ. റോയ് ഇടവകാംഗങ്ങളുടെ പൂർണ്ണ സഹകരണവും പങ്കാളിത്തവും വാഗ്ദാനം ചെയ്യുകയും ഏവരെയും കൺവൻഷനിൽ പങ്കുചേരാനായി ക്ഷണിക്കുകയും ചെയ്തു.





2026 ജൂലൈ 9 മുതൽ 12 വരെ അതിമനോഹരമായ ചിക്കാഗോ നഗരത്തിൽ ആഘോഷപൂർവ്വമായി നടക്കുന്ന ഈ കൺവൻഷന്റെ വേദി നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന അതിപ്രശസ്തമായ മക്കോർമിക് പ്ലേസും അതോടു ചേർന്ന മൂന്ന് ഹോട്ടലുകളുമാണ്. വിശ്വാസ സംരക്ഷണത്തിനും ആശയവിനിമയത്തിനും സൗഹൃദ കൂട്ടായ്മകൾക്കും ഉതകുന്ന വിധത്തിൽ കൺവൻഷൻ ക്രമീകരിക്കുവാൻ ഏവരും ഒറ്റക്കെട്ടായി പരിശ്രമിച്ചുവരുന്നു. ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വൈവിധ്യമാർന്ന വിഷയാവതരണങ്ങളും സംഘടനാ കൂട്ടായ്മകളും കലാപരിപാടികളും മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്. യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.-org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## മുനമ്പത്ത് വസ്തുനികുതി പിരിക്കാൻ ഹൈക്കോടതി അനുമതി

കൊച്ചി: വസ്തുനികുതി പിരിക്കാൻ ഹൈക്കോടതി അനുമതി നൽകിയതോടെ, നീണ്ട കാത്തിരിപ്പിനൊടുവിൽ മുനമ്പം നിവാസികൾ വില്ലേജ് ഓഫീസിലെത്തി കൈവശഭൂമിയുടെ കരം അടച്ചു. മുപ്പതോളം കുടുംബങ്ങളാണു കുഴിപ്പിള്ളി വില്ലേജ് ഓഫീസിലെത്തി കരമടച്ചത്. മുനമ്പത്തേതു വഖഫ് ഭൂമിയല്ലെന്ന വിധിയുടെ പശ്ചാത്തലത്തിലാണിത്. റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് മുനമ്പം ഭൂസംരക്ഷണസമിതി ആരംഭിച്ച നിരാഹാര സമരത്തിന്റെ 410-ാം ദിവസമാണ് ഹൈക്കോടതി ഉത്തരവ്. നികുതി താൽക്കാലികമായി സ്വീകരിക്കാൻ കളക്ടർ, തഹസിൽദാർ, കുഴുപ്പിള്ളി വില്ലേജ് ഓഫീസർ എന്നിവർക്കാണു ജസ്റ്റിസ് സി. ജയചന്ദ്രൻ ഇടക്കാല ഉത്തരവിലൂടെ നിർദേശം നൽകിയത്. കരമടയ്ക്കൽ സുപ്രീംകോടതിയിലും ഹൈക്കോടതിയിലുമുള്ള കേസിന്റെ തീർപ്പിനു വിധേയമായിരിക്കുമെന്നും ബെഞ്ച് വ്യക്തമാക്കി. ഹർജി ഡിസംബർ 17-ന് വീണ്ടും പരിഗണിക്കും. മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന് ഒക്ടോബർ 10-ന് ഡിവിഷൻബെഞ്ച് ഉത്തരവിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടു ഭൂസംരക്ഷണസമിതി ഹർജി നൽകി. വസ്തുനികുതി അടയ്ക്കാൻ അനുവദിക്കണമെന്ന് ഉപഹർജിയും നൽകി. വസ്തുനികുതി സ്വീകരിക്കുന്നതിനെ സർക്കാർ എതിർത്തില്ല. വഖഫ് സംരക്ഷണസമിതി ഹർജിയെ എതിർത്തു.

## മറിയാമ്മ കുര്യൻ വാളിപ്ലാക്കൽ അന്തരിച്ചു



ന്യൂയോർക്ക്: പാലാ എടപ്പാടി വാളിപ്ലാക്കൽ പരേതരായ കുര്യൻ-മറിയം ദമ്പതികളുടെ മകളായ മറിയാമ്മ കുര്യൻ വാളിപ്ലാക്കൽ (88) അന്തരിച്ചു. ദീർഘകാലമായി ന്യൂയോർക്കിൽ താമസിക്കുന്ന പരേത എഴുപതുകളിൽ അമേരിക്കയിലെത്തി. വിവിധ ഹോസ്പിറ്റലുകളിൽ ജോലി ചെയ്തിരുന്ന മറിയാമ്മ ബ്രോങ്ക്സ് സെ. തോമസ് സീറോമലബാർ ഫൊറോനാ ഇടവകയിലെ സജീവ അംഗമായിരുന്നു.

സഹോദരങ്ങൾ: പരേതയായ റോസമ്മ, അച്ചാമ്മ, പരേതയായ ത്രേസ്യാമ്മ, ഏലിയാമ്മ തേവാരിൽ, കുര്യൻ വാളിപ്ലാക്കൽ, മാത്യു വാളിപ്ലാക്കൽ, ജോസഫ് വാളിപ്ലാക്കൽ, പരേതനായ തോമസ് വാളിപ്ലാക്കൽ (ന്യൂയോർക്ക്), സെബാസ്റ്റ്യൻ വാളിപ്ലാക്കൽ, സ്കറിയാ വാളിപ്ലാക്കൽ.

ഫാ. ആന്റണി വാളിപ്ലാക്കൽ ഒഎഫ്എം (അയർലൻഡ്) സഹോദരപുത്രനാണ്. വ്യൂവിംഗ് സർവീസ് ഡിസംബർ ഒന്നിന് തിങ്കളാഴ്ച വൈകുന്നേരം 4 മുതൽ 8 മണി വരെ സിനാട്ര മെമ്മോറിയൽ ഹോം യോങ്കേഴ്സ് (Sinatra Memorial Home, 499 Yonkers Ave, Yonkers, NY 10704). സംസ്കാര ശുശ്രൂഷകൾ ഡിസംബർ മൂന്ന് ബുധനാഴ്ച രാവിലെ 10-ന് ബ്രോങ്ക്സ് സെ. തോമസ് സീറോ മലബാർ ദേവാലയത്തിൽ ആരംഭിച്ച് വൈറ്റ് പ്ലെയിൻസിലുള്ള മൗണ്ട് കാൽവരി സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും.

Church Address: St. Thomas Syro Malabar Church, 810 E, 221 St, Bronx.

Cemetery Address: Mount Calvary, 575 Hillside Ave, White Plains, NY 10605.

Contact: John Valiplackal-917 657 1347.

വാർത്ത: ഷോളി കുമ്പിളുവേലി



# സീറോമലബാർ കൺവൻഷൻ കിക്കോഫ് കാലിഫോർണിയ ലിവർമോർ മിഷനിൽ





ചിക്കാഗോ: രജതജൂബിലി ആഘോഷിക്കുന്ന സീറോമലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവൻഷന്റെ കിക്കോഫ് ഫാ. കുര്യൻ നെടുവേലിചാലുങ്കലിന്റെ നേതൃത്വത്തിൽ കാലിഫോർണിയ ലിവർമോർ സെന്റ് തെരേസ ഓഫ് കൽക്കട്ട സീറോമലബാർ മിഷനിൽ വളരെ ഉത്സാഹപൂർവം നവംബർ 23-ന് നടന്നു. കൺവൻഷന്റെ ഭാഗമായി ഇടവകകൾ സന്ദർശിക്കുന്നതിനും വിവരങ്ങൾ പങ്കുവെക്കുന്നതി

**ബീനാ വള്ളിക്കളം**

നുമായി എത്തിച്ചേർന്ന ഫാ. കുര്യൻ നെടുവേലിചാലുങ്കലിനെയും ജൂബിലി ചെയർമാൻ ജോസ് ചാമക്കാലയെയും രജിസ്ട്രേഷൻ കോ-ഓർഡിനേറ്റർ സണ്ണി വള്ളിക്കളത്തിനെയും ഇടവക വികാരി ഫാ. സിജോ തറക്കുന്നേൽ സ്കറിയയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു. കൺവൻഷൻ കോ-ഓർഡിനേറ്റർമാരായ ജിസ്മോൻ ഓലിക്കൽ, ടോജോ തോമസ് (ട്രസ്റ്റി), ജോബി വരമ്പേൽ, ജോസ് ചുങ്കത്ത്, ട്രസ്റ്റിമാരായ ജെയിംസ് ആലുങ്കൽ, ജോസഫ് താക്കോൽക്കാരൻ, ടോജോ തോമസ് എന്നിവർ മനോഹരമായ കിക്കോഫിന് നേതൃത്വം നല്കി. ജോസ് ചാമക്കാല രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ്, കൺവൻഷൻ പരിപാടികൾ എന്നിവ വിശദീകരിച്ചു. സണ്ണി വള്ളിക്കളം ഏവരെയും കൺവൻഷനിലേക്ക് സ്വാഗതം ചെയ്തു.

രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലി കൂടി ഇതോടൊപ്പം ആഘോഷിക്കുകയാണ്. 2026 ജൂലൈ 9 മുതൽ 12 വരെ അതിമനോഹരമായ ചിക്കാഗോ നഗരത്തിൽ ആഘോഷപൂർവ്വമായി നടക്കുന്ന ഈ കൺവൻഷന്റെ വേദി നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന അതിപ്രശസ്തമായ മക്കോർമിക് പ്ലേസും അതോടു ചേർന്ന മൂന്ന് ഹോട്ടലുകളുമാണ്. കൺവൻഷൻ ടീം രൂപതയിലെ ഇടവകകളിൽ സന്ദർശനം നടത്തി രജിസ്ട്രേഷന്റെയും മറ്റു പരിപാടികളുടെയും വിശദമായ രൂപരേഖകൾ അവതരിപ്പിച്ചുവരുന്നു. നേരിട്ടുള്ള ഈ സന്ദർശനവും ആശയവിനിമയവും വളരെ സ്വാഗതാർഹമാണെന്ന് ഇടവക വികാരിമാരും കൺവൻഷൻ പ്രതിനിധികളും പറയുകയുണ്ടായി. വിശ്വാസ സംരക്ഷണത്തിനും ആശയവിനിമയത്തിനും സൗഹൃദ കൂട്ടായ്മകൾക്കും ഉതകുന്ന വിധത്തിൽ കൺവൻഷൻ ക്രമീകരിക്കുവാൻ ഏവരും ഒറ്റക്കെട്ടായി പരിശ്രമിച്ചുവരുന്നു.

ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വൈവിധ്യമാർന്ന വിഷയാവതരണങ്ങളും സംഘടനാ കൂട്ടായ്മകളും കലാപരിപാടികളും മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്. യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്. അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ അതിബൃഹത്തായ ഈ ആത്മീയ സംഗമത്തിൽ പങ്കാളികളാകാൻ ഏവരെയും കൺവൻഷൻ ടീം ക്ഷണിക്കുന്നു.

ലിവർമോർ പള്ളിയിലെ അച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.-syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# കുഞ്ഞമ്മ ജോർജ് ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: പരേതനായ പാസ്റ്റർ എം.എസ്. ജോർജിന്റെ ഭാര്യ കുഞ്ഞമ്മ ജോർജ് (86) ചിക്കാഗോയിൽ അന്തരിച്ചു. പൊയ്കയിൽ പരേതരായ ചെറിയാൻ ജോസഫിന്റെയും അന്നമ്മ ജോസഫിന്റെയും മകളാണ്. ചിക്കാഗോ ഹോസ്പിറ്റലിൽ കാർഡിയോളജി വിഭാഗത്തിൽ ടെക്നീഷനായിരുന്ന പരേത ഇന്റർനാഷണൽ പെന്തെക്കോസ്ത് അസംബ്ലി സഭാംഗമാണ്. മക്കൾ: വിത്സൺ ജോർജ്, സക്കറിയ ജോർജ്, ഐപിസി മുൻ ജനറൽ കൗൺസിൽ അംഗം ലൂയി ചിക്കാഗോ, ഗാനരചയിതാവ് ഷേർളി ഫിലിപ്പ് (ചിക്കാഗോ), വില്യം ജോർജ്, സാം ജോർജ്. മരുമക്കൾ: സൂസൻ ജോർജ്, ഷൈനി ജോർജ്, മാത്യു ഫിലിപ്പ്, ലൗലി ജോർജ്, ശ്വേതാ ജോർജ്..

മെമ്മോറിയൽ സർവീസ് ഡിസംബർ 5-ന് വെള്ളിയാഴ്ച വൈകിട്ട് നാലു മണിമുതൽ മൗണ്ട് പ്രോസ്പെക്ടിസിലുള്ള സയോൺ ക്രിസ്ത്യൻ ചർച്ചിൽ വെച്ച് നടക്കും. സംസ്കാര ശുശ്രൂഷകൾ ഡിസംബർ 6-ന് ശനിയാഴ്ച രാവിലെ 9.30-ന് സയോൺ ക്രിസ്ത്യൻ ചർച്ചിൽ ആരംഭിച്ച് ഉച്ചയോടെ ഡെസ്പ്ലെയിൻസിലുള്ള റിഡ്ജ് വുഡ് സെമിത്തേരിയിൽ സംസ്കാരം നടത്തും.

വിവരങ്ങൾക്ക്: 312 810 55275

**വാർത്ത: കുര്യൻ ഫിലിപ്പ്**

# പിസിനാക് ചിക്കാഗോ സുവനീർ പ്രസിദ്ധീകരിക്കുന്നു





ചിക്കാഗോ: അടുത്ത വർഷം ജൂലൈ ആദ്യവാരം ചിക്കാഗോയിൽ നടക്കുന്ന നാൽപതാമത് നോർത്ത് അമേരിക്കൻ പെന്തെക്കോസ്ത് കോൺഫറൻസിന്റെ ആഭ്യമുഖ്യത്തിൽ സ്മരണിക പ്രസിദ്ധീകരിക്കുന്നു.

റവ. തോമസ് മുല്ലയ്ക്കൽ ചീഫ് എഡിറ്ററായും കുര്യൻ ഫിലിപ്പ് പബ്ലിഷറായും ഉള്ള എഡിറ്റോറിയൽ ബോർഡിന് പിസിനാക് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകി.

**കുര്യൻ ഫിലിപ്പ്**

അമേരിക്കയിലെ മറ്റു മാധ്യമപ്രവർത്തകരെയും സാഹിത്യ പ്രവർത്തകരെയും ഉൾപ്പെടുത്തി എഡിറ്റോറിയൽ ബോർഡ് വിപുലീകരിക്കും. കഴിഞ്ഞ അര നൂറ്റാണ്ടിൽ അധികമായി നോർത്ത് അമേരിക്കയിൽ സജീവ സാന്നിധ്യമായി പ്രവർത്തിക്കുന്ന പിസിനാക് കോൺഫറൻസിന്റെയും സഭകളുടെയും ചരിത്രം സ്മരണികയിൽ അനാവരണം ചെയ്യും.

പിസിനാക്കിന്റെ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ് സിപിഎ, ഡോ. ജോനാഥൻ ജോർജ്, ജീന വിൽസൺ, എന്നിവർ മാനേജിംഗ് എഡിറ്റേഴ്സ് ആയി പ്രവർത്തിക്കും.

സുവനീർ സംബന്ധമായ വിവരങ്ങൾക്ക് ചീഫ് എഡിറ്റർ റവ. തോമസ് മുല്ലയ്ക്കൽ (214 223 1194), പബ്ലിഷർ കുര്യൻ ഫിലിപ്പുമായോ (847 912 5578) ബന്ധപ്പെടുക: Souvenirpcnak2026@gmail.com




FAMILY DENTAL

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)

Children Welcome
Invisalign & Braces

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056




FULL TIME REALTOR

# മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ (MRA) സിൽവർ ജൂബിലി പ്രൗഢഗംഭീരം; മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് ഉദ്ഘാടനം ചെയ്തു

**ജിതേഷ് ചുങ്കത്ത്**

ചിക്കാഗോ: മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ (MRA) 25 വർഷം പിന്നിട്ടതിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ പ്രൗഢഗംഭീരമായി. നോർത്ത് ബ്രൂക് സിറ്റിയിലെ സെഞ്ചൂറിയൻ ബാങ്ക്വറ്റിൽ നടന്ന കുടുംബസംഗമം മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് ഉദ്ഘാടനം ചെയ്തു.













എംആർഎ (MRA) കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടിയ പ്രൗഢഗംഭീരമായ ഈ പരിപാടിയിൽ മേയർ റോബിൻ ഇലക്കാട്ട് മുഖ്യാതിഥിയായിരുന്നു. കമ്മ്യൂണിറ്റിയുടെ ക്ഷേമത്തിനായി മേയർ റോബിൻ നടത്തുന്ന പ്രവർത്തനങ്ങൾ ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന് വലിയ പ്രചോദനമാണെന്നും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ആഘോഷങ്ങൾക്ക് മാറ്റുകൂട്ടിയെന്നും ഭാരവാഹികൾ പറഞ്ഞു. അമേരിക്കൻ സാമൂഹിക സേവനരംഗത്ത് മേയർ റോബിൻ ഇലക്കാട്ട് നടത്തിവരുന്ന നിസ്തുല സേവനങ്ങളെ ആദരിച്ചുകൊണ്ട് പ്രസിഡണ്ട് സോണി പോൾ മേയറെ പൊന്നാട അണിയിച്ചു.

പൊതുസമ്മേളനത്തിൽ സെക്രട്ടറി ജ്യോതിഷ് തെങ്ങനാട്ട് സ്വാഗതം ആശംസിച്ചു. പ്രസിഡണ്ട് സോണി പോൾ അദ്ധ്യക്ഷപ്രസംഗം നടത്തി. സ്ഥാപക പ്രസിഡണ്ട് ജോർജ് നെല്ലാമറ്റം ആശംസാപ്രസംഗം നിർവഹിച്ചു. ജിതേഷ് ചുങ്കത്ത് നന്ദിപ്രകടനവും നടത്തി.

പരിപാടിയുടെ വിജയത്തിന്റെ അടിത്തറയായ പ്രസിഡണ്ട് സോണി പോളിന്റെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിന് സംഘാടകർ നന്ദി രേഖപ്പെടുത്തി. സ്ഥാപകപ്രസിഡണ്ട് ജോർജ് നെല്ലാമറ്റത്തെ അദ്ദേഹത്തിന്റെ വിശിഷ്ട സേവനങ്ങൾ മുൻനിർത്തി പൊന്നാട നല്കി ആദരിച്ചു.

വൈസ് പ്രസിഡണ്ട് ജോണി ജേക്കബ്, ട്രഷറർ റിച്ചിൻ തോമസ് എന്നിവരുടെ നേതൃത്വത്തിൽ കഴിഞ്ഞ 25 വർഷത്തെ പ്രസിഡണ്ടുമാരെയും 25 വർഷമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളെയും യോഗത്തിൽ ആദരിച്ചു.

പൊതുസമ്മേളനത്തിനു ശേഷം അസോസിയേഷൻ അംഗങ്ങളുടെ വൈവിധ്യമാർന്ന കലാപരിപാടികൾ ആഘോഷങ്ങൾക്ക് കൂടുതൽ നിറം പകർന്നു. കൈരളി കാറ്ററിങ് ഒരുക്കിയ വിഭവസമൃദ്ധമായ ബാങ്ക്വറ്റ് ഡിന്നർ ആഘോഷങ്ങൾക്ക് രുചിക്കൂട്ടൊരുക്കി.

വിവിധ ആരോഗ്യമേഖലാ അസോസിയേഷനുകളെ പ്രതിനിധീകരിച്ച് ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ പ്രസിഡണ്ട് ഡോ. സിമി ജെസ്റ്റോ, മാർക്ക് (MARC) പ്രസിഡണ്ട് ടോം ജോസ് ചെറുവള്ളി, ATPKO പ്രസിഡണ്ട് മജു ഓട്ടപ്പള്ളി എന്നിവർ സംഗമത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

പ്രശസ്ത ഗായകരായ ബ്രിസ്റ്റോ സേവ്യറും അഞ്ജലിയും അവതരിപ്പിച്ച മനോഹരമായ സംഗീതവിരുന്ന് ചടങ്ങിന്റെ മുഖ്യ ആകർഷണമായിരുന്നു. ജോസഫ് വിരുത്തികുളങ്ങര, റോമി നെടുഞ്ചിറ എന്നിവരായിരുന്നു പരിപാടിയുടെ എം.സിമാർ.


പ്രസിഡണ്ട് സോണി പോൾ, സെക്രട്ടറി ജ്യോതിഷ് തെങ്ങനാട്ട്, ട്രഷറർ റിച്ചിൻ തോമസ്, വൈസ് പ്രസിഡണ്ട് ജോണി ജേക്കബ്, ജോയിന്റ് സെക്രട്ടറി റോമി നെടുഞ്ചിറ, പിആർഒ ജിതേഷ് ചുങ്കത്ത്, എംആർഎ സ്ഥാപകപ്രസിഡണ്ട് ജോർജ് നെല്ലാമറ്റം, മറ്റ് മുൻ ഭാരവാഹികൾ എന്നിവരടങ്ങുന്ന സംഘാടക സമിതിയുടെ കൂട്ടായ പരിശ്രമമാണ് പരിപാടിയെ വിജയത്തിലേക്ക് നയിച്ചത്.

പരിപാടിക്ക് എല്ലാ സഹായങ്ങളും നല്കിയ സെഞ്ചൂറിയൻ ബാങ്ക്വറ്റിലെ ജിജി പി. സാമിനും മകൻ ഇവിൻ സാമിനും കൈരളി ഫുഡ് നല്കിയ വിഭവസമൃദ്ധമായ അത്താഴത്തിനും സംഘാടകർ നന്ദി അറിയിച്ചു. മോനു വർഗീസ് (ഫോട്ടോഗ്രാഫർ), സജി പണയപ്പറമ്പിൽ (ഫോക്കസ് സ്റ്റുഡിയോസ്) എന്നിവർ ദൃശ്യപരമായ പിന്തുണ നല്കി.

കമ്മ്യൂണിറ്റിയിൽ ക്രിയാത്മകമായ സ്വാധീനം ചെലുത്തുന്നതിനായി തുടർന്നും പ്രവർത്തിക്കുമെന്ന് അറിയിച്ച എം.ആർ.എ ഭാരവാഹികൾ, ഈ സംഗമത്തിൽ പങ്കെടുത്ത് MRA യുടെ സിൽവർ ജൂബിലി ആഘോഷങ്ങളെ വൻ വിജയമാക്കിത്തീർത്ത മുഴുവൻ കുടുംബാംഗങ്ങൾക്കും നന്ദി അറിയിച്ചു.

**ഫോട്ടോ: മോനു വർഗീസ്**





# മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ സിൽവർ ജൂബിലി ആഘോഷം ചിത്രങ്ങളിലൂടെ...

























# മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ സിൽവർ ജൂബിലി ആഘോഷം ചിത്രങ്ങളിലൂടെ...




















# മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ സിൽവർ ജൂബിലി ആഘോഷം ചിത്രങ്ങളിലൂടെ...

















# മയാമിയിൽ ചരിത്രമെഴുതി വൈദിക കൂട്ടായ്മ "കൊയ്നോനിയ 2025"

ജോയി കുറ്റിയാനി

മയാമി: അമേരിക്കൻ മലയാളികളുടെ ക്രൈസ്തവ ആത്മീയ യാത്രയ്ക്ക് മഹത്തായ പുത്തൻ അദ്ധ്യായം എഴുതി ചേർത്താണ് മലയാളി കത്തോലിക്ക വൈദീക സമ്മേളനത്തിന് മയാമിയിൽ തിരിതെളിഞ്ഞത്.


ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിൽ മാത്രമല്ല വിശാലമായ അമേരിക്കൻ കത്തോലിക്ക സമൂഹത്തിനായി അമേരിക്കയിലുടനീളം ഇന്ന് അഞ്ഞൂറോളം മലയാളി കത്തോലിക്ക വൈദികർ ആത്മീയ അജപാലന ശുശ്രൂഷകളും അതോടൊപ്പം വിവിധ മേഖലകളിലും സേവനം ചെയ്തു വരുന്നു.

കേരളത്തിന്റെ ആഴമേറിയ ആത്മീയ വിശ്വാസ പാരമ്പര്യവും ഇന്ത്യൻ കത്തോലിക്ക സഭാ അനുഷ്ഠാനങ്ങളും ചേരുന്ന സീറോ മലബാർ, സീറോ മലങ്കര, ലാറ്റിൻ റീത്തുകളും ക്നാനായ സഭയും വിവിധ സന്യാസി സമൂഹങ്ങളും കോൺഗ്രിഗേഷനുകളിൽ നിന്നുമുള്ള വൈദികരുമാണ് ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇദംപ്രഥമമായി സംഘടിപ്പിക്കപ്പെട്ട അമേരിക്കൻ മലയാളി കത്തോലിക്ക വൈദിക മഹാസംഗമത്തിൽ പങ്കെടുത്തത്.









"കൊയ്നോനിയ 2025" എന്ന് പേരുനൽകിയ ഈ വൈദിക സമ്മേളനം; വിശ്വാസ-ആത്മീയ ഐക്യത്തിന്റെയും ഭക്തിയുടെയും കൂട്ടായ ബലിയർപ്പണത്തിന്റെയും സഹവർത്തിത്വത്തിന്റെയും കലാസാംസ്കാരിക-വൈഭവ സമന്വയത്തിന്റെയും അസാമാന്യമായ ഒരു മഹോത്സവമായി തീർന്നു.

നവംബർ 18, 19 തീയതികളിലായി നടന്ന ഈ സമ്മേളനത്തിൽ നൂറ്റിഅമ്പതോളം വൈദികർ പങ്കെടുത്തു.

നവംബർ 18-ന് ചൊവ്വാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് കോറൽ സ്പ്രിങ്സ് സെന്റ് എലിസബത്ത് ആൻ സെറ്റൺ കാത്തലിക് ചർച്ച് മൈതാനത്ത് എത്തിച്ചേർന്ന മയാമി ആർച്ച് ബിഷപ് തോമസ് വെൻസ്കി, അമേരിക്കൻ ബിഷപ് കോൺഫറൻസ് അംഗവും പെൻസിക്കോള ബിഷപ്പുമായ വില്യം എ. വാക്ക്, ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ ബിഷപ് ജോയ് ആലപ്പാട്ട്, ചിക്കാഗോ രൂപതയുടെ പ്രഥമ മെത്രാൻ ബിഷപ് എമിരറ്റസ്, ബിഷപ് ജേക്കബ് അങ്ങാടിയത്ത്, വികാർ ജനറൽമാരായ ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് കടുകപ്പള്ളി എന്നിവരോടൊപ്പം അതിഥികളായി എത്തിയ നൂറ്റി അൻപത് വൈദികരെയും കേരള തനിമയുടെ പാരമ്പര്യം ഉണർത്തുന്ന താലപ്പൊലിയും മുത്തുക്കുടകളും ചെണ്ടവാദ്യങ്ങളുടെയും അകമ്പടിയോടെ, ചുവപ്പ് പരവതാനിയിലൂടെ നൈറ്റ് ഓഫ് കൊളംബസിന്റെ ഗാർഡ് ഓഫ് ഓണർ ഏറ്റുവാങ്ങി ദേവാലയത്തിലേക്ക് ഘോഷയാത്രയായി ആനയിച്ചു.

തുടർന്ന് ചിക്കാഗോ രൂപതാദ്ധ്യക്ഷൻ ബിഷപ് മാർ ജോയ് ആലപ്പാട്ടിന്റെ മുഖ്യ കാർമ്മികത്വത്തിലും മൂന്ന് ബിഷപ്പുമാരുടെ സഹ കാർമ്മികത്വത്തിലും 150-ഓളം വൈദികർ ചേർന്ന് മലയാളത്തിൽ ഭക്തിനിർഭരമായി വിശുദ്ധ ബലിയും തിരുക്കർമ്മങ്ങളും അർപ്പിച്ചത് വിശ്വാസി സമൂഹത്തിന് അനിർവ്വചനീയമായ ഒരു ദൈവീകാനുഭവ സന്ധ്യയായി മാറുകയായിരുന്നു.

തുടർന്ന് അത്താഴ വിരുന്നും അതോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിൽ ബിഷപ് ജോയ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു.

ആർച്ച് ബിഷപ് തോമസ് വെൻസ്കി, കൊയ്നോനിയയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. മലയാളി കത്തോലിക്ക വൈദിക സമൂഹം അമേരിക്കൻ സമൂഹത്തിന് ചെയ്തു വരുന്ന ശുശ്രൂഷകളെയും സേവനങ്ങളെയും അദ്ദേഹം പ്രകീർത്തിക്കുകയും പ്രശംസിക്കുകയും ചെയ്തു.

ബിഷപ് വില്യം എ. വാക്കിന്റെ പ്രചോദനാത്മക സന്ദേശത്തിൽ കേരള വൈദികരുടെ തീക്ഷ്ണമായ മിഷിനറി പ്രവർത്തനങ്ങളെകുറിച്ചും പ്രവാസി വിശ്വാസ സമൂഹത്തിന്റെ ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ചും ഒന്നുമില്ലായ്മകളിൽനിന്ന് കുറഞ്ഞ സമയംകൊണ്ട് അമേരിക്കയിൽ സീറോ മലബാർ സഭയുടെ വളർച്ചയും വിശ്വാസാധിഷ്ഠിതമായ ക്രൈസ്തവ കുടുംബ ജീവിതത്തെകുറിച്ചും അഭിനന്ദനങ്ങൾ നേർന്നു സംസാരിച്ചു.



ഇന്ത്യക്ക് വെളിയിൽ സീറോ മലബാർ സഭയ്ക്ക് ആദ്യമായി ഒരു രൂപത ചിക്കാഗോയിൽ സ്ഥാപിക്കപ്പെടുകയും അതിന്റെ പ്രഥമ ബിഷപ്പാകുകയും ചെയ്ത ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന് അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ ഓർഡിനേഷന്റെ സിൽവർ ജൂബിലി ആശംസകൾ അർപ്പിക്കുകയും ബിഷപ് ജോയ് ആലപ്പാട്ട് പൊന്നാട അണിയിച്ച് ആദരിക്കുകയും ജൂബിലി കേക്ക് മുറിച്ച് പങ്കുവെക്കുകയും ചെയ്തു.



പൊതുസമ്മേളനത്തിൽ സീറോ മലബാർ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ, കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, ക്നാനായ വികാരി ജനറൽ റവ. ഫാ. തോമസ് മുളവനാൽ, ഇന്ത്യൻ കോൺസിൽ ജനറൽ അറ്റ്ലാന്റാ രമേശ് ബാബു ലക്ഷ്മൺ തുടങ്ങിയവരുടെ ആശംസാ സന്ദേശം എൽഇഡി സ്ക്രീനിൽ പ്രദർശിപ്പിച്ചു. ചിക്കാഗോ സീറോ മലബാർ സഭയുടെ കഴിഞ്ഞ 25 വർഷത്തെ ശ്രദ്ധേയമായ വളർച്ചയെയും നേട്ടങ്ങളെയും കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശന വേദിയിൽ അവതരിപ്പിച്ചു. 2026 ജൂലൈ ഒൻപത് മുതൽ 12 വരെ തീയതികളിൽ ചിക്കാഗോയിൽവെച്ച് നടത്തപ്പെടുന്ന സീറോ മലബാർ രൂപതാ സിൽവർ ജൂബിലി കൺവൻഷന്റെ കിക്കോഫ് വേദിയിൽ നടത്തപ്പെട്ടു.

സിൽവർ ജൂബിലി കൺവൻഷൻ ഗാനം പാടി പൊതു സമ്മേളനം സമാപിച്ചു.

തുടർന്ന് മയാമി ഔവർ ലേഡി ഓഫ് ഹെൽത്ത് ഫൊറോന ദേവാലയത്തിലെ പ്രതിഭാധനരായ നൂറ്റി ഇരുപത്തിയഞ്ചോളം കലാകാരന്മാർ ചേർന്ന് അവതരിപ്പിച്ച സ്റ്റേജ് ഷോ 'പാവനം' ഈ കലാസന്ധ്യയെ ഏറ്റവും ആകർഷകമാക്കി.

പൊതു സമ്മേളനത്തിൽ 'കൊയ്നോനിയ 2025" ചെയർമാനും ഔവർ ലേഡി ഓഫ് ഹെൽത്ത് വികാരിയുമായ ഫാ. ജോർജ് ഇളമ്പാശ്ശേരി ആമുഖപ്രസംഗവും വികാരി ജനറലും പ്രീസ്റ്റ് ഗാദറിങ് സഹ രക്ഷാധികാരിയുമായ വികാരി ജനറൽ റവ. ഫാ. ജോൺ മേലേപ്പുറം സ്വാഗതവും ജനറൽ കൺവീനർ ജോഷി ജോസഫ് കൃതജ്ഞതയും അർപ്പിച്ചു. ദീപാ ദീപു പരിപാടികളുടെ എംസിയുമായിരുന്നു.

മലയാളി പ്രീസ്റ്റ് സമ്മേളനം വിജയകരമാക്കുന്നതിന് ഇരുപതോളം വിവിധ കമ്മിറ്റി ചെയർമാന്മാരും കൈക്കാരന്മാരും പള്ളിക്കമ്മിറ്റി അംഗങ്ങളും അനേകം വോളണ്ടിയേഴ്സും സുമനസ്സുകളും ഈ ആത്മീയ നേതാക്കന്മാരുടെ ഒത്തുചേരലിനായി വിവിധ പരിപാടികൾ സൂക്ഷ്മതയോടെ ആസൂത്രണം ചെയ്തു സഹായിച്ചു.

രൂപതയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് നടത്തിയ ഈ വൈദിക സമ്മേളനം "കൊയ്നോനിയ 2025" വെറുമൊരു ആഘോഷമല്ല, അത് ഭാവിയിലെ സഭയുടെ ദൗത്യങ്ങൾക്ക് ആലോചന പകരുന്ന ആത്മീയ പ്രചോദന കേന്ദ്രമായി, സഹജീവിതത്തിന്റെ, സേവനത്തിന്റെ, ആത്മീയ ബന്ധത്തിന്റെ പ്രതീകമായി സഭയുടെ ദൗത്യങ്ങൾക്ക് വഴികാട്ടിയും ദിശാസൂചികയുമായും മാറുമെന്ന് പ്രത്യാശിക്കുന്നതായി മാർ ജോയ് ആലപ്പാട്ട് അഭിപ്രായപ്പെട്ടു.












# മയാമിയിൽ വൈദിക സമ്മേളനത്തിന് അനുഗ്രഹ സമാപ്തി – ചിത്രങ്ങളിലൂടെ...




























# മയാമിയിൽ വൈദിക സമ്മേളനത്തിന് അനുഗ്രഹ സമാപ്തി – ചിത്രങ്ങളിലൂടെ...






















# മയാമിയിൽ വൈദിക സമ്മേളനത്തിന് അനുഗ്രഹ സമാപ്തി – ചിത്രങ്ങളിലൂടെ...



# സാക്രമെന്റോ ക്നാനായ കാത്തലിക് കോൺഗ്രസ് ക്നാനായ നൈറ്റും കെസിസിഎൻഎ കൺവൻഷൻ കിക്കോഫും നടത്തി

തമ്പി ചാമക്കാലായിൽ

കാലിഫോർണിയ: സാക്രമെന്റോ ക്നാനായ കാത്തലിക് കോൺഗ്രസിന്റെ (SKCC) ആഭിമുഖ്യത്തിൽ ക്നാനായ നൈറ്റും കെസിസിഎൻഎ 16-ാമത് കൺവൻഷന്റെ കിക്കോഫും നവംബർ 22-ന് ശനിയാഴ്ച വിജയകര







മായി നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ഫാ. റെജിമോൻ തണ്ടാശ്ശേരിയുടെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടുകൂടി ചടങ്ങുകൾ ആരംഭിച്ചു. ദിവ്യബലിക്കു ശേഷം കാപ്പിസൽക്കാരവും സാക്രമെന്റോ വിമൻസ്ഫോറം ഭാരവാഹികൾ പാകം ചെയ്ത വട്ടയപ്പവും എല്ലാവർക്കും നല്കി. തുടർന്നു നടന്ന യോഗത്തിൽ സെക്രട്ടറി ഷിജോ മുത്തേടത്ത് റിപ്പോർട്ടും ട്രഷറർ ജെയ്സ് കളപ്പുരയിൽ കണക്കും അവതരിപ്പിക്കുകയും അംഗങ്ങൾ ഐകകണ്ഠ്യേന പാസാക്കുകയും ചെയ്തു.

തുടർന്നു നടന്ന പൊതുസമ്മേളനം കൊച്ചുകുട്ടികളുടെ 'മാർത്തോമാൻ നന്മയിൽ' എന്നു തുടങ്ങുന്ന ഭക്തിഗാനത്തോടു കൂടി ആരംഭിച്ചു. ട്രഷറർ ജെയ്സ് കളപ്പുരയിൽ സമ്മേളനത്തെ നിയന്ത്രിച്ചു. പ്രസിഡണ്ട് സുബി കല്ലാറ്റ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ അംഗങ്ങളുടെയും തന്റെ സഹഭാരവാഹികളുടെയും സഹകരണത്തെ പ്രത്യേകം പ്രശംസിച്ചു. സ്പിരിച്വൽ ഡയറക്ടർ ഫാ. റെജിമോൻ തണ്ടാശ്ശേരിൽ ആശംസകൾ നേർന്നു. ആർവിപി ജോബിൻ മരങ്ങാട്ടിൽ, വൈസ് പ്രസിഡണ്ട് ജെറിൻ കൊക്കരവാലയിൽ, ജോയിന്റ് സെക്രട്ടറി ഷിബു കുടിലിൽ, വിമൻസ് ഫോറം പ്രസിഡണ്ട് ശ്രീജാ കണ്ണോത്ത്, കെസിവൈഎൽ പ്രസിഡണ്ട് ഗബ്രിയേൽ മരങ്ങാട്ടിൽ, നാഷണൽ വിമൻസ് ഫോറം വൈസ് പ്രസിഡണ്ട് ആലീസ് ചാമക്കാലായിൽ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

നാഷണൽ വിമൻസ് ഫോറത്തിന്റെ (KCWFNA) ആഭിമുഖ്യത്തിൽ നടത്തിയ പാചകമത്സരത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഷെറീനാ മൂത്തേടത്തിനും മറ്റ് അംഗങ്ങൾക്കും പ്രത്യേകം പ്രശംസാഫലകങ്ങൾ സമ്മാനിച്ചു. കഴിഞ്ഞ ഒക്ടോബർ മാസം കാൻകൂണിൽ (മെക്സിക്കോ) നടത്തിയ വിമൻസ് ഫോറം ദേശീയ സമ്മിറ്റിൽ പങ്കെടുത്ത എല്ലാ വനിതാ അംഗങ്ങൾക്കും നാഷണൽ വിമൻസ്ഫോറം വൈസ് പ്രസിഡണ്ട് ആലീസ് ചാമക്കാലായിൽ പ്രത്യേകം സമ്മാനങ്ങൾ നല്കി. സാക്രമെന്റോ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നല്കിയ തമ്പി ആൻഡ് ആലീസ് ചാമക്കാലായിൽ, ഫ്രാൻസിസ് ആൻഡ് ഫിലോമിന പുതിയിടത്തുശ്ശേരിൽ എന്നിവർക്ക് വിമൻസ്ഫോറം പ്രസിഡണ്ട് ശ്രീജാ കണ്ണോത്തിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി അംഗങ്ങൾ പ്രത്യേക പ്രശംസാഫലകങ്ങൾ നല്കി ആദരിച്ചു. ക്നാനായ നൈറ്റിൽ വനിതാ അംഗങ്ങൾ എല്ലാവരും ഒരേ രീതിയിലുള്ള സാരി ധരിച്ചത് പ്രത്യേകം ആകർഷണീയമായി. ഇതിനു നേതൃത്വം നല്കിയ വിമൻസ്ഫോറം സെക്രട്ടറി സ്റ്റെല്ലാ കറ്റുവീട്ടിലിനെ എല്ലാവരും അഭിനന്ദിച്ചു. തുടർന്ന് കെസിസിഎൻഎയുടെ 16-ാമത് കൺവൻഷന്റെ രജിസ്ട്രേഷൻ ഉദ്ഘാടനവും കിക്കോഫും കെസിസിഎൻഎ ജോയിന്റ് സെക്രട്ടറി സൂസൻ തെങ്ങുംതറയിൽ നടത്തി. മുൻ എസ്കെസിസി പ്രസിഡണ്ടുമാരായ ബെന്നി ഇല്ലിക്കാട്ടിൽ, സിറിൾ ജോൺ തടത്തിൽ എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു. ആർവിപി ജോബിൻ മരങ്ങാട്ടിൽ മെഗാ സ്പോൺസറായി ചെക്ക് കൈമാറി. ഏകദേശം പതിനഞ്ച് കുടുംബങ്ങൾ കൺവൻഷനിലേക്ക് രജിസ്റ്റർ ചെയ്തു ചെക്കുകൾ കൈമാറി. അമേരിക്കയിലെ ഏറ്റവും പുതിയതും വളരെ ചെറുതുമായ സാക്രമെന്റോ അസോസിയേഷന്റെ പ്രവർത്തനങ്ങളെയും കുറഞ്ഞകാലം കൊ






ണ്ട് കെസിസിഎൻഎയിൽ പ്രത്യേകം വ്യക്തിമുദ്ര കാണിക്കുവാൻ എസ്.കെ.സി.സിക്ക് കഴിഞ്ഞുവെന്നും ഒരു ആർവിപി, രണ്ട് വിമൻസ്ഫോറം നാഷണൽ പ്രസിഡണ്ടുമാർ എന്നിവർ ഈ യൂണിറ്റിൽ നിന്നുള്ളവരാണെന്നും സൂസൻ തെങ്ങുംതറയിൽ തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പ്രത്യേകം പരാമർശിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. നാഷണൽ കൗൺസിലർ സ്റ്റെയ്സി കുന്നശ്ശേരിൽ കൃതജ്ഞത പറഞ്ഞു. സ്നേഹവിരുന്നോടു കൂടി പരിപാടികൾ സമാപിച്ചു.

# ഷോൺ അറയ്ക്കപ്പറമ്പിൽ പ്രതിനിധീകരിച്ച യുഎസ്–17 വോളിബോൾ ടീം വെങ്കലം നേടി



ചിക്കാഗോ: യുഎസ്എ വോളിബോൾ ബോയ്സ് യു-17 നാഷണൽ ടീം അവരുടെ ആദ്യ NORCECA കോണ്ടിനെന്റൽ ചാമ്പ്യൻഷിപ്പ് മത്സ



രത്തിൽ ബ്രോൺസ് മെഡൽ നേടി ചരിത്രം സൃഷ്ടിച്ചു. ഈ ലെവലിൽ ടീം യുഎസ്എ പ്രതിനിധീകരിക്കുന്ന ആദ്യ അമേരിക്കൻ മലയാളിയായ ഷോൺ ജോൺ അറയ്ക്കപറമ്പിലിന്റെ കഴിവുറ്റ പ്രകടനം യുഎസ് ടീമിന്റെ വിജയത്തിന് നിർണായക പങ്കുവഹിച്ചു. ഞീഴൂർ സ്വദേശികളായ അറയ്ക്കപ്പറമ്പിൽ സനീഷ്-അനീറ്റ ദമ്പതികളുടെ രണ്ടാമത്തെ പുത്രനായ ഷോൺ ആർലിംഗ്ടൺ ഹൈറ്റ്സിലുള്ള ജോൺ ഹെർഷി ഹൈസ്കൂൾ പത്താം ക്ലാസ് വിദ്യാർത്ഥിയാണ്.

2025-ലെ ടീം യുഎസ്എ ബോയ്സ് യു-17 ടീമിൽ മനാഗ്വാ, നിക്വരാഗ്വയിൽ മത്സരിക്കാൻ പന്ത്രണ്ട് മികച്ച യുവതാരങ്ങൾ ഉൾപ്പെട്ടിരുന്നു. ഈ ടീമിലേക്ക് ഷോൺ തെരഞ്ഞെടുക്കപ്പെട്ടത് മലയാളി സമൂഹത്തിന് പ്രത്യേക അഭിമാനമാണ്.

അമേരിക്കൻ യുവ കായികരംഗത്ത് വൈവിധ്യം വളർന്ന് വരുന്നതിന്റെ ഒരു നല്ല ഉദാഹരണവുമാണിത്. മെക്സിക്കോ, ക്യൂബ, ഡൊമിനിക്കൻ റിപ്പബ്ലിക് എന്നീ ശക്തരായ ടീമുകൾക്കെതിരെ ടീം യുഎസ് ശ്രദ്ധേയമായ ജയങ്ങൾ നേടിയെടുത്തു.

കടുത്ത സമ്മർദ്ദ സാഹചര്യങ്ങളിലും കളിക്കാർ ഉജ്വലപ്രകടനം കാഴ്ചവെച്ചു, പരസ്പരം വലിയ പിന്തുണയും നല്കി. ആദ്യമായുള്ള അവരുടെ NORCECA മത്സരത്തിൽ തന്നെ ബ്രോൺസ് മെഡൽ നേടാൻ കഴിഞ്ഞത് യുഎസ്എ വോളിബോൾ ചരിത്രത്തിലെ ഏറെ അഭിമാനകരമായ നിമിഷമായി. മലയാളി കുട്ടികൾക്കും കുടുംബങ്ങൾക്കും ഷോണിന്റെ നേട്ടങ്ങൾ വലിയ പ്രചോദനവും പ്രതീക്ഷയും നല്കുന്നു. വോളിബോളിലും മറ്റ് കായികരംഗങ്ങളിലും ഉയർന്ന തലങ്ങളിൽ വിജയിക്കാനാകുമെന്ന് ഇതു കാണിക്കുകയാണ്. സമാനമായ പശ്ചാത്തലമുള്ള യുവതാരങ്ങൾ അവരുടെ കഴിവുകൾ പിന്തുടർന്ന് അന്താരാഷ്ട്രവേദികളിൽ പങ്കെടുക്കാൻ ഷോണിന്റെ യാത്ര നല്ലൊരു പ്രചോദനമാണ്. ഈ വർഷത്തെ നേട്ടങ്ങൾ അമേരിക്കൻ വോളിബോളിന്റെ ഭാവി വളർച്ചയ്ക്ക് ശക്തമായ അടിത്തറയാകുന്നു.

കൂടുതൽ വൈവിധ്യമാർന്ന പങ്കാളിത്തത്തിനും മികച്ച പ്രകടനങ്ങൾക്കുമുള്ള വഴിയൊരുക്കുന്നതിൽ ഷോണും അദ്ദേഹത്തിന്റെ കൂട്ടാളികളും മുൻനിരയിൽ നിൽക്കുന്നു.

# ചിക്കാഗോ മലയാളി അസോസിയേഷൻ ചാരിറ്റി ഡേ ഉദ്ഘാടനം പ്രൗഢോജ്വലമായി

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ 2025-27 കാലയളവിലേക്കുള്ള ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2025 നവംബർ 23-ന് ഞായറാഴ്ച വൈകിട്ട് 7.30-ന് അസോസിയേഷൻ ഹാളിൽവെച്ച് പ്രൗഢഗംഭീരമായി നടത്തപ്പെട്ടു.

**ബിജു മുണ്ടക്കൽ**

പ്രസിഡണ്ട് ജോസ് മണക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സെക്രട്ടറി ബിജു മുണ്ടക്കൽ അവതാരകനായിരുന്നു. ചിക്കാഗോ മാർത്തോമാ ചർച്ച് വികാരി റവ. ആശിഷ് തോമസിന്റെ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ഡോ. സൂസൻ ചാക്കോ സാഗതം ആശംസിച്ചു. ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പ്രശസ്ത മജീഷ്യനും മോട്ടിവേഷണൽ സ്പീക്കറും പ്രമുഖ ചാരിറ്റി പ്രവർത്തകനുമായ ഗോപിനാഥ് മുതുകാട് നിർവഹിച്ചു. ദയ, ദാനം, ദമം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമാകണം നമ്മുടെ ചാരിറ്റി പ്രവർത്തനങ്ങളെന്ന് തന്റെ ഉജ്വലമായ പ്രഭാഷണത്തിലൂടെ മുതുകാട് സദസ്സിനെ ഓർമിപ്പിച്ചു. തന്റെ തീക്ഷ്ണമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ ഗോപിനാഥ് മുതുകാട്, സദസ്സിനെ മറ്റൊരു തലത്തിലേക്ക് കൊണ്ടുപോയത് വേറിട്ടൊരു അനുഭവമായി. മുഖ്യ പ്രഭാഷണം നടത്തിയ മിസ്സൂറി സിറ്റി മേയർ റോബിൻ ജെ. ഇലക്കാട്ട് ചിക്കാഗോ മലയാളി അസോസിയേഷന്റെ എല്ലാ പ്രവർത്തനങ്ങളെയും പ്രകീർത്തിച്ചതോടൊപ്പം അടുത്ത രണ്ടു വർഷങ്ങൾ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ചെയ്യുവാൻ പുതിയ നേതൃത്വത്തിന് കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. മൂന്നാം തവണയും മിസ്സൂറി സിറ്റി മേയറായി തെരഞ്ഞെടുക്കപ്പെട്ട റോബിനെ സമ്മേളനം അഭിനന്ദിച്ചു.



ചാരിറ്റി പ്രവർത്തന ഉദ്ഘാടന സമ്മേളനത്തിന്റെ സ്പോൺസറും കെയർ ആൻഡ് ഷെയർ ചാരിറ്റി ഓർഗനൈസേഷന്റെ ഫൗണ്ടർ ചെയർമാനുമായ ടോണി ദേവസ്സി, അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് തന്റെ എല്ലാ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്തതോടൊപ്പം മുതുകാടിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന DAC-ക്ക് (Different Art Center) പതിനായിരം ഡോളർ സംഭാവന വാഗ്ദാനം നൽകുകയും ചെയ്തു. തുടർന്ന് ആശംസകൾ അറിയിച്ചു സംസാരിച്ച ലൈഫ് ആൻഡ് ലിംബ് സ്ഥാപകൻ ജോൺസൻ സാമുവേൽ, അർഹരായവർക്ക് സഹായം നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറഞ്ഞു. ലൈഫ് ആൻഡ് ലിംബിലൂടെ അർഹരായ ആളുകൾക്ക് വിദേശ നിർമ്മിത കൃത്രിമക്കാലുകൾ സൗജന്യമായി നൽകിക്കൊണ്ട് എല്ലാവർക്കും മാതൃകയാവുകയാണ് ജോൺസൻ സാമുവേൽ.



തുടർന്ന്, ഫൊക്കാന മുൻ പ്രസിഡണ്ട് പോൾ കറുകപ്പള്ളിൽ, ഫോമാ സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ട് ജോൺസൻ കണ്ണൂക്കാടൻ, ഫൊക്കാന റീജിയൻ വൈസ് പ്രസിഡണ്ട് സന്തോഷ് നായർ എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് മൗണ്ട് പ്രോസ്പെക്റ്റിലുള്ള ഫുഡ് പാൻട്രിയിലേക്ക് ചിക്കാഗോ മലയാളി അസോസിയേഷൻ നൽകുന്ന സംഭാവന പ്രസിഡണ്ട് ജോസ് മണക്കാട്ടിൽനിന്നും ഏറ്റുവാങ്ങിക്കൊണ്ട് മേയർ റോബിൻ ജെ. ഇലക്കാട്ട് നിർവ്വഹിച്ചു.

ചാരിറ്റി പ്രവർത്തന രംഗത്ത് നിരവധി വർഷങ്ങളുടെ പ്രവർത്തന പാരമ്പര്യമുള്ള ടോണി ദേവസ്സിയെ മേയർ റോബിൻ ജെ. ഇലക്കാട്ട് പൊന്നാട അണിയിച്ച് ആദരിച്ചു. ചിക്കാഗോ മലയാളി അസോസിയേഷന്റെ 2025-27 കാലയളവിലേക്കുള്ള ചാരിറ്റിപ്രവർത്തനങ്ങളുടെ ഉദ്ഘാടനം, നിറഞ്ഞ സദസ്സിനെ സാക്ഷിനിർത്തിക്കൊണ്ട് മുതുകാട്, മേയർ റോബിൻ ജെ. ഇലക്കാട്ട്, ടോണി ദേവസ്സി, ജോൺസൻ സാമുവേൽ, പോൾ കറുകപ്പള്ളിൽ, സന്തോഷ് നായർ, ജോൺസൻ കണ്ണൂക്കാടൻ, ജോസ് മണക്കാട്ട്, ബിജു മുണ്ടക്കൽ, അച്ചൻകുഞ്ഞു മാത്യു, ലൂക്ക് ചിറയിൽ, ബോർഡ് അംഗങ്ങളായ വർഗീസ് തോമസ്, ഡോ. സൂസൻ ചാക്കോ, ഡോ. ഏബ്രഹാം മാത്യു, ബീന ജോർജ്, ജിനോയ് മാത്യു എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിച്ചുകൊണ്ട് നിർവ്വഹിച്ചു.

അച്ചൻകുഞ്ഞു മാത്യു പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

# ചിക്കാഗോ എക്യൂമെനിക്കൽ കൗൺസിൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ്

ചിക്കാഗോ: എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് ഇൻ ചിക്കാഗോയുടെ ആഭിമുഖ്യത്തിലുള്ള ബാസ്ക്കറ്റ് ബോൾ ടൂർണമെന്റ് ഈ വർഷവും വളരെ ഭംഗിയോടും ഉത്തരവാദിത്ത മനോഭാവത്തോടും കായിക മര്യാദയോടും നടത്തപ്പെട്ടു. നവംബർ 22-ന് രാവിലെ ഒൻപതിന് 10 ടീമുകൾ Glen Ellen അക്കർമാൻ സ്പോർട്സ് കോംപ്ലക്സിൽ അണിനിരന്നു.



കൗൺസിൽ പ്രസിഡണ്ട് തോമസ് മാത്യു അച്ചന്റെ പ്രാർത്ഥനയ്ക്ക്ശേഷം ടൂർണമെന്റ് ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു.

ഈ ടൂർണമെന്റിന്റെ ചെയർപേഴ്സണായി റവ. ബിജു യോഹന്നാൻ അച്ചനും കൺവീനറായി റോഡ്ണി സൈമണും നേതൃത്വം നൽകിയ വർണ്ണശബളമായ ഒരു കമ്മിറ്റി ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ചു. പല ഇടവകകളിൽനിന്നുള്ള യുവജനങ്ങളെ ഉൾക്കൊണ്ട്, ക്രിസ്തുദേവന്റെ സ്നേഹം പരസ്പരം മനസ്സിലാക്കുവാൻ ഈ സ്പോർട്സ് മിനിസ്ട്രി സഹായം ആകുന്നു.

ഈ ടൂർണമെന്റിന്റെ വിജയികളായി പുതുശ്ശേരിയിൽ ഫാമിലി സംഭാവനചെയ്ത എവർ റോളിംഗ് ട്രോഫി, സേക്രെഡ് ഹാർട്ട് ക്നാനായ കാത്തലിക് ചർച്ച് (Bensenville) ക്യാപ്റ്റൻ Cherian Chalackal ഏറ്റുവാങ്ങി.

ടൂർണമെന്റ് റണ്ണേഴ്സ് അപ്പ് ചിക്കാഗോ മാർത്തോമ ചർച്ച് ടീം ക്യാപ്റ്റൻ Ebin Sam ട്രോഫി സ്വീകരിച്ചു. CSI, Syro Malabar ടീമുകൾ സെമി ഫൈനലിൽ എത്തിയിരുന്നു.

താഴെപ്പറയുന്ന ടീം മെമ്പേഴ്സ് വ്യക്തിഗത ഫലകങ്ങൾക്ക് അർഹരായി.

MVP Final-Abel, Sacred Heart Church

MVP-Kevin, Chicago Mar Thoma Church

MVP Defense Jalen, Sacred Heart Church

MVP Tournament Defense Jared Brandy, CSI Church

ഏകദേശം 250-ഓളം കാണികളും കളിക്കാരും ഉൾപ്പെട്ട ഈ വേദി ഏകദേശം അഞ്ചരമണിയോടെ പര്യവസാനിച്ചു. PRO's: Sam Thekkanal, Johnson Valliyil

# ഫാൻസിമോൾ പള്ളാത്തുമഠം ഫൊക്കാന അസോസിയേറ്റ് ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്നു



ടെക്സസ്: ഫൊക്കാനയുടെ 2026-28 കാലയളവിൽ ലീലാ മാരേട്ട് നയിക്കുന്ന പാനലിൽ അസോസിയേറ്റ് ട്രഷറർ സ്ഥാനത്തേക്ക് ഫാൻസിമോൾ പള്ളാത്തുമഠം മത്സരിക്കുന്നു. പ്രശസ്ത സാമൂഹിക പ്രവർത്തകയും സംരംഭകയും ആരോഗ്യ പരിപാലന രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള ഫാൻസിമോൾ ഇപ്പോൾ ടെക്സസ് റീജിയൻ പ്രസിഡണ്ടാണ്.

നല്ല ഒരു റീജിയൻ ഉദ്ഘാടനം നടത്തി എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റിയ ഫാൻസിമോൾ ഫൊക്കാനയുടെ ഒരു വലിയ മുതൽക്കൂട്ടാണ്. പൂനെ എഎഫ്എംസിയിൽ നിന്നും ബി.എസ്എൻ ബിരുദം കരസ്ഥമാക്കിയശേഷം എം.ബിഎയും എടുത്ത് ഹെൽത്ത് കെയർ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചു. അമേരിക്കയിൽ എത്തിയശേഷം ഹെൽത്ത് കെയർ അഡ്മിനിസ്ട്രേഷനിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും പ്രവർത്തനമേഖല വിപുലീകരിക്കുകയും ചെയ്തു. മൂന്നു വ്യത്യസ്തങ്ങളായ ലബോറട്ടറികളുടെ സ്ഥാപകയും സിഇഒയും ആയും പ്രവർത്തിക്കുന്ന അവർ ഹെൽത്ത് കെയർ കമ്പനികൾക്കും ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്കുമായി കൺസൾട്ടിംഗ് സ്ഥാപനങ്ങളും തുറന്നു പ്രവർത്തിച്ചു.

മലയാളി സമൂഹത്തിനും ഇന്ത്യൻ സമൂഹത്തിനാകമാനവും അഭിമാനിക്കാവുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. അമേരിക്കയിൽ സാമൂഹിക പ്രവർത്തന രംഗത്ത് നിറസാന്നിദ്ധ്യമായ ഫാൻസിമോൾ പള്ളാത്തുമഠത്തിന്റെ സാന്നിദ്ധ്യം ഫൊക്കാനയ്ക്ക് ഏറെ ഗുണം നല്കുമെന്നതിൽ സംശയമില്ല.

# പൈതൃകം 2026 ഏപ്രിൽ 10, 11, 12 തീയതികളിൽ









ഓഷ്യാന: ഓഷ്യാനയിലെ ക്നാനായക്കാരുടെ കൂട്ടായ്മയായ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് ഓഷ്യാനയുടെ 6-ാമത് കൺവൻഷൻ പൈതൃകം 2026 സിഡ്നിയിലെ William Inglis ഹോട്ടലിൽ ഏപ്രിൽ 10, 11, 12 തീയതികളിൽ നടത്തപ്പെടുന്നു. ഇതിന്റെ ടിക്കറ്റ് വില്പനയുടെ ഔദ്യോഗിക ഉദ്ഘാടനം സെപ്റ്റംബർ 6-ന് സിഡ്നിയിലെ ഓണാഘോഷ പരിപാടിയിൽ കെസിസിഒ പ്രസിഡണ്ട് ജോസ് ഏബ്രഹാം ചക്കാലപ്പറമ്പിൽ കൺവൻഷൻ ചെയർമാനും സിഡ്നി ക്നാനായ കാത്തലിക് അസോസിയേഷൻ പ്രസിഡണ്ടുമായ ബേബി ജോസഫ് പാട്ടകണ്ടത്തിലിന് ആദ്യടിക്കറ്റ് നല്കി ഉദ്ഘാടനം നിർവഹിച്ചു.

കെസിസിഒ വൈസ് പ്രസിഡണ്ട് ജിജോമോൻ തോമസ്, കെസിസിഒ നാഷണൽ കൗൺസിൽ മെംബേഴ്സ് വിനു ഏബ്രഹാം, ജോസി ഷിജു എന്നിവരും സന്നിഹിതരായിരുന്നു. Skca-യുടെഎല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി മെംബേഴ്സും ഈ പരിപാടിയിൽ പങ്കെടുത്തു. കെസിസിഒ കൺവൻഷൻ എല്ലാ രണ്ടുവർഷവും കൂടിയാണ് നടക്കുന്നത്. സിഡ്നി ക്നാനായ കാത്തലിക് അസോസിയേഷനാണ് ഈ വർഷത്തെ കൺവൻഷന് ആഥിത്യമരുളുന്നത്. 1700 പേർക്കുള്ള താമസമാണ് നാല് ഹോട്ടലുകളിലായി മൂന്നു ദിവസത്തെ ഈ വലിയ ക്നാനായ മാമാങ്കത്തിനായി ക്രമീകരിച്ചിരിക്കുന്നത്. ടിക്കറ്റ് വില്പന ആരംഭിച്ച് വെറും 25 ദിവസത്തിനുള്ളിൽ 1700 പേർ ബുക്ക് ചെയ്ത ചരിത്രനേട്ടവും ഈ കൺവൻഷന്റെ പ്രത്യേകതയാണ്. ഓഷ്യാനയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും ജനപങ്കാളിത്തമുള്ള ഒരു കൺവൻഷൻ നടക്കുന്നത്.

സഭയും സമുദായവും ഒന്നിച്ചു നിൽക്കുക എന്നത് ഏതൊരു ക്നാനായക്കാരന്റെയും വികാരമാണെന്നും എല്ലാ ക്നാനായക്കാരും അതാണ് ആഗ്രഹിക്കുന്നതെന്നും അതുവഴി വളർന്നുവരുന്ന തലമുറയ്ക്ക് നമ്മൾ മാതൃക കാണിച്ചുകൊടുത്ത്, അവരെ നമ്മോടു ചേർത്തു നിർത്തി നമ്മുടെ സമുദായത്തിന് യാതൊരു കോട്ടവും കൂടാതെ നൂറ്റാണ്ടുകളോളം കാത്തുപരിപാലിക്കുക എന്നത് ഓഷ്യാനയിലെ ഓരോ ക്നാനായക്കാരന്റെയും കർത്തവ്യമാണെന്ന തിരിച്ചറിവാണ് ഇത്രയും വലിയ ജനപിന്തുണ ഈ കൺവൻഷന് കിട്ടിയത്. നീണ്ട 12 വർഷത്തെ ഇടവേളയ്ക്കുശേഷം നമ്മുടെ സഭാപിതാക്കന്മാർ ഈ കൺവൻഷനിൽ പങ്കെടുക്കുന്നു എന്ന ചരിത്രനേട്ടവും ഈ കൺവൻഷന് മാറ്റ്കൂട്ടുന്നു.

എല്ലാ ക്നാനായക്കാരെയും ഒരു കുടക്കീഴിൽ അണിനിരത്തി, തനിമയും ഒരുമയും വിശ്വാസവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യം നടപ്പിലാക്കുവാൻ ഈ കമ്മിറ്റി വന്ന നാൾ മുതൽ തുടങ്ങിയ പരിശ്രമത്തിന് ലക്ഷ്യം കാണുന്നു എന്നത് അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്നു.

എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കുവാൻ സാധിക്കുന്ന, ഒരുമയുടെയും സാഹോദര്യത്തിന്റെയും മാതൃക പ്രതിഷ്ഠിക്കുന്ന ഒരുപാട് നല്ല മുഹൂർത്തങ്ങൾ സൃഷ്ടിക്കുവാനായിട്ട് SKCA എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധങ്ങളായ കമ്മിറ്റികൾ രൂപീകരിച്ച് എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിച്ചുവരുന്നുവെന്നും ഈ അസുലഭ മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിക്കുവാനായിട്ട് ഓഷ്യാനയിലെ എല്ലാ ക്നാനായ മക്കളേയും സിഡ്നിയിലേക്ക് സ്വാഗതം ചെയ്തുകൊള്ളുന്നുവെന്നും കെസിസിഒ പ്രസിഡണ്ട് ജോസ് ഏബ്രഹാം, കൺവൻഷൻ ചെയർമാൻ ബേബി ജോസഫ്, കെസിസിഒ സെക്രട്ടറി ജോസഫ് ചാക്കോ എന്നിവർ അറിയിച്ചു.

# ഇലപൊഴിയും കാലം

കവിത



ലൂസി കണിയാലി
(ചിക്കാഗോ)

ഇലപൊഴിയും കാലത്തിലെത്തി നോക്കുമ്പോൾ
കരളലിയിക്കും കഥകൾ പറഞ്ഞു കരിയിലകൾ
അമ്മ മരത്തിന്റെ ഉണങ്ങിയ ചില്ലകൾ
കണ്ണുനീർ വാർത്തില്ല, ചേർത്തു പിടിച്ചില്ല.

അലറിയടിച്ചോടിയ കാറ്റിന്റെ ഭീകരശബ്ദത്തിൽ
ഉണക്കമരത്തിന്റെ തേങ്ങലാരും കേട്ടതില്ല
കരിയിലക്കൂട്ടങ്ങളെ നാലുപാടും ചിതറിച്ച കാറ്റുംപോയി
ആ മരച്ചോട്ടിൽ ആരുമില്ലാതെയായ്.

രാത്രിതൻ യാമങ്ങളിൽ കോച്ചിവലിക്കുന്ന
കുളിരിൽ വിറച്ചുപോയ് മാമരക്കൊമ്പുകൾ
പണ്ടു വസന്തത്തിൽ ആ മരഗർഭത്തിൽ
ആർത്തുകിളിർത്തൊരായിരം തളിർനാമ്പുകൾ

പച്ചപ്പും തണലുമായി അമ്മതൻ മാറിടത്തിൽ
ചേർന്നുകിടന്നാലോലം ആടിയ ചില്ലകൾ
പൂക്കളായ് കായ്കളായ് പൂത്തുമ്പികൾക്കോണമായ്
വസന്തം വഴിമാറിയപ്പോൾ ഗ്രീഷ്മം വരവായ്

അമ്മ മരത്തിൽ കായ്കൾ പഴങ്ങളായ്
വിതയ്ക്കാതെ കൊയ്യാതെ കളപ്പുരകളിൽ കരുതാതെ
വിണ്ണിൽ പറക്കുന്ന കിളികൾക്ക് വിരുന്നൂട്ടിയമ്മ
ഗ്രീഷ്മത്തിലെ സൂര്യൻ കടലിനടിത്തട്ടിലൊളിച്ചു.

ശിശിരം കടന്നുവന്ന് അമ്മമരത്തിനെ തൊട്ടു
കണ്ണിലിരുട്ടുകയറും പകലൊന്നിൽ
പച്ച ശരീരത്തിൽ വീണു പുഴുക്കുത്തുകൾ
വേച്ചു നടക്കുവാൻ പറ്റാത്ത ദിനങ്ങളിൽ

മരവിച്ചുപോയി മനസ്സിന്റെ മന്ത്രങ്ങൾ
കൈയ്യെത്താ ദൂരത്തിൽ പറന്നുപോയ കരിയിലമക്കളെ
കണ്ടിട്ടും കാണാതെ കരയാനാകാത്ത അമ്മയോട്
പൊറുക്കണെ വരാനുള്ള വസന്തത്തെയോർത്തെങ്കിലും.



പുസ്തകപരിചയം

# ഹൃദയപക്ഷ ചിന്തകൾ

**ജെ. മാത്യൂസ്**

മാനവീയ മൂല്യങ്ങളുടെ മഹത്വം യുക്തിസഹമായി ഉയർത്തിക്കാണിക്കുന്ന 12 ലേഖനങ്ങളുടെ സമാഹാരമാണ് 'ഹൃദയപക്ഷ ചിന്തകൾ'. ഗ്രന്ഥകർത്താവായ അമ്പഴയ്ക്കാട്ട് ശങ്കരൻ ഇതിനോടകം വഴിയമ്പലം (നോവൽ), കൊടുക്കാക്കടം (ചെറുകഥാ സമാഹാരം) എന്നീ കൃതികളിലൂടെ സാഹിത്യ




അമ്പഴയ്ക്കാട്ട് ശങ്കരൻ

രംഗത്ത് സുപരിചിതനാണ്. 2016 മുതൽ 2023 വരെയുള്ള കാലയളവിൽ വിവിധ വിഷയങ്ങളിലുണ്ടായ സംഭവവികാസങ്ങൾ ശ്രദ്ധയോടെ അപഗ്രഥിച്ചെഴുതിയ ലേഖനങ്ങളാണ് 'ഹൃദയപക്ഷ ചിന്ത'കളിൽ ഇടംപിടിച്ചിരിക്കുന്നത്. ശ്രീ ശങ്കരൻ ഈ ലേഖനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ വർഷങ്ങൾക്കു ശേഷവും (ഇന്നും) പ്രസക്തിയുള്ളവയാണ്, ചർച്ച ചെയ്യപ്പെടേണ്ടവയാണ്.

മനുഷ്യജീവിതത്തെ സാരമായി സ്വാധീനിക്കുന്ന വിവിധ വിഷയങ്ങളിൽ ശങ്കരന്റെ തൂലിക സജീവമായിട്ടുണ്ട്. ഏതൊരു നാട്ടിലുമുള്ള മനോഹരമായ കാഴ്ചകൾക്കപ്പുറം, ദൃഷ്ടിയിൽപ്പെടാതെ അവഗണിക്കപ്പെട്ടു കിടക്കുന്ന അശരണരിൽ ലേഖകന്റെ കണ്ണ് ചെന്നു തറയ്ക്കുന്നു. അവരുടെ കണ്ണീരിൽ മുക്കിയ തൂലിക ചലിപ്പിക്കുമ്പോൾ വാക്കുകളുടെ നിറം ചുമപ്പാകുന്നു. ഹൃദയത്തിന്റെ തനിനിറം.

അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപും ഇന്ത്യയിലെ മോദിയും റഷ്യ ഭരിക്കുന്ന പുട്ടിനും ലേഖനങ്ങളിൽ മുഖം കാണിക്കുന്നുണ്ട്. അവരുടെ ക്രൂരമായ ഭരണനയങ്ങൾ ചവിട്ടിയരയ്ക്കുന്ന നിരപരാധികൾ ലേഖകന്റെ വാക്കുകൾക്ക് മൂർച്ച കൂട്ടുന്നു. ജനാധിപത്യത്തിന്റെ കുപ്പായമണിഞ്ഞ കുത്തകമുതലാളിത്തവും അവരുടെ സ്തുതിപാഠകരായ കോർപറേറ്റ് മാധ്യമങ്ങളും തന്ത്രപൂർവം രൂപപ്പെടുത്തിയിരിക്കുന്ന ജനവിരുദ്ധമായ പൊതുബോധത്തിനെതിരെ തൂലിക ചലിക്കുമ്പോൾ വാക്കുകൾക്ക് മൂർച്ച കൂടും. ചിലർക്കതിൽ മുറിവേൽക്കും. അത് സ്വാഭാവികമാണ്.

സ്ത്രീകൾക്കും കീഴാളർക്കുമെതിരെയുള്ള അന്യായമായ അവഗണനയ്ക്കെതിരെ ധീരമായി പൊരുതിയ മനുഷ്യസ്നേഹികളുടെ ത്യാഗം ലേഖകൻ ആദരവോടെ രേഖപ്പെടുത്തുന്നു. ഈ ദുരവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ലേഖകൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഏതൊരു യുദ്ധവും ചെന്നവസാനിക്കുന്നത് നിരപ





രാധികളുടെ ദുരിതത്തിലാണ്, ദുരന്തത്തിലാണ്, അകാല മരണത്തിലാണ്. ഇരുഭാഗത്തും മരിച്ചുവീഴുന്നവരുടെ ശവം എണ്ണി വൈരാഗ്യം വർദ്ധിപ്പിക്കുകയാണ് ലോകത്തുള്ള ആയുധവ്യവസായികൾ. എവിടെയെല്ലാം എത്രമാത്രം മനുഷ്യർ ദുരിതിച്ചാലും മരിച്ചാലും ആയുധ വ്യവസായികളുടെ നോട്ടം വില്പനയിലുള്ള ലാഭത്തിലാണ്. പല ഭരണകൂടങ്ങളും ശക്തരായ ആയുധവ്യവസായികളുടെ തടവറയിൽ കഴിയുന്നു. ഇക്കാര്യം 'യുദ്ധഭൂമിയിലെ കഴുകന്മാർ' എന്ന ലേഖനത്തിൽ വ്യക്തമായി തെളിയിക്കുന്നു. ഒരു ഗ്രാഫിൽ അമേരിക്ക വിറ്റഴിക്കുന്ന ആയുധങ്ങളുടെ കണക്കുണ്ട്. മറ്റൊന്നിൽ ഓരോ രാജ്യത്തെയും പ്രമുഖ ആയുധക്കമ്പനികളുടെ വില്പനക്കണക്കുമുണ്ട്.

ഈ സമാഹാരത്തിലുള്ള ഓരോ ലേഖനവും ശ്രദ്ധയോടെ പഠിച്ചെഴുതിയതാണ്. ലേഖനങ്ങളിലെ ചില വീക്ഷണങ്ങളോട് വിയോജിപ്പുള്ളവരെപ്പോലും ബോദ്ധ്യപ്പെടുത്താൻ ഉപകരിക്കുന്ന യുക്തിസഹമായ തെളിവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒട്ടേറെ കണക്കുകളും ഗ്രാഫുകളും പഴയകാല ഫോട്ടോകളും ലേഖനങ്ങളെ സജീവമാക്കുന്നു. ഇന്ത്യയുടെ പുതിയ പാർലമെന്റും യുഎസിന്റെ ക്യാപിറ്റോൾ ബിൽഡിങ്ങും ലേഖനത്തിലുണ്ട്. ബൈഡനും ട്രംപും മാത്രമല്ല, ബുഷും അൽഗോറും ബേണി സാൻഡേഴ്സും പ്രത്യക്ഷപ്പെടുന്നു. ഹിലരി ക്ലിന്റന്റെ ചിരിക്കുന്ന മുഖത്തോടൊപ്പം മേരിയാൻ ട്രംപിന്റെ ഗൗരവമുള്ള മുഖവും കാണാം. മാർട്ടിൻ ലൂഥർ കിംഗ്, യുഎസ് സുപ്രീം കോർട്ട് ജഡ്ജസ്, എം. സ്വരാജ്, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരൊക്കെ ലേഖനങ്ങൾക്ക് കരുത്തു നല്കുന്നു.

രണ്ട് സിനിമകൾ നിരൂപണം ചെയ്യപ്പെടുന്നു. 'മുതലാളിത്തം ഒരു പ്രണയകഥ'യും 'എവീറ്റാ'യും. ശങ്കരന്റെ കലാസ്വാദന നൈപുണ്യവും സൂക്ഷ്മനിരീക്ഷണ പാടവവും തെളിയിക്കുന്ന നിരൂപണങ്ങളാണിവ രണ്ടും. ഈ സമാഹാരത്തിലെ ഏറ്റവും ശ്രദ്ധേയവും ഒരുപക്ഷേ, ഏറ്റവും സർഗ്ഗാത്മകവുമായ ലേഖനമാണ് 'നവരസങ്ങളുടെ പ്രകൃതിയനുഭവം'. പ്രകൃതിയുടെ പ്രതിഭാസങ്ങൾ നവരസത്തനിമയുടെ കണ്ണടയിലൂടെ വീക്ഷിച്ചാൽ എങ്ങനെയിരിക്കും എന്നൊരന്വേഷണമാണ് ഈ ലേഖനത്തിൽ ശങ്കരൻ നടത്തുന്നത്.

അമ്പഴയ്ക്കാട്ട് ശങ്കരൻ ആമുഖത്തിൽ പറയുന്നു "പട്ടിണിയും പാസ്പോർട്ടുമില്ലാത്ത ലോകത്തിന്റെ മോഹചിത്രം" വരയ്ക്കുകയാണ് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ എന്ന്. ചക്രവാളങ്ങളെ അതിർത്തിയായി കാണുന്ന വിശ്വവിശാല വീക്ഷണം! ഈ ഭൂമി കൃത്രിമമായ അതിർത്തി രേഖകൾ വരച്ച് ആരും സ്വന്തമാക്കേണ്ടതല്ലെന്നും എല്ലാ മനുഷ്യരും ഭൂമിയുടെ തുല്യാവകാശികളാണെന്നും വ്യക്തമാക്കുന്ന ആഗോളപൗരത്വവീക്ഷണം ലേഖകൻ തുറന്നെഴുതുന്നു.



ലേഖകൻ

തൊലിയുടെ നിറം എന്താണ്, സംസാരിക്കുന്ന ഭാഷ ഏതാണ്, ജനിച്ചുവളർന്ന സ്ഥലം എവിടെയാണ്, വിശ്വസിക്കുന്നുണ്ടെങ്കിൽ ആ മതത്തിന്റെ പേരെന്താണ് എന്നൊന്നും തിരക്കാതെ, 'നീ മനുഷ്യമാണ്, എന്റെ സഹോദരനാണ്' എന്ന് ഉറപ്പിച്ചു പറയുന്ന ശ്രേഷ്ഠമായ മാനവീയ സംസ്കാരം അമ്പഴയ്ക്കാട്ട് ശങ്കരന്റെ ലേഖനങ്ങളുടെ മൂല്യമാണ്, കാതലാണ്.

ഈ വിശാല വീക്ഷണത്തിനും അത് ഉറക്കെ പറയാനുമുള്ള ആത്മധൈര്യത്തിനും അഭിവാദനങ്ങൾ! ശരിപക്ഷം ഇടതുപക്ഷമാണെന്നും ഇടതുപക്ഷം ഹൃദയപക്ഷമാണെന്നും യുക്തിപൂർവം സമർത്ഥിക്കുന്ന ഈ ലേഖനങ്ങളുടെ നിറം ചുമപ്പാണ്. തുടിക്കുന്ന ചൂടുള്ള ഹൃദയത്തിന്റെ ചുമപ്പ്!

# ഏലിയാമ്മ ഫിലിപ്പ് അന്തരിച്ചു



ന്യൂയോർക്ക്: സ്റ്റാറ്റൻ ഐലൻഡ് മാർത്തോമ്മാ ചർച്ച് ഇടവകാംഗമായ ചെങ്ങന്നൂർ പെണ്ണുക്കര കടവിലേവീട്ടിൽ കുടുംബാംഗം ഫിലിപ്പ് ജോണിന്റെ (ന്യൂയോർക്ക്) സഹധർമ്മിണി ഏലിയാമ്മ ഫിലിപ്പ് (75) ന്യൂയോർക്കിൽ അന്തരിച്ചു. സംസ്കാരം ഡിസംബർ രണ്ടിന് ചൊവ്വാഴ്ച സ്റ്റാറ്റൻ ഐലൻഡിൽ നടക്കും. സൂസൻ ഫിലിപ്പ് (PA, Richmond University Medical Center, Staten Island) ഏകമകളാണ്. ആലപ്പുഴ പുത്തൻപറമ്പിൽ സുജിത് ഫ്രാൻസിസ് (Electronic Engineer, NY City) ജാമാതാവാണ്. സാമുവൽ ഫിലിപ്പ് ഫ്രാൻസിസ് പേരക്കുട്ടി. വെണ്ണിക്കുളം മേമല പുതുപ്പറമ്പിൽ കുടുംബാംഗമാണ് പരേത. മറിയാമ്മ ജോൺ (ഡിട്രോയിറ്റ്) സഹോദരിയാണ്.

ഡിസംബർ ഒന്നിന് തിങ്കളാഴ്ച വൈകുന്നേരം 5 മുതൽ 9 വരെ മാർത്തോമ്മാ ദേവാലയത്തിൽ പൊതുദർശനവും അനുസ്മരണ ശുശ്രൂഷകളും നടക്കും. രണ്ടിന് ചൊവ്വാഴ്ച രാവിലെ 9-ന് നടക്കുന്ന സംസ്കാര ശുശ്രൂഷകൾക്കുശേഷം ഫെയർവ്യൂ സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും. പരേതയുടെ ആകസ്മിക വേർപാടിൽ വിവിധ ഇടവകകളിലെ വൈദികശ്രേഷ്ഠർ, സ്റ്റാറ്റൻ ഐലൻഡ് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജേക്കബ് ജോസഫ്, കേരള സമാജം പ്രസിഡണ്ട് പ്രിൻസ് തോമസ്, സ്റ്റാറ്റൻ ഐലൻഡ് സീനിയർ ഫോറം പ്രസിഡണ്ട് തോമസ് തോമസ് പാലത്തറ, സാമൂഹിക പ്രവർത്തകൻ ക്യാപ്റ്റൻ രാജു ഫിലിപ്പ് തുടങ്ങിയവർ അനുശോചിച്ചു. അനുസ്മരണ ശുശ്രൂഷകളും സംസ്കാരശുശ്രൂഷകളും Sojimedia സ്ട്രീമിങ് ചെയ്യുന്നതാണ്.

**വാർത്ത: ബിജു ചെറിയാൻ**






# മന്ത്രയുടെ പുതിയ ഭരണസമിതി ചുമതലയേറ്റു









ചിക്കാഗോ: മന്ത്രയുടെ (മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ്) ദാർശനിക ദൗത്യത്തിന്റെ തുടർച്ച ഉറപ്പുവരുത്തി ഔദ്യോഗിക അധികാര കൈമാറ്റച്ചടങ്ങ് അതീവ പ്രൗഢിയോടെ പൂർത്തിയായി. പ്രസിഡണ്ട് കൃഷ്ണരാജ് മോഹനന്റെ നേതൃത്വത്തിൽ പുതിയ ഭാരവാഹികൾ ഔദ്യോഗികമായി ചുമതല ഏറ്റെടുത്തു.

സ്ഥാനമൊഴിയുന്ന ട്രസ്റ്റി ചെയർ വിനോദ് കെയാർക്കെ ചടങ്ങിന് നേതൃത്വം നല്കി. കാലാവധി പൂർത്തിയാക്കിയ പ്രസിഡണ്ട് ശ്യാം ശങ്കറും സെക്രട്ടറി ഷിബു ദിവാകരനും മന്ത്രയുടെ സ്ഥാപകനും മുതിർന്ന നേതാവുമായ




ശശിധരൻ നായരുടെ സാന്നിദ്ധ്യത്തിൽ പുതുനേതൃത്വത്തിന് ചുമതലകൾ ഔദ്യോഗികമായി കൈമാറി.

ശശിധരൻ നായർ തന്റെ പ്രസംഗത്തിൽ മന്ത്ര എന്ന സംഘടനയുടെ അടിസ്ഥാന ആവശ്യകതയും പ്രാധാന്യവും എല്ലാവരെയും ഓർമ്മിപ്പിച്ചു. ഇന്നത്തെ സാഹചര്യത്തിൽ ഹൈന്ദവ മലയാളി സമൂഹത്തിൽ ഏറ്റവും പ്രസക്തവും അർത്ഥവത്തുമായ പ്രവർത്തനങ്ങളാണ് മന്ത്ര നിർവഹിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കൃഷ്ണരാജ് മോഹനന്റെ നേതൃത്വം മന്ത്രയെ അതിന്റെ യഥാർത്ഥ ശക്തിയോടെ മുന്നോട്ടു കൊണ്ടുപോകുമെന്ന് തനിക്ക് പൂർണ്ണ ആത്മവിശ്വാസമുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

മന്ത്രയുടെ മുൻ കൺവൻഷനുകളായ സുദർശനം (ടെക്സസ്), ശിവോഹം (നോർത്ത് കരോലിന) എന്നിവയിൽ നിന്ന് ലഭിച്ച ആത്മവിശ്വാസവും ഊർജവും മന്ത്രയുടെ അടുത്ത അദ്ധ്യായത്തിന് ഉറച്ച അടിത്തറയാകുമെന്നു പ്രസിഡണ്ട് കൃഷ്ണരാജ് മോഹനൻ വ്യക്തമാക്കി.

ന്യൂയോർക്ക് ആസ്ഥാനമായി 2027 ജൂലൈ രണ്ട് മുതൽ 5 വരെ നടത്തപ്പെടുന്ന മന്ത്രയുടെ മൂന്നാമത് കൺവൻഷൻ 'ശാക്തേയം' മന്ത്രയുടെ ശക്തിസ്വരൂപത്തെ പ്രതിനിധീകരിക്കുന്ന ഒരു മികവുറ്റ കൺവൻഷൻ ആയിരിക്കുമെന്നും അദ്ദേഹം ആത്മവിശ്വാസത്തോടെ കൂട്ടിച്ചേർത്തു.

മന്ത്രയുടെ ധാർമ്മിക അടിത്തറയിലും നിലവിലെ നേതൃത്വത്തിലും അചഞ്ചലമായ വിശ്വാസം പുലർത്തുന്ന സുമനസ്സുകളുടെ ശക്തമായ പിന്തുണയോടെ ഈ ദർശനം യാഥാർത്ഥ്യമാകുമെന്ന് അദ്ദേഹം പരാമർശിച്ചു.

ഊർജസ്വലമായി ഒരുമയോടെ പ്രവർത്തിക്കുന്ന പുതിയ ഭരണസമിതിയിൽ അംഗമാകാൻ സാധിച്ചത് ഒരു വലിയ ഭാഗ്യമായി കരുതുന്നുവെന്ന് ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ ഉണ്ണി തോയകാട്ട് അഭിപ്രായപ്പെട്ടു.

മന്ത്രയുടെ മറ്റ് ഭാരവാഹികളായ സഞ്ജീവ് നായർ-ട്രഷറർ (ന്യൂയോർക്ക്), രേവതി പിള്ള-പ്രസിഡണ്ട് ഇലക്ട് (ന്യൂ ഹാംഷെയർ), ഡോ. നിഷാ ചന്ദ്രൻ-ജോ. സെക്രട്ടറി (ചിക്കാഗോ), ഡയറക്ടർ ബോർഡ് അംഗങ്ങളായ പ്രവീണ മേനോൻ (ന്യൂജേഴ്സി), അഭിലാഷ് പുളിക്കത്തൊടി, ജയ് കുമാർ നായർ, പുരുഷോത്തമ പണിക്കർ, സുമേഷ് ബാബു ചിറകുഴിയിൽ എന്നിവരും ട്രസ്റ്റി ബോർഡ് അംഗങ്ങളായ ഹരീന്ദ്രനാഥ് വെങ്കിലാട്ട് (മെക്സിക്കോ), ഹരി ശിവരാമൻ (ടെക്സസ്), കൊച്ചുണ്ണി ഇളവൻമഠം (ന്യൂയോർക്ക്), സരൂപ അനിൽ (വിർജീനിയ), സുനിൽ വീട്ടിൽ (ന്യൂജേഴ്സി), സുജനൻ പുത്തൻപുരയിൽ (കണക്ടിക്കട്ട്), രഞ്ജിത് എസ് പിള്ള (ആർവിപി) എന്നിവരും മുൻ ഭരണസമിതി അംഗങ്ങളായ ശ്രീകുമാർ ഉണ്ണിത്താൻ, സന്തോഷ് നായർ, രാജേഷ് കല്ലിങ്കൽ എന്നിവരും സന്നിഹിതരായിരുന്നു.

## ആഗോള ശ്രദ്ധ നേടി കെ.ജി. മാർക്കോസിന്റെ 'അത്യുന്നതാ!' – ഈ ക്രിസ്മസിന്റെ ഔദ്യോഗിക ഗാനം

**സെബാസ്റ്റ്യൻ ആന്റണി**

ന്യൂജേഴ്സി: ലോകമെമ്പാടുമുള്ള മലയാളികൾക്കിടയിൽ ക്രിസ്മസ് ആഘോഷങ്ങൾക്ക് നവീനമായ ഒരു ഉണർവ് നൽകി 'അത്യുന്നതാ!' എന്ന ക്രിസ്മസ് കരോൾ ഗാനം വൻ ശ്രദ്ധ നേടുകയാണ്. യുണൈറ്റഡ് കിങ്ഡത്തിലെ ചെൽമ്സ്ഫോർഡ് മലയാളി കൂട്ടായ്മയാണ് ഈ ശ്രദ്ധേയമായ സംഗീതശില്പത്തിന് പിന്നിൽ. പരമ്പരാഗത കരോൾ രീതികളെ പരിഷ്കരിച്ചുകൊണ്ട്, ആധുനിക സംഗീതത്തി




ന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി രൂപകൽപ്പന ചെയ്ത ഈ ഗാനം, ഈ വർഷത്തെ ആധുനിക ക്രിസ്മസ് ആന്തം എന്ന നിലയിൽ വേറിട്ടു നിൽക്കുന്നു.

സംഗീതത്തിന്റെ മർമ്മമറിഞ്ഞ ഗായകൻ കെ.ജി. മാർക്കോസിന്റെ പ്രകമ്പനാത്മകമായ ശബ്ദമാണ് ഈ ഗാനത്തിന്റെ ഏറ്റവും വലിയ ആകർഷണം. നാടൻ താളങ്ങളെയും വെസ്റ്റേൺ സംഗീത ശൈലിയെയും മനോഹരമായി സമന്വയിപ്പിച്ച പശ്ചാത്തല സംഗീതം, കേൾവിക്കാരെ ഉത്സാഹഭരിതരാക്കുകയും അനായാസം നൃത്തം ചെയ്യിപ്പിക്കുകയും ചെയ്യുന്നു. വരാനിരിക്കുന്ന ക്രിസ്മസ് - പുതുവത്സര ആഘോഷ വേദികളിൽ 'അത്യുന്നതാ!' നിറഞ്ഞു നിൽക്കുമെന്നതിൽ സംശയമില്ല.

ഗാനത്തിന്റെ രചനയും സംഗീതവും നിർവ്വഹിച്ചത് പ്രിൻസ് മാത്യുവാണ്. സൗത്ത് ഇന്ത്യൻ സിനിമ & ടെലിവിഷൻ അക്കാദമിയുടെ ബെസ്റ്റ് ഡയറക്ടർ അവാർഡ് നേടിയ മധു ബാലകൃഷ്ണൻ ആലപിച്ച 'നീ എന്ന പൊരുൾ' എന്ന ഗാനത്തിന്റെ സൃഷ്ടികർത്താവ് കൂടിയാണ് അദ്ദേഹം. ഈ സംഗീത പ്രതിഭയുടെ കൃത്യതയും മനോഹാരിതയും 'അത്യുന്നതാ!'യുടെ ഓരോ ഈണത്തിലും പ്രകടമാണ്. പിറവത്തുനിന്നുള്ള ലിജോ മാലിയേക്കലും അനു പൊന്നത്തും ചേർന്നൊരുക്കിയ ഓർക്കസ്ട്രേഷൻ, ഗാനത്തിന് ഉയർന്ന സംഗീതനിലവാരം ഉറപ്പാക്കുന്നു.

ക്രിസ്മസ് ആഘോഷത്തിന്റെ ആഴത്തിലുള്ള ചൈതന്യം ഒട്ടും ചോരാതെയാണ് ഗാനത്തിന്റെ ദൃശ്യാവിഷ്കാരം. ചെൽമ്സ്ഫോർഡിലെ മലയാളി കുടുംബാംഗങ്ങളാണ് ഈ ദൃശ്യങ്ങളിൽ അഭിനയിച്ചിരിക്കുന്നത്. രണ്ടു വയസ്സിൽ താഴെയുള്ള കുട്ടികൾ ഉൾപ്പെടെ എല്ലാ പ്രായത്തിലുമുള്ളവരുടെ തന്മയത്വമായ പ്രകടനം ഈ ദൃശ്യങ്ങൾക്ക് കൂടുതൽ ജീവൻ നൽകുന്നു. ഗാനത്തിന്റെ കോറസ് ആലാപനവും ചെൽമ്സ്ഫോർഡിലെ ഗായകരാണ് നിർവ്വഹിച്ചത്.

ദൃശ്യങ്ങൾ പകർത്തിയതും എഡിറ്റ് ചെയ്തതും Beyond the borders (ജസ്റ്റിൻ) ആണ്. അദ്ദേഹത്തിന്റെ ഉയർന്ന സാങ്കേതിക മികവ് ഗാനത്തിന്റെ ദൃശ്യാനുഭൂതിയെ മറ്റൊരു തലത്തിലേക്ക് ഉയർത്തുന്നു.

ക്രിസ്മസ് - പുതുവത്സര പരിപാടികൾക്ക് അനുയോജ്യമായ രീതിയിൽ ഗാനത്തിന്റെ കരോക്കെ പതിപ്പും ഇപ്പോൾ ലഭ്യമാണ്. വലിയ സ്റ്റേജ് പരിപാടികളിലും ചെറിയ കൂട്ടായ്മകളിലും ഈ ഗാനം ആവേശം നിറയ്ക്കുമെന്ന് സംഘാടകർ പ്രത്യാശ പ്രകടിപ്പിക്കുന്നു.

ക്രിസ്മസ് സംഗീതത്തിന്റെ നവ്യമായ അനുഭവം ആസ്വദിക്കാൻ, ഈ ഗാനം ഇപ്പോൾ യൂട്യൂബിൽ ലഭ്യമാണ്.

"ATHYUNNATHA | K G MARKOSE | LATEST CHRISTMAS CAROL SONG | PRINCE MATHEW"

ഈ ക്രിസ്മസ് 'അത്യുന്നതാ'യുടെ സംഗീത പ്രകാശത്തിൽ കൂടുതൽ പ്രൗഢമാവട്ടെ.

# രോഗങ്ങളുടെ രഥോത്സവം


പ്രൊഫ. കെ.എസ്. സോമനാഥൻ നായർ
റിട്ട. പ്രിൻസിപ്പൽ, മഹാത്മാഗാന്ധി കോളജ്, തിരുവനന്തപുരം


ഡോ. എം.പി. രവീന്ദ്രനാഥൻ

ഒന്നിനു പുറകെ ഒന്നായി തന്നെ ആക്രമിച്ച രോഗങ്ങളെ ആത്മധൈര്യത്തോടെ നേരിട്ട് അടിയറവ് പറയിച്ച് അവയെ ഉത്സവമാക്കി മാറ്റിയ ഡോ. എം.പി. രവീന്ദ്രനാഥന്റെ പോരാട്ടത്തിന്റെ അവിശ്വസനീയമായ അനുഭവകഥനത്തിന്റെ നേർസാക്ഷ്യമായ ഒരു പുസ്തകത്തെക്കുറിച്ചാണ് ഞാനിവിടെ പറയാനുദ്ദേശിക്കുന്നത്.

ഫ്ളോറിഡയിൽ സ്ഥിരതാമസമാക്കിയ പ്രശസ്ത ഹൃദ്രോഗവിദഗ്ദ്ധൻ ഡോ. രവീന്ദ്രനാഥും ശിശുരോഗ വിദഗ്ദ്ധയായ ഭാര്യ ഡോ. സുശീലയും വിഖ്യാത കാർഡിയോളജിസ്റ്റായ മകൻ ഡോ. സന്ദീപും കൂടി അമേരിക്കയിലെ ഏറ്റവും പ്രശസ്തമായ വൃക്ക മാറ്റൽ ശസ്ത്രക്രിയാ വിദഗ്ദ്ധനായ 90 വയസ്സു കഴിഞ്ഞ ഡോ. നജാരിയനെ കണ്ട് നന്ദി പറയാനെത്തുന്നു. വിടപറയാൻ നേരത്ത് അദ്ദേഹം താനെഴുതിയ 'The miracle of kidney Transplantation' എന്ന പുസ്തകത്തിന്റെ ഒരു കോപ്പി സമ്മാനിച്ചുകൊണ്ട് ഡോക്ടർ രവീന്ദ്രനാഥിനോട് "ട്രാൻസ്പ്ലാന്റ് അനുഭവങ്ങൾ എഴുതാൻ അവർ പറഞ്ഞു. ഞാനെഴുതി അത്രതന്നെ."

ഡോ. രവീന്ദ്രനാഥും തനിക്കു നടത്തിയ വൃക്ക മാറ്റൽ പ്രക്രിയയും അതിനോടനുബന്ധിച്ച് തനിക്ക് നേരിടേണ്ടിവന്ന തിക്താനുഭവങ്ങളും ഹൃദയാവർജകമായ രീതിയിൽ എഴുതി 'Second chance' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ആ പുസ്തകത്തിന്റെ മൊഴിമാറ്റം, കവിത തുളുമ്പുന്ന ഭാഷയിൽ പ്രസിദ്ധ കവി ബിമൽ രാമങ്കരി നടത്തുകയും 'മാതൃഭൂമി ബുക്സ്' അതിനെ അണിയിച്ചൊരുക്കി വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. 'രോഗങ്ങളുടെ രഥോത്സവം' എന്ന അന്വർത്ഥമായ ശീർഷകത്തിലിറങ്ങിയ പ്രസ്തുത പുസ്തകം ഞാൻ ഈയിടെ വായിച്ചു, ആസ്വദിച്ചു, അനുഭവിച്ചു.







നാല് പ്രധാന കഥാപാത്രങ്ങളിലൂടെയാണ് കഥയുടെ ചുരുളഴിയുന്നത്. കഥാനായകൻ ഡോ. രവീന്ദ്രനാഥ് തന്നെ. തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്നും എം.ബി.ബി.എസും ലണ്ടനിൽ നിന്നും എം.ആർ.സി.പിയും എടുത്ത രവീന്ദ്രനാഥ് കുറച്ചുനാൾ കേരളത്തിൽ ജോലി നോക്കിയശേഷം വിവാഹിതനായി ഭാര്യ ഡോ. സുശീലയുമൊത്ത് അമേരിക്കയിൽ എത്തി. വിവിധ ആശുപത്രികളിൽ സേവനവും പഠനവും ഗവേഷണവും നടത്തി അനേകം ബിരുദങ്ങൾ കരസ്ഥമാക്കി. ബ്രൂക്സ്‌വില്ലിൽ സ്ഥിരതാമസമാക്കിയ ഡോ. രവീന്ദ്രനാഥന് 1989-ൽ വൃക്കരോഗം സ്ഥിരീകരിച്ചു. 1994 ആയപ്പോഴേയ്ക്കും വൃക്ക മാറ്റിയേ പറ്റൂ എന്ന സ്ഥിതിവിശേഷം വന്നുചേർന്നു. അതോടൊപ്പം ഹൃദയത്തിന്റെ പ്രവർത്തനത്തിലും തടസ്സങ്ങളുണ്ടായി.

കൊമ്പുകുലുക്കി തന്റെ നേരെ പാഞ്ഞടുത്ത രോഗ കാളക്കൂറ്റന്റെ കൊമ്പിൽ പിടിച്ചു നിർത്തുവാൻ ഡോ. രവി തീരുമാനിച്ചു. സഹോദരങ്ങളുടെ സഹായം തേടി. തന്റെ ഭർത്താവും രണ്ട് കുട്ടികളുമൊത്ത് തൃശൂരിൽ താമസിച്ചിരുന്ന രത്നം എന്ന മൂത്ത സഹോദരി വൃക്ക ദാനം ചെയ്യാമെന്നു സമ്മതിച്ചു. താൻ മരിച്ചാലും അനേകം പേരുടെ ജീവൻ രക്ഷിക്കുന്ന സ്വന്തം അനുജൻ ജീവിച്ചിരിക്കണമെന്ന ഉത്കൃഷ്ടചിന്തയുടെ ഉടമയായ രത്നം ശിവരാമനാണ് രണ്ടാമത്തെ കഥാപാത്രം. ആദ്യപരിശ്രമത്തിൽ വിസാ നിഷേധിക്കപ്പെട്ടെങ്കിലും രണ്ടാമത്തെ ഇന്റർവ്യൂവിൽ അമേരിക്കൻ കോൺസുലേറ്റിലെ ഉദ്യോഗസ്ഥയുടെ 'കേക്കു മുറിച്ചു കഷണം കൊടുക്കുന്നതുപോലെ നിസാരമല്ല വൃക്കദാനം' എന്ന പരിഹാസത്തിനു മുമ്പിൽ പതറിപ്പോകാതെ 'വേണ്ടിവന്നാൽ എന്റെ ഹൃദയംപോലും രവിക്കു കൊടുക്കാൻ തയ്യാറാണെന്ന്' മറുപടി മനസ്സു മാറ്റി. കോൺസുലേറ്റിന്റെ സമീപത്തുള്ള പബ്ലിക് ടെലിഫോൺ ബൂത്തിൽനിന്നും അനുജനെ വിളിച്ച് "രവി വിസ കിട്ടി"' എന്ന വാക്കുകൾ രവിയുടെ കാതിൽ അമൃതം തളിച്ചു.

1994 ഓഗസ്റ്റ് ആറാം തീയതി ഡോ. രവീന്ദ്രനാഥന്റെ 'ജീവന്റെ മാലാഖ'യായ രത്നം ശിവരാമൻ ന്യൂയോർക്കിൽ പറന്നിറങ്ങി. ഒരുതരത്തിലുള്ള ഭയത്തിനും ആശങ്കയ്ക്കും അടിമപ്പെടാകെ വൃക്ക ദാനം നടത്തിയ സ്ത്രീരത്നമായ രത്നമ്മയെ എത്ര ശ്ലാഘിച്ചാലാണ് മതിയാവുക!

രവീന്ദ്രനാഥന്റെ ഭാര്യ ഡോ. സുശീലയുടെ അസാധാരണമായ സഹനശക്തിയും ഏതു പ്രതികൂല പരിസ്ഥിതിയെയും നേരിടാനുള്ള ധൈര്യവും എടുത്തു പറയേണ്ടതാണ്. അവതാരികാകാരന്റെ ഭാഷയിൽ "ഇങ്ങനെയൊരു ഭാര്യ ഒപ്പമുള്ളപ്പോൾ എട്ടോ പത്തോ ദശാബ്ദങ്ങൾ ജീവിച്ചിരിക്കുന്നതിൽ ഒരത്ഭുതമില്ല." യു.എസിലെ തിരക്കുള്ള ഒരു ഡോക്ടറുടെ അദ്ധ്വാനഭാരം, കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ, ഭർത്താവിനെ ചികിത്സയ്ക്കായി അനേകം ആശുപത്രികളിൽ കൊണ്ടുപോകേണ്ട ബാദ്ധ്യത, സർവ്വോപരി കദനഭാരം എല്ലാം താങ്ങി ചുമൽ ഞെരിയുന്ന ആ കുടുംബിനിയുടെ ചിത്രം സഹതാപാർഹമാണ്.


അമേരിക്കൻ ആശുപത്രികളിലും പലതരം അനവധാനതകൾ നടനമാടാറുണ്ടെന്ന് ഈ പുസ്തകം തെളിയിക്കുന്നു. ലാബ് ടെസ്റ്റിൽപോലും കൃത്യത പാലിക്കാൻ കഴിയുന്നില്ല. രണ്ടു പ്രാവശ്യം ആശുപത്രിയിലെ അനാസ്ഥ കാരണം മരണത്തോടു മല്ലിടേണ്ടിവന്ന കഥ നമ്മെ അമ്പരപ്പിക്കുന്നു.

ഇതൊരു സോദ്ദേശ രചനയാണ്. കിഡ്നി ദാനത്തിനു മടിക്കുന്ന ബന്ധുജനങ്ങളുടെ ഭയവും ആശങ്കയും അകറ്റുക എന്നതാണ് ഡോ. രവീന്ദ്രനാഥന്റെ ലക്ഷ്യം. വൃക്കദാതാവിനും സ്വീകർത്താവിനും വർഷങ്ങളോളം ജീവിച്ചിരിക്കാമെന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ഇത് വായിച്ചില്ലെങ്കിൽ ഒരു തീരാനഷ്ടമാണ്.

## കേരള ലിറ്ററി സൊസൈറ്റി വാർഷിക യോഗവും തെരഞ്ഞെടുപ്പും നടത്തി

സണ്ണി മാളിയേക്കൽ

ഡാളസ്: കേരള ലിറ്ററി സൊസൈറ്റി നവംബർ 22-ന് ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് പ്രസിഡണ്ട് ഷാജു ജോണിന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം സംഘടിപ്പിച്ചു. പൊതുയോഗത്തിൽ മുതിർന്ന പ്രവർത്തകരായ റോസമ്മ ജോർജ്, ജോസ് ഓച്ചാലിൽ, ആൻസി ജോസ്, സി.വി. ജോർജ്, സിജു വി. ജോർജ്, ഫ്രാൻസിസ് എ. തോട്ടത്തിൽ, മീനു എലിസബത്ത് എന്നിവർ സംബന്ധിച്ചു.




പൊതുയോഗത്തിൽ വെച്ച് 2025-26 വർഷത്തേക്കുള്ള പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയുണ്ടായി. വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. സെക്രട്ടറി ഹരിദാസ് തങ്കപ്പൻ 2024-25 വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടും ട്രഷറർ സി.വി. ജോർജ് സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിക്കുകയുണ്ടായി. കേരള ലിറ്ററി സൊസൈറ്റിയുടെ നവനേതൃത്വത്തിൽ അനശ്വരം മാമ്പിള്ളി (പ്രസിഡണ്ട്), ബാജി ഓടുംവേലി (സെക്രട്ടറി), സാറ ചെറിയാൻ (ട്രഷറർ), പി.പി. ചെറിയാൻ (വൈസ് പ്രസിഡണ്ട്), ദർശന മനയത്ത് (ജോയിന്റ് സെക്രട്ടറി), സി.വി. ജോർജ് (ജോ. ട്രഷറർ) എന്നിവരാണ്. പുതിയ നേതൃത്വത്തിന്റെ ആദ്യപരിപാടി ജനുവരി അവസാന ആഴ്ചയോടെ ആരംഭിക്കുമെന്ന് അറിയിച്ചു.

## ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷന് നവനേതൃത്വം

ഇല്ലിനോയി: ഇന്ത്യൻ വംശജരായ പ്രഫഷണൽ സോഷ്യൽ വർക്കേഴ്സിന്റെ കൂട്ടായ്മയായി 1998 മുതൽ പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ ഓഫ് ഇല്ലിനോയ്സിന് (ഐഎസ്ഡബ്ല്യുഎഐ) ലിൻസൺ തോമസ് പ്രസിഡണ്ടായുള്ള പുതിയ പ്രവർത്തക സമിതി നിലവിൽവന്നു.


ലിൻസൺ തോമസ്


സജി മണ്ണംചേരിൽ


ടോണി പൊങ്ങാനാ


ജാസ്മിൻ മാത്യു


ജോജോ ഓലിയപ്പുറത്ത്


ജോസ് കോലഞ്ചേരി

അംഗങ്ങളിൽ ബഹുഭൂരിപക്ഷവും സ്റ്റേറ്റ്-ഫെഡറൽ ഗവൺമെന്റ് പൊതുസേവന വിഭാഗങ്ങളിലോ പ്രമുഖ ഹോസ്പിറ്റലുകളിലോ പ്രവർത്തിക്കുന്നവരായതുകൊണ്ട് തന്നെ ഇത്തരം സേവനങ്ങൾ ഇന്ത്യൻ സമൂഹത്തിലേക്ക് കൂടുതൽ എത്തിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന സംഘടനയാണ് ഐഎസ്ഡബ്ല്യുഎഐ.

സജി മണ്ണംചേരിൽ-വൈസ് പ്രസിഡണ്ട്, ടോണി പൊങ്ങാനാ-സെക്രട്ടറി, ജാസ്മിൻ മാത്യു-ജോ. സെക്രട്ടറി, ജോജോ ഓലിയപ്പുറത്ത്-ട്രഷറർ എന്നിവരുൾക്കൊള്ളുന്നതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. ജോസ് കോലഞ്ചേരി ചെയർമാനായും ജിനോ മഠത്തിൽ, ടോമി കണ്ണാല, ജെസ്ലിൻ ജോസ്, സിമി മാത്യു, അപ്പു പുഴക്കരോട്ട് എന്നിവർ അംഗങ്ങളായുമുള്ള പുതിയ ഡയറക്ടർ ബോർഡും നിലവിൽ വന്നു.

ജോർജ് വെണ്ണിക്കണ്ടം ട്രഷറർ ആയും അലക്സാണ്ടർ മാത്യു ഇലക്ഷൻ കമ്മീഷണർ ആയും പ്രവർത്തിക്കും.

# എസ്ബി–അസംപ്ഷൻ അലൂംമ്നി: കർദ്ദിനാൾ മാർ കൂവക്കാട്ട്, മാർ തോമസ് തറയിൽ, രാജു നാരായണസ്വാമി എന്നിവർ വിശിഷ്ടാതിഥികൾ


**തോമസ് ഡിക്രൂസ്**

ചിക്കാഗോ: അടുത്തവർഷം ചിക്കാഗോയിൽ നടക്കുന്ന എസ്ബി–അസംപ്ഷൻ അലൂംമ്നി ഓഫ് നോർത്ത് അമേരിക്കയുടെ അർദ്ധദിന കൺവൻഷന്റെ പ്രാഥമിക ഒരുക്കങ്ങൾക്ക് തുടക്കം കുറിച്ചു. ദേശീയതലത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന കൺവൻഷൻ ചിക്കാഗോയിലെ ഡെസ്പ്ലെയിൻസ് ക്നാനായ കത്തോലിക്കാ കമ്യൂണിറ്റി ഹാളിൽ 2026 ജൂലൈ ഒൻപതിന് വ്യാഴാഴ്ച രാവിലെ എട്ടിന് ആരംഭിച്ച് ഒരു മണിക്ക് സ്നേഹവിരുന്നോടെ സമാപിക്കും. എസ്ബി കോളജിന്റെ പ്രമുഖ പൂർവ്വ വിദ്യാർത്ഥികളായ കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്ട്, ചങ്ങനാശേരി അതിരൂപത ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, കേരള ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

എസ്ബി കോളജ് ഗണിതശാസ്ത്ര വിഭാഗം മേധാവിയായിരുന്ന പ്രഫ. കെ.എസ്. വെങ്കിടാചലം അയ്യരുടെ പുത്രനാണ് ഐഎഎസ് പ്രഥമ റാങ്ക് ജേതാവായ നാരായണസ്വാമി. എസ്ബി കോളജ് പ്രിൻസിപ്പൽ റവ.ഡോ. റ്റെഡി തോമസ് കാഞ്ഞൂപ്പറമ്പിൽ, അസംപ്ഷൻ കോളജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ്, എസ്ബി കോളജ് മുൻ പ്രിൻസിപ്പൽ റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ എന്നിവരും കൺവൻഷനിൽ അതിഥികളായി പങ്കെടുക്കും. അമേരിക്കയിലെ എല്ലാ സ്റ്റേറ്റുകളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കുന്ന കൺവൻഷന്റെ സുഗമമായ നടത്തിപ്പിന് നേതൃത്വം നല്കാൻ പതിനഞ്ചംഗ സ്റ്റിയറിംഗ് കമ്മിറ്റിയെ അലൂംമ്നി നാഷണൽ കൗൺസിൽ തെരഞ്ഞെടുത്തു. മാർത്തോമ്മാ സഭാംഗവും മലയാളി എൻജിനിയേഴ്സ് അസോസിയേഷൻ മുൻ പ്രസിഡണ്ടുമായ മാത്യു ഡാനിയേൽ (ഐബിഎം) കൺവൻഷന്റെ ചെയർമാനായിരിക്കും. സംഘടനയുടെ രക്ഷാധികാരി റവ.ഫാ. കുര്യൻ നെടുവേലിചാലുങ്കൽ (പ്രൊക്യുറേറ്റർ, ചിക്കാഗോ രൂപത), ഡോ. മനോജ് മാത്യു നേര്യംപറമ്പിൽ, ദയാലു ജോസഫ് കാലിഫോർണിയ (കൺവൻഷൻ കോ-ചെയേഴ്സ്), പ്രഫ. ജെയിംസ് ഓലിക്കര, പ്രഫ.ഡോ. ആർ. ജയകൃഷ്ണൻ, ടോം പെരുമ്പായി, പിന്റോ കണ്ണമ്പള്ളി (നാഷണൽ കോ-ചെയർ), റവ. ഷിന്റോ വർഗീസ്, ജോർജ് ജോസഫ് വിലങ്ങോലിൽ, ബോബൻ കളത്തിൽ (കൺവൻഷൻ കോ-ഓർഡിനേറ്റർ), നീന പി. മുരിക്കൻ, ലീല മാരേട്ട്, ജോസുകുട്ടി നടയ്ക്കപ്പാടം, സാം ആന്റോ (സുവനീർ), ഷിബു അഗസ്റ്റിൻ (ഫിനാൻസ്), സജി മാടപ്പള്ളി എന്നിവർ വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നല്കും. പ്രഫ. ജോസഫ് തോമസിന്റെ നേതൃത്വത്തിൽ കാനഡയിൽ നിന്ന് പൂർവ്വ വിദ്യാർത്ഥികൾ കൺവൻഷനിൽ പങ്കെടുക്കും.


കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്ട്


ആർച്ച്ബിഷപ് മാർ തോമസ് തറയിൽ


രാജു നാരായണസ്വാമി

ബുധനാഴ്ച എത്തിച്ചേരുന്നവർക്കായി ടൂർ പാക്കേജുകൾ ആവിഷ്കരിക്കുമെന്ന് ചിക്കാഗോ ചാപ്റ്റർ എക്സിക്യൂട്ടീവ് അംഗങ്ങളായ ജോൺ നടയ്ക്കപ്പാടം, കാർമൽ തോമസ്, ബിജി കൊല്ലാപുരം, ഷാജി കൈലാത്ത്, സെബാസ്റ്റ്യൻ വാഴേപറമ്പിൽ എന്നിവർ അറിയിച്ചു.

തോമസ് ഡിക്രൂസ് തറപ്പിൽ (മീഡിയ & പബ്ലിക് റിലേഷൻസ്), മിസിസ് റോഷൻ ചെറിയാൻ (അലൂംമ്നി നാഷണൽ സെക്രട്ടറി), ഡോ. തോമസ് സെബാസ്റ്റ്യൻ, മനീഷ് തോപ്പിൽ, ജോസുകുട്ടി പാറയ്ക്കൽ, ജോളി കുഞ്ചെറിയ, മനോജ് തോമസ്, ജോർജ് ഇല്ലിക്കൽ, ചെറിയാൻ മാടപ്പാട്ട്, ജോസഫ് കാളാശേരി, മിസിസ് ഷിജി ചിറയിൽ (കൾച്ചറൽ പ്രോഗ്രാം) എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കും.

കൺവൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ഡിസംബർ 27-ന് ബെൽവുഡ് സീറോമലബാർ കത്തീഡ്രൽ ചാവറ ഹാളിൽ നടക്കുന്ന ചിക്കാഗോ ചാപ്റ്റർ ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് നടത്തും.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 89.47 |
| യൂറോ | 103.44 |
| സ്റ്റെർലിംഗ്പൗണ്ട് | 118.35 |
| സ്വിസ് ഫ്രാങ്ക് | 110.94 |
| സിംഗപ്പൂർ ഡോളർ | 69.04 |
| കനേഡിയൻ ഡോളർ | 63.80 |
| ഒമാൻ റിയാൽ | 232.70 |
| ബഹ്റൈൻ ദിനാർ | 237.36 |
| സൗദി റിയാൽ | 23.85 |
| യു.എ.ഇ. ദിർഹം | 24.33 |
| കുവൈത്ത് ദിനാർ | 291.45 |

# മിഷൻ ലീഗ് ഡിജിറ്റൽ പോസ്റ്റർ നിർമാണ മത്സര വിജയികൾ

**സിജോയി പറപ്പള്ളിൽ**

ചിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് ചിക്കാഗോ രൂപതാ സമിതി സംഘടിപ്പിച്ച ഡിജിറ്റൽ പോസ്റ്റർ നിർമാണ മത്സര വിജയികളെ പ്രഖ്യാപിച്ചു.

ഹന്നാ ജോസഫ് (സെന്റ് മേരീസ് സീറോ മലബാർ കത്തോലിക്കാ പള്ളി, ഷാർലെറ്റ്, നോർത്ത് കരോളിന) ഒന്നാം സ്ഥാനവും, അന്നാ മേരി പീച്ചത്ത് ( സെന്റ് അൽഫോൻസാ സീറോ മലബാർ കത്തോലിക്കാ പള്ളി, റിച്ച്മണ്ട്, വിർജീനിയ) രണ്ടാം സ്ഥാനവും, ഹെലെന ലുക്ക് കാരിപ്പറമ്പിൽ (സെന്റ് മേരീസ് കത്തോലിക്ക ഫൊറോന പള്ളി, ഹൂസ്റ്റൺ ടെക്സസ്) മൂന്നാം സ്ഥാനവും നേടി.

അമേരിക്കയിലുടനീളമുള്ള ഇടവകകളിൽനിന്നും മിഷനുകളിൽനിന്നും ധാരാളം മിഷൻ ലീഗ് അംഗങ്ങൾ മത്സരത്തിൽ പങ്കുചേർന്നു.

വിജയികൾക്ക് ക്യാഷ് അവാർഡുകളും പ്രശംസ പത്രവും സമ്മാനിക്കും. മിഷൻ ലീഗ് രൂപതാ ഭാരവാഹികൾ മത്സരത്തിന് നേതൃത്വം നൽകി.






# രാജ്ഭവനുകളുടെ പേര് ലോക്ഭവൻ എന്നാകും

തിരുവനന്തപുരം: ഇന്ത്യയിലെ രാജ്ഭവനുകൾ ലോക്ഭവനുകളായി മാറുന്നു. കേരള രാജ്ഭവനും പുതിയ പേര് സ്വീകരിച്ചു. 2024-ൽ രാഷ്ട്രപതിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന ഗവർണർമാരുടെ സമ്മേളനത്തിൽ കേരള ഗവർണർ രാജേന്ദ്ര ആർലേക്കറാണ് രാജ്ഭവനുകളുടെ പേര് ലോക്ഭവൻ എന്നാക്കണമെന്ന് നിർദേശിച്ചത്. തുടർന്ന്, ഇന്ത്യയിലെ രാജ്ഭവനുകളും രാജ് നിവാസുകളും (ലെഫ്റ്റനന്റ് ഗവർണറുടെ വസതി) ലോക്ഭവൻ, ലോക് നിവാസ് എന്നിങ്ങനെ പേരുമാറ്റണമെന്ന് നവംബർ 25-ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം വിജ്ഞാപനമിറക്കി. മലയാളിയായ ആനന്ദ് ബോസ് ഗവർണറായിരിക്കുന്ന പശ്ചിമബംഗാളിലെ കൊൽക്കത്തയിലെയും ഡാർജിലിങ്ങിലെയും രാജ്ഭവനുകൾ പേരുമാറി.

രാജ്ഭവൻ എന്നാൽ, ഭരണാധികാരിയുടെ വസതിയെന്നാണ് അർത്ഥം. ലോക്ഭവനെന്നാൽ ജനങ്ങളുടെ വസതിയെന്നും. രാജ്ഭവനുകളെ കൂടുതൽ ജനകീയമാക്കി, സംസ്ഥാനങ്ങളിൽ ഗവർണർമാരുടെ സാന്നിദ്ധ്യം കൂടുതൽ പ്രത്യക്ഷമാക്കാനാണ് എൻഡിഎ സർക്കാരിന്റെ ഈ 'റീ ബ്രാൻഡിങ്'. ബിജെപി അനുഭാവികളായ ഗവർണർമാർ ഇതിനകംതന്നെ രാജ്ഭവൻ കേന്ദ്രീകരിച്ച് ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന തരത്തിലുള്ള ഒട്ടേറെ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

# പുതിയ വികസിത ഇന്ത്യയ്ക്കായി ഒൻപത് പ്രതിജ്ഞകളെടുക്കണമെന്ന് പ്രധാനമന്ത്രി

ഉഡുപ്പി: ഒരാളെയെങ്കിലും ദരിദ്രാവസ്ഥയിൽനിന്നു മോചിപ്പിക്കുക, അമ്മയുടെ പേരിൽ ഒരു മരം നടുക തുടങ്ങി പുതിയ, വികസിത ഇന്ത്യയ്ക്കായി ഒൻപതു പ്രതിജ്ഞകളെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു.

ആരോഗ്യകരമായ ജീവിതശൈലി, യോഗ, കൃഷി, വന, ജല സംരക്ഷണം പ്രാദേശികതയുടെയും കയ്യെഴുത്തുപ്രതികളുടെയും സംരക്ഷണം, ഇന്ത്യയിലെ 25 പുണ്യകേന്ദ്രങ്ങളെങ്കിലും സന്ദർശിക്കുക തുടങ്ങിയ പ്രതിജ്ഞകളെടുക്കുന്നതിലൂടെ 2047-ൽ ഇന്ത്യയ്ക്ക് അമൃതകാല ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കും. ഒരുലക്ഷംപേരെ പങ്കെടുപ്പിച്ച് ഉഡുപ്പി ശ്രീകൃഷ്ണ മഠം സംഘടിപ്പിച്ച ഗീതാപാരായണ പരിപാടി, ലക്ഷകാന്ത ഗീതാ പാരായണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാവിലെ 11.30-ന് ഉഡുപ്പിയിലെത്തിയ പ്രധാനമന്ത്രി ബന്നഞ്ചെ വി.എസ്. ആചാര്യ ബസ് സ്റ്റാൻഡിനു സമീപത്തുനിന്ന് കൽസങ്ക ജംക്ഷൻ വരെ റോഡ് ഷോ നടത്തി.



ലക്ഷകാന്ത ഗീതാപാരായണത്തിൽ പങ്കെടുക്കാൻ ഉഡുപ്പി ശ്രീകൃഷ്ണമഠത്തിൽ നരേന്ദ്ര മോദി എത്തിയപ്പോൾ.

ദക്ഷിണഗോവയിലെ ശ്രീസംസ്ഥാൻ ഗോകർണ ജീവോത്തം മഠത്തിന്റെ 550-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് സ്ഥാപിച്ച ശ്രീരാമന്റെ 77 അടി ഉയരമുള്ള വെങ്കലപ്രതിമ നരേന്ദ്ര മോദി അനാവരണം ചെയ്തു. പർതഗലിയിൽ നടന്ന ചടങ്ങിൽ ഗോവ ഗവർണർ അശോക് ഗജപതി രാജു, മുഖ്യമന്ത്രി പ്രമോദ് സാവന്ത് തുടങ്ങിയവർ പങ്കെടുത്തു. മഠത്തിനോടു ചേർന്ന ക്ഷേത്രത്തിലും മോദി സന്ദർശനം നടത്തി. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള സന്യാസ സ്ഥാപനങ്ങളിലൊന്നായ ഗോകർണ ജീവോത്തം മഠം സാരസ്വത വിഭാഗത്തിന്റെ ചുമതലയിലുള്ളതാണ്.

# നാഷണൽ ഹെറാൾഡ്: സോണിയയ്ക്കും രാഹുലിനുമെതിരെ ഗൂഢാലോചനക്കുറ്റം

ന്യൂഡൽഹി: നാഷണൽ ഹെറാൾഡ് കേസിൽ കോൺഗ്രസ് നേതാക്കളായ സോണിയാ ഗാന്ധിയുടെയും രാഹുൽ ഗാന്ധിയുടെയും പേരിൽ ക്രിമിനൽ ഗൂഢാലോചനാ കുറ്റംചുമത്തി പുതിയ കേസ്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇഡി) പരാതിയുടെ അടിസ്ഥാനത്തിൽ ഡൽഹി പോലീസിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗമാണ് ഇരുവരെയും ഒന്നും രണ്ടും പ്രതികളാക്കി കേസെടുത്തത്.

യങ് ഇന്ത്യൻ, ഡോട്ടെക്സ് മർച്ചന്റൈസ്, അസോസിയേറ്റഡ് ജേണൽസ് ലിമിറ്റഡ് (എജെഎൽ) തുടങ്ങിയ സ്ഥാപനങ്ങൾ, കോൺഗ്രസ് നേതാക്കളായ സുമൻ ദുബെ, സാം പിത്രോദ, ഡോട്ടെക്സ് പ്രമോട്ടർ സുനിൽ ഭണ്ഡാരി യടക്കമുള്ളവർ കേസിൽ പ്രതികളാണ്.

നാഷണൽ ഹെറാൾഡ് പത്രത്തിന്റെ മാതൃകമ്പനിയായ അസോസിയേറ്റഡ് ജേണൽസ് ലിമിറ്റഡിനെ വഞ്ചനാപരമായി കൈവശപ്പെടുത്താൻ ക്രിമിനൽ ഗൂഢാലോചന നടത്തിയെന്നാണ് ആരോപണം.

നാഷണൽ ഹെറാൾഡ് ഇടപാടിലെ കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഇഡി നൽകിയ കുറ്റപത്രം ഫയലിൽ സ്വീകരിക്കണമോയെന്ന കാര്യത്തിൽ ഡൽഹി പ്രത്യേക കോടതി ഡിസംബർ 16-ന് വിധിപറയാനിരിക്കേയാണ് പുതിയ നീക്കം.

# 'സ്കൈ ഡൈനിങ്' പൊല്ലാപ്പായി: നാലംഗ കുടുംബം 120 അടി ഉയരത്തിൽ കുടുങ്ങിയത് രണ്ടര മണിക്കൂർ

ആനച്ചാൽ: ആകാശവിരുന്ന് ആസ്വദിക്കാൻ ക്രെയിനിൽ കയറിയ വിനോദസഞ്ചാരികളുടെ കുടുംബം രണ്ടര മണിക്കൂറിലേറെ 120 അടി ഉയരത്തിൽ കുടുങ്ങിക്കിടന്നു. ആനച്ചാൽ ടൗണിനടുത്തുള്ള സാഹസിക വിനോദസഞ്ചാര പാർക്കിനു സമീപത്തെ സ്കൈ ഡൈനിങ് സെന്ററിൽ നവംബർ 28-ന് ഉച്ചയ്ക്കു രണ്ടിനാണ് സംഭവം. മംഗലാപുരത്ത് സ്ഥിരതാമസമാക്കിയ മലയാളിയായ മുഹമ്മദ് സഫാൻ, ഭാര്യ തൗഫീന എന്നിവരും ആറും മൂന്നും വയസുള്ള ഇവരുടെ രണ്ടു കുട്ടികളും കൂടാതെ സ്ഥാപനത്തിലെ വനിതാ സ്റ്റാഫ് ഹരിപ്രിയയുമാണ് ആകാശത്ത് ആശങ്കയിലായത്.



ക്രെയിനിൽ കുടുങ്ങിക്കിടന്ന വിനോദസഞ്ചാരികളെ അഗ്നിരക്ഷാസേന വടത്തിൽ കെട്ടിയിറക്കുന്നു.

രണ്ടര മണിക്കൂറിനു ശേഷം അടിമാലിയിൽ നിന്നും മൂന്നാറിൽനിന്നും അഗ്നിരക്ഷാ സേനയെത്തി വടം കെട്ടി ഇവരെ താഴെ ഇറക്കുകയായിരുന്നു. കോഴിക്കോട് സ്വദേശികളായ രണ്ടു വയസുള്ള പെൺകുട്ടിയും ഏഴു വയസുള്ള ആൺകുട്ടിയും അവരുടെ അച്ഛനും അമ്മയുമാണ് ക്രെയിനിൽ കയറിയത്. ക്രെയിനിന്റെ വശത്തുള്ള ഇരുമ്പുവടം കുടുങ്ങിപ്പോയതാണ് ഇവർ കുടുങ്ങാൻ കാരണമെന്ന് ഓപ്പറേറ്റർ പറഞ്ഞു.

ഒന്നരമാസം മുമ്പാണ് ആനച്ചാലിൽ ക്രെയിൻ ഉപയോഗിച്ചുള്ള സ്കൈ ഡൈനിങ് സാഹസികവിനോദം ആരംഭിച്ചത്. 120 അടി ഉയരത്തിലിരുന്ന് ഭക്ഷണം കഴിക്കാനും ചുറ്റുപാടുമുള്ള കാഴ്ചകൾ കാണുന്നതിനുമാണിത്. ഒരു ടീമിനെ അരമണിക്കൂറിലേറെ സമയമാണ് ഉയരത്തിൽ നിർത്തുക. ഒരേ സമയം 15 പേർക്ക് ഇതിൽ ഇരിക്കാനുള്ള സൗകര്യമുണ്ട്. ഉച്ചയ്ക്ക് ഊണും ബിരിയാണിയും വൈകുന്നേരങ്ങളിൽ ചായയും പലഹാരങ്ങളുമൊക്കെയാണ് ഭക്ഷണം. വലിയ ഡൈനിങ് ടേബിളും ചുറ്റും 15 കസേരകളും മേൽക്കൂരയും അടങ്ങിയതാണ് സ്കൈ ഡൈനിങ് യൂണിറ്റ്. അപ്പോഴും സുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്തതാണ് അപകടത്തിന് കാരണമായതെന്ന് നാട്ടുകാർ പറയുന്നു. ചെറിയ കുട്ടികൾ ഉൾപ്പെടെ ഉയരത്തിൽ കുടുങ്ങിയത് രക്ഷാദൗത്യം ശ്രമകരമാക്കിയെന്ന് അഗ്നിരക്ഷാ സേനാംഗങ്ങളും പറഞ്ഞു. താഴെ വലവിരിച്ചു പിടിച്ചശേഷം ഒരു അഗ്നിസേനാ ഉദ്യോഗസ്ഥൻ വടത്തിലൂടെ മുകളിൽ കയറി രണ്ടു വയസുള്ള കുട്ടിയെ ദേഹത്തോടു ചേർത്തു കെട്ടിയാണ് താഴെയിറക്കിയത്. നാട്ടുകാരും ജനപ്രതിനിധികളും രക്ഷാദൗത്യത്തിന് പിന്തുണ നൽകി.

സ്ഥാപനത്തിന്റെ പ്രവർത്തനം താത്കാലികമായി നിർത്താൻ സ്റ്റോപ്പ് മെമ്മോ നൽകാൻ നിർദേശിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.

# അൽ ഫലാ സർവകലാശാല വ്യാജരേഖകൾ നിർമ്മിച്ച് ഭൂമി സ്വന്തമാക്കി

ന്യൂഡൽഹി: അൽ ഫലാ സർവകലാശാലയുടെ സ്ഥാപകൻ ജവാദ് അഹമ്മദ് സിദ്ദിഖി മരിച്ചവരുടെ പേരിൽ വ്യാജരേഖയുണ്ടാക്കി ഭൂമി സ്വന്തമാക്കിയതായി കണ്ടെത്തൽ. അറസ്റ്റ് ചെയ്തശേഷം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) നടത്തിയ അന്വേഷണത്തിലാണ് ഈ വിവരം വെളിപ്പെട്ടത്. തെക്കുകിഴക്കൻ ഡൽഹിയിലെ മദൻപൂർ ഖാദറിൽ മുമ്പ് ഭൂമി കൈവശം വെച്ചിരുന്നവരും മരിച്ചവരുമായ അഞ്ചു പേരുടെ പേരിൽ വ്യാജരേഖകൾ നിർമ്മിച്ചാണ് വഞ്ചനാപരമായി അദ്ദേഹം ഭൂമി കൈവശപ്പെടുത്തിയതെന്ന് അന്വേഷണവൃത്തങ്ങൾ പറയുന്നു.

നവംബർ 10-ന് നടന്ന ചെങ്കോട്ട സ്ഫോടനവുമായി ബന്ധപ്പെട്ടുള്ള അന്വേഷണമാണ് ഹരിയാന ആസ്ഥാനമായുള്ള അൽ ഫലാ സർവകലാശാലയിൽ എത്തിച്ചേർന്നത്. ഇവിടെ ജോലി ചെയ്തിരുന്ന മൂന്ന് ഡോക്ടർമാർക്ക് സ്ഫോടനവുമായി ബന്ധമുണ്ടെന്നു തിരിച്ചറിഞ്ഞിരുന്നു. തുടർന്ന് ഇവിടുത്തെ എല്ലാ രേഖകളുടെയും ഫോറൻസിക് ഓഡിറ്റ് നടത്താൻ കേന്ദ്രം ആവശ്യപ്പെട്ടു. 18-ന് അൽ ഫലാ ഗ്രൂപ്പുമായി ബന്ധപ്പെട്ട ഡൽഹിയിലെയും ദേശീയ തലസ്ഥാന മേഖലയിലെയും (എൻ.സി.ആർ.) സ്ഥലങ്ങളിൽ ഇഡി സംഘങ്ങൾ തെരച്ചിൽ നടത്തി. ഇതിനു പിന്നാലെയാണ് ജവാദ് അഹമ്മദ് സിദ്ദിഖി അറസ്റ്റിലായത്. തുടർന്ന് ഇവരുടെ സാമ്പത്തിക വിശദാംശങ്ങൾ പരിശോധിച്ചപ്പോഴാണ് മരിച്ചവരുടെ പേരിലുള്ള ഭൂമി വിൽക്കാൻ വ്യാജ ജനറൽ പവർ ഓഫ് അറ്റോർണി (ജി.പി.എ) ഉപയോഗിച്ചതായി കണ്ടെത്തിയത്. ഈ ഭൂമി സിദ്ദിഖിയുടെ ടാർബിയ വിദ്യാഭ്യാസ ഫൗണ്ടേഷൻ ഒടുവിൽ ഏറ്റെടുത്തതായും ഇഡി കണ്ടെത്തി. മദൻപൂർ ഖാദറിലെ ഖസ്ര നമ്പർ 792-ലെ ഭൂമിയും അനുബന്ധ ഭൂമിയും 75,00,000 രൂപയ്ക്ക് ടാർബിയ വിദ്യാഭ്യാസ ഫൗണ്ടേഷനു വിറ്റതായി രേഖയിലുണ്ടെന്ന് വൃത്തങ്ങൾ പറഞ്ഞു.

ഭൂമി കൈമാറാനുപയോഗിച്ച ജി.പി.എ വ്യാജവും കെട്ടിച്ചമച്ചതുമാണെന്ന് ഇഡി വ്യക്തമായി കണ്ടെത്തിയിട്ടുണ്ട്. അതിലെ മരിച്ചയാളുടെ ഒപ്പുകളും തള്ളവിരൽ അടയാളവും വ്യാജമായി ഉണ്ടാക്കിയതാണ്. കുറഞ്ഞത് അഞ്ചു ഭൂവുടമകളുടെ പവർ ഓഫ് അറ്റോർണി കൈവശം വെച്ചിരുന്നത് വിനോദ്കുമാർ എന്നയാളാണ്. 2004 ജനുവരി 7-ന് ഇവ രജിസ്റ്റർ ചെയ്തപ്പോഴേയ്ക്കും ഭൂവുടമകൾ മരിച്ചിരുന്നു.

നിയമപരമായ സാധുതയില്ലെങ്കിലും ഇതുപയോഗിച്ച് 2013 ജൂൺ 27-ന് വില്പന നടത്തിയെന്നാണ് അന്വേഷണ വൃത്തങ്ങൾ വെളിപ്പെടുത്തുന്നത്.

# SEEKING BRIDEGROOM

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

## SEEKING BRIDEGROOM CONTD.....

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

## വി.ഡി. മത്തായി

**പൈക:** പുരയിടത്തിൽ വി.ഡി. മത്തായി (97) അന്തരിച്ചു. ഭാര്യ മല്ലികശേരി പുരയിടത്തിൽ മേരി മാത്യു. മക്കൾ: സിസി ബോബൻ, ജോസി ജേക്കബ് (യുഎസ്), ജോയിസ് കാമറോൺ (ഓസ്ട്രേലിയ). മരുമക്കൾ: അഡ്വ. ബോബൻ മണ്ണാറാത്ത് (പൊൻകുന്നം), ഡാനിയൽ ജേക്കബ് (യുഎസ്), നീൽ കാമറോൺ (ആസ്ട്രേലിയ).

**കാഞ്ഞിരപ്പള്ളി:** സി.എം.സി. അമലാ പ്രോവിൻസ് ഇഞ്ചിയാനി സെന്റ് ബർണർദീത്താ മഠാംഗമായ സിസ്റ്റർ ജരാർദ് (മേരി-95) അന്തരിച്ചു.

**കുന്നന്താനം:** പാലയ്ക്കാത്തകിടി സെന്റ് ജോസഫ്സ് മഠാംഗം സിസ്റ്റർമേരി ഫ്രാൻസിസ്കാ (71) അന്തരിച്ചു.

## ഏലിയാമ്മ തോമസ്

**മല്ലപ്പള്ളി:** മൂശാരിക്കവല പണിക്കമുറിയിൽഏലിയാമ്മ തോമസ് (തങ്കമ്മ-74) അന്തരിച്ചു. ആനിക്കാട് നൂറോമ്മാവ് ഓലിക്കൽ കുടുംബാംഗമാണ്. ഭർത്താവ് മാത്തുക്കുട്ടി. മക്കൾ: ലിന, ലിൻസി. മരുമക്കൾ: ചെങ്ങരൂർ കളരിക്കൽ ബിജി, ജോൺ (യുഎസ്).

**പാറമ്പുഴ:** തോണിക്കുഴിയിൽ പരേതനായ ആഗസ്തിയുടെ ഭാര്യ മറിയം ആഗസ്തി (പെണ്ണമ്മ-94) അന്തരിച്ചു.

**പുലിക്കുട്ടിശേരി:** വല്യാട് ഇടത്തൊള്ളിൽ പരേതനായ ഔസേപ്പ് വർക്കിയുടെ ഭാര്യ ത്രേസ്യാമ്മ വർക്കി (തെയ്യാമ്മ-93) അന്തരിച്ചു.

## പാസ്റ്റർ ടി.സി. തോമസ്

**റാന്നി:** തടത്തേൽ പാസ്റ്റർ ടി.സി. തോമസ് (81) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഭാര്യ പത്തനാപുരം കടക്കാമൺ ചരുവിള പീസ് കോട്ടേജിൽ അന്നമ്മ തോമസ്. മക്കൾ: പാസ്റ്റർ ഷിബു തോമസ് (ഒക്കലഹോമ-യുഎസ്, പ്രസിഡണ്ട് ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ, സീനിയർ ശുശ്രൂഷകൻ ഐപിസി ഹെബ്രോൺ ഒക്കലഹോമ), ഷേർളി ഏണസ്റ്റ്, ഷിജു തോമസ് (ഇരുവരും ബെംഗ്ളൂരു). മരുമക്കൾ: പാസ്റ്റർ ഏണസ്റ്റ് വി. ജോർജ് (ഗാർഡൻസിറ്റി ഇന്റർനാഷണൽ വർഷിപ് സെന്റർ ബെംഗ്ളൂരു), രേഷ്മ ഷിബു (ഒക്കലഹോമ), റെറ്റി ഷിജു (ബെംഗ്ളൂരു).

**കോതമംഗലം:** റയോൺസ് റിട്ട. ഉദ്യോഗസ്ഥൻ മാർക്കറ്റ് റോഡ് മാരിയേലിൽ എം. യെൽദോ (81) അന്തരിച്ചു.

**പനമ്പിള്ളി നഗർ:** കൊച്ചിൻ ഷിപ്യാർഡ് റിട്ട. ഉദ്യോഗസ്ഥൻ വാക്കാത്ത് റോഡ് വിഷ്ണുകൃപയിൽ വി. വിജയകുമാർ (74) അന്തരിച്ചു.

**തൊടുപുഴ:** പൊതുമരാമത്ത് വകുപ്പ് റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ മുതലിയാർമഠം ശ്രീവത്സം ടി.ആർ. രാഘവൻ (73) അന്തരിച്ചു.

## കെ.കെ. ജോസഫ്



**കാഞ്ഞിരപ്പള്ളി:** കല്ലറയ്ക്കൽ ആനത്താനം പരേതരായ കെ.കെ. കുരുവിളയുടെയും ലൂസി കുരുവിളയുടെയും മകൻ കെ.കെ. ജോസഫ് (ജോസ്-86) അന്തരിച്ചു. ഭാര്യ പരേതയായ മേരി ജോസഫ് ചങ്ങനാശേരി പോളയ്ക്കൽ കുടുംബാംഗം. മക്കൾ: ലൂയല്ല (ന്യൂസിലൻഡ്), കുരുവിള (ബെംഗ്ളൂർ), മാത്യു (കാഞ്ഞിരപ്പള്ളി), റോസി (ബെംഗ്ളൂർ). മരുമക്കൾ: ടോം കരിപ്പാപ്പറമ്പിൽ (ന്യൂസിലൻഡ്), രേണു പൊട്ടംകുളം (ബെംഗ്ളൂർ), അന്നു കട്ടാത്ത് (പൂഞ്ഞാർ), മാത്യു (കുട്ടൻ) കരിമ്പനാൽ (ബെംഗ്ളൂർ).

**അമയന്നൂർ:** പോത്താനിക്കൽ കുടുംബാംഗം കല്ലുവെട്ടാംകുഴിയിൽ പരേതനായ ഇട്ടിയവിരയുടെ ഭാര്യ മറിയാമ്മ ഇട്ടിയവിര (92) അന്തരിച്ചു.

**മൂന്നാനി:** സിഎംസി പാലാ ജയമാതാ പ്രോവിൻസിലെ മൂന്നാനി കാർമൽ ഹോം മഠാംഗം സിസ്റ്റർ സുനാ ഗ്രേയ്സ് (ഗ്രെയ്സി സെബാസ്റ്റ്യൻ-60) അന്തരിച്ചു.

**കോട്ടയം:** ദീപ്തി നഗർ പുള്ളിപടവിൽ കോട്ടയിൽ പരേതനായ കെ.കെ. കുര്യന്റെ ഭാര്യ തിരുവല്ല കാർത്തിക ഫാർമസ്യൂട്ടിക്കൽ ഡിസ്ട്രിബ്യൂട്ടേഴ്സ് പാർട്ണർ എലിസബത്ത് കുര്യൻ (89) അന്തരിച്ചു.

## മറിയാമ്മ ബേബി

**വളഞ്ഞവട്ടം:** കണ്ണശ സ്മാരക ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക പ്ലാമൂട്ടിൽ മെറിൻവില്ലയിൽ മറിയാമ്മ ബേബി (93) അന്തരിച്ചു. തിരുമൂലപുരം പനയ്ക്കമറ്റത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഗീവർഗീസ് ബേബി (പിആർഎഫ് റിട്ട. ഉദ്യോഗസ്ഥൻ). മക്കൾ: നിമ്മി (യുഎസ്), സാജൻ, രാജൻ (ഇരുവരും കുവൈറ്റ്), ജിജി. മരുമക്കൾ: വളഞ്ഞവട്ടം വലിയകാലായിൽ ബാബു (യുഎസ്), ഇരിങ്ങോല ചാമക്കാല ചിന്നു, കുമ്പളാംപൊയ്ക ഇടമല അനിൽ, ചെന്നിത്തല മാവിലേത്ത് റെജി.

**കിഴപറയാർ:** ചുമപ്പുങ്കൽ (പൂവേലിൽ) ഇട്ടിയവിര ദേവസ്യ (ജോർജ്-91) അന്തരിച്ചു.

**ഗാന്ധിനഗർ:** റിട്ട. എഎസ്ഐ കാനാട്ട് കെ.പി. മത്തായി (83) അന്തരിച്ചു.

**കൊടുമൺ:** ഐക്കാട് വടക്കേക്കര പുത്തൻവീട്ടിൽ ഏലിക്കുട്ടി ജോൺ (79) അന്തരിച്ചു.

## മേരി ജോർജ്

**പത്തനാപുരം:** പുന്നല ചാച്ചിപ്പുന്ന നെല്ലിക്കൽ മേരി ജോർജ് (87) അന്തരിച്ചു. ഭർത്താവ് പരേതനായ എൻ.എം. ജോർജ്. മക്കൾ: പ്രഫ. ഡോ. ജോർജ് മാത്യു, ജെംസി അലക്സ് (യുഎസ്), ബാബു ജോർജ് (പ്രഥമാദ്ധ്യാപകൻ നരിക്കൽ എം.ടി. യുപിഎസ്). മരുമക്കൾ: റാണി ജെ. ജോൺ (പ്രഥമാദ്ധ്യാപിക), പി.ജി. അലക്സ്കുട്ടി (യുഎസ്), മറീന ബി. ജോർജ് (കോൾ ഇന്ത്യ).

**കാഞ്ഞിരപ്പള്ളി:** കുന്നുംഭാഗം ഞള്ളത്തുവയലിൽ സെ. ഡൊമിനിക്സ് കോളജ് റിട്ട. പ്രഫസർ ജി.പി. ജോർജ് (87) അന്തരിച്ചു.

**പുതുപ്പള്ളി:** തിരുവല്ല മാർത്തോമ്മാ കോളജ് സുവോളജി വിഭാഗം മുൻ മേധാവി പുതുപ്പള്ളി മന്ദപ്പറമ്പിൽ തെക്കയിൽ ഡോ. എം.ഐ. ആൻഡ്രൂസിന്റെ ഭാര്യ മേരി ആൻഡ്രൂസ് (78) അന്തരിച്ചു.

## തങ്കമ്മ ചെറിയാൻ



**കോട്ടയം:** മൂലവട്ടം ചാമക്കാട്ട് പരേതനായ സി.എം. ചെറിയാന്റെ ഭാര്യ തങ്കമ്മ ചെറിയാൻ (89) അന്തരിച്ചു. വള്ളംകുളം ഊരാക്കൽ കണ്ടത്തിൽ കുടുംബാംഗമാണ്. മക്കൾ: ഉഷ കുര്യൻ, പരേതനായ ഷാബു ചെറിയാൻ, തമ്പു ചെറിയാൻ, ആഷ ഏബ്രഹാം (യുഎസ്). മരുമക്കൾ: പരേതനായ രാജു വട്ടക്കാട്ട് (പാക്കിൽ), ബീന മണയന്ത്ര (കൊല്ലാട്), മിനോ താഴത്തേക്കുറ്റ് (കുമ്പനാട്), സെൻ ചേട്ടാകുളത്തിൻകര (കോതമംഗലം).

**കോഴിക്കോട്:** തിരുഹൃദയ സന്യാസിനി സമൂഹം താമരശേരി സാന്തോം പ്രോവിൻസ് അംഗമായ സിസ്റ്റർ ആഞ്ഞൂസ് (മരിയ കുട്ടിക്കാനായിൽ-94) അന്തരിച്ചു.

**തിരുവല്ല:** കാരയ്ക്കൽ കാട്ടുപറമ്പിൽ കെ.എം. ഏബ്രഹാം (85) അന്തരിച്ചു.

**പറവൂർ:** ഐഎസ്ആർഒ റിട്ട. ഉദ്യോഗസ്ഥൻ നന്ദികുളങ്ങര മുക്കത്ത് സെബാസ്റ്റ്യൻ (80) അന്തരിച്ചു.

**കുറുമ്പനാടം:** ഈശോസഭാംഗം ഫാ. ജോസഫ് ഓവേലിൽ (83) വഡോദരയിൽ അന്തരിച്ചു.

**മുണ്ടത്താനം:** മുരിക്കനാനിക്കൽ പരേതനായ എം.സി. അലക്സാണ്ടറുടെ ഭാര്യ പൊന്നമ്മ അലക്സാണ്ടർ (82) അന്തരിച്ചു.

## ചക്കൻകുളം മാമച്ചൻ

**കുണ്ടുതോട്:** കർഷകനും പ്ലാന്ററും കുണ്ടുതോട് സഹകരണ അർബൻ സൊസൈറ്റി സ്ഥാപക പ്രസിഡണ്ടും കുണ്ടുതോട് ആർപിഎസ് മുൻ പ്രസിഡണ്ടുമായ ചക്കൻകുളം മാമച്ചൻ (സി.ടി. തോമസ് (94) അന്തരിച്ചു. ഭാര്യ തീക്കോയി ചുങ്കപ്പുര തങ്കമ്മ. മക്കൾ: ഡോ.ജാൻസി (യുഎസ്), സിസിലി, ഫിലോമിന, ജോവമ്മ, ടോമി, റോസിലിൻഡ് (പൂനെ), ജോസി (എറണാകുളം), കൊച്ചുറാണി, മാത്യുച്ചൻ (കോഴിക്കോട്), പ്രിൻസ്, വിൻസന്റ് (മെക്സിക്കോ), ജോളി (ഹൈദരാബാദ്), ജോമോൻ (ഇംഗ്ലണ്ട്). മരുമക്കൾ: ജോർജ് പൊട്ടനാട്ട് (യുഎസ്), ജോജി ഒളശ്ശയിൽ (ചങ്ങനാശേരി), ജിമ്മിച്ചൻ വയറ്റാട്ടിൽ പുറപ്പുഴ, ജോർജ് തേക്കാനത്ത് (സൗദി), മേഴ്സി മലമാക്കൽ (പൈക), ടോമിപുലിക്കുന്നേൽ (പൂനെ), തനൂജ കോടിയിൽ (എറണാകുളം), അഡ്വ. കെ.ഡി. മാർട്ടിൻ കൊട്ടാരത്തിൽ (തളിപ്പറമ്പ്), നിഷ വടക്കേടം (എറണാകുളം), വിനി പുരയിടത്തിൽ (കോഴിക്കോട്), ജാസ്മിൻ കിഴക്കേപീടിക (ഇരിങ്ങാലക്കുട), അഞ്ജന ചക്കുങ്കൽ (കോഴിക്കോട്), ജയ്മോൾ തയ്യിൽ (കോതനല്ലൂർ).

## ശോശാമ്മ സഖറിയ

**ചീരഞ്ചിറ:** തലക്കുളത്തു പരേതനായ ടി.എം. സഖറിയായുടെ ഭാര്യ ശോശാമ്മ (95) അന്തരിച്ചു. വാകത്താനം പുച്ചക്കേരിൽ കുടുംബാംഗമാണ്. മക്കൾ: അമ്മിണിക്കുട്ടി, രമണിക്കുട്ടി, ലില്ലിക്കുട്ടി, സാലിമോൾ, പരേതയായ ഓമനക്കുട്ടി (യുഎസ്). മരുമക്കൾ: എൻ. മത്തായി നെടിയകാലായിൽ (എറണാകുളം), പരേതനായ പി. തോമസ് തൈപ്പറമ്പിൽ (ആലപ്പുഴ), ജോൺ ഫിലിപ്പ് പ്ലാവിനാൽ (ആലപ്പുഴ), കെ.കെ. ജോൺ കൊച്ചുപിലാപ്പറമ്പിൽ (വാകത്താനം), അലക്സാണ്ടർ ചാണ്ടി പടാച്ചിറ പാത്താമുട്ടം (യുഎസ്).

**തൃശൂർ:** മിഷനറീസ് ഓഫ് ചാരിറ്റീസ് അംഗം സിസ്റ്റർ മേരി ജാസ്മിൻ (ബേബി-76) അന്തരിച്ചു.

**ചങ്ങനാശേരി:** കർണാടക ചിക്കമംഗളൂർ രൂപതാംഗം ഫാ. ജെയിംസ് കുരിശിങ്കൽ (89) അന്തരിച്ചു.

**മണിമല:** പുലിക്കല്ല് മണ്ണക്കര കളത്തൂർ പരേതനായ തങ്കച്ചന്റെ മകൻ ജിജോ ജോസഫ് (ജോർജുകുട്ടി-50) അന്തരിച്ചു.

**ഇടയിരിക്കപ്പുഴ:** കേരള ബാങ്ക് റിട്ട. മാനേജർ ഇടയ്ക്കാട്ടില്ലം എ.വി. വാസുദേവൻ നമ്പൂതിരി (72) അന്തരിച്ചു.

**കടുത്തുരുത്തി:** വെള്ളാശേരി കൊല്ലാപറമ്പിൽ പരേതനായ ലൂക്കോസിന്റെ ഭാര്യ ഏലിയാമ്മ (87) അന്തരിച്ചു.

**തിരുവനന്തപുരം:** നാലാഞ്ചിറ കോൺവെന്റ് ലെയിനിൽ കാപ്പിക്കരയിൽ എലിസബത്ത് ജോൺ (83) അന്തരിച്ചു.

## കെ.എൻ. ഏലിയാമ്മ

**പൂവന്തുരുത്ത്:** വെള്ളുത്തുരുത്തി എണ്ണശ്ശേരിൽ പാണംപറമ്പിൽ പരേതനായപി.എസ്. കുര്യന്റെ ഭാര്യ വാകത്താനം ജെ.എം.എച്ച്.എസ്. റിട്ട. അദ്ധ്യാപിക കെ.എൻ. ഏലിയാമ്മ (അമ്മിണി-78) അന്തരിച്ചു. അഞ്ചേരി ചക്കുപുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: അക്കാമ്മ കുര്യൻ (യുഎസ്), സൈജു സ്കറിയ കുര്യൻ (ജോസ് ഗോൾഡ് കോട്ടയം). മരുമക്കൾ: ബോബി മാത്യു മങ്ങാട്ട്ചിറയിൽ ചെങ്ങളം (യുഎസ്), മെറിൻ ചാണ്ടി ഒറവുങ്കര പുത്തൻപുരക്കൽ (മൂലേടം).

## സ്റ്റാൻലി ജോസഫ്



**ഡാളസ്/തൃശൂർ:** നാല് പതിറ്റാണ്ടോളം ഡാളസിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ച ഗാർലൻഡ് ഐ.എസ്.ഡി മുൻ ജീവനക്കാരനും ഇപ്പോൾ തൃശൂരിൽ അഞ്ചേരിയിൽ താമസക്കാരനുമായ സ്റ്റാൻലി ജോസഫ് (ബോബി-63) അന്തരിച്ചു. തൃശൂർ നെല്ലിക്കുന്ന് പരേതരായ അറക്കൽ ജോസ്-അന്നമ്മ ടീച്ചർ ദമ്പതികളുടെ മകനാണ്. ഭാര്യ ജിജി ജോസഫ്. മക്കൾ: ജെനിഫർ, അഞ്ജന. മരുമകൻ: റൂബൻ. സഹോദരങ്ങൾ: ജോൺ ജോസഫ്, മേഴ്സി, തമ്പി, ജെസ്സി, റോയ് (എല്ലാവരും ഡാളസ്), സൂസി (ആഫ്രിക്ക).

**ഏറ്റുമാനൂർ:** വെട്ടിമുകൾ മറ്റത്തോട്ടത്തിൽ പരേതനായ എൻ.വി. ജോസഫിന്റെ ഭാര്യ മേരി ജോസഫ് (91) അന്തരിച്ചു.

**പാലാ:** വെള്ളിയേപ്പള്ളി മുളക്കത്തറ എം.ടി. തോമസ് (കുടിലിൽ തോമാച്ചൻ-84) അന്തരിച്ചു.

## ടി.സി. ജോസഫ്

**നരിയങ്ങാനം:** തെക്കേൽ ടി.സി. ജോസഫ് (81) അന്തരിച്ചു. ഭാര്യ പ്രവിത്താനം മഞ്ഞക്കുന്നേൽ ആനിയമ്മ ജോസഫ്. മക്കൾ: ബീന (യുഎസ്), ജൂബി (അയർലൻഡ്), ദീപ (യുഎസ്). മരുമക്കൾ: റെജി നരിതൂക്കിൽ (പൈക), അൽവിനേഷ് പുഞ്ചത്തലക്കൽ (മുട്ടുചിറ), ലിജോ കടന്തോട് (ചങ്ങനാശേരി).

**കങ്ങഴ:** കെഎസ്ഇബി റിട്ട. ഓവർസിയർ കുഴിക്കാലായിൽ ജോൺ മത്തായി (അച്ചൻകുഞ്ഞ്-70) അന്തരിച്ചു.

**ചങ്ങനാശേരി:** പെരുന്ന പാലപ്പറമ്പിൽ വർഗീസ് ജോസഫിന്റെയും സോമിനിയുടെയും മകൾ ജെനിഫർ മരിയ വർഗീസ് (17) അന്തരിച്ചു.

## മറിയാമ്മ കെ. തോമസ്

**പുതുപ്പള്ളി:** തിരുവനന്തപുരം കരിങ്ങനാട്ടിൽ വീട്ടിൽ പരേതനായ തോമസ് കെ. വർഗീസിന്റെ ഭാര്യ മറിയാമ്മ കെ. തോമസ് (തങ്കമ്മ-98) യുഎസിൽ അന്തരിച്ചു. പുതുപ്പള്ളി കണിയാമ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ബെഞ്ചമിൻ കെ. തോമസ്, ഷീല കെ. വർഗീസ്, സാജൻ കെ. തോമസ്, ഡോ. ഡേവിഡ് കെ. തോമസ്. മരുമക്കൾ: പരേതനായ മാത്യു വർഗീസ്, ഷീല തോമസ്.

**കണ്ണൂർ:** അമലോത്ഭവ മാതാവിന്റെ ഉർസുലൈൻ സന്യാസിനി സഭാംഗം സിസ്റ്റർ ജെമ്മാ കാപ്പിൽ (90) അന്തരിച്ചു.

**കൊച്ചി:** മട്ടാഞ്ചേരി ജ്യൂ ടൗണിലെ ദ് ക്ലാസിക് എക്സ്പോർട്സ് സ്ഥാപകൻ തേവര തളിയത്ത് ഏബ്രഹാം ജെ. തളിയത്ത് (62) അന്തരിച്ചു.

**ചാരുംമൂട്:** അപ്പസ്തോലരാജ്ഞി സന്യാസിനി സമൂഹത്തിലെ കൊടുങ്ങല്ലൂർ ഉപകാരമാതാ നികേതനിലെ അംഗവും മുൻ മദർ ജനറലുമായിരുന്ന സിസ്റ്റർ കലിസ്റ്റ (മേരി പനച്ചിക്കൽ-79) അന്തരിച്ചു.

**റാന്നി:** ഈട്ടിച്ചുവട് ആഞ്ഞിലിമൂട്ടിൽ എള്ളുകാലായിൽ പി.കെ. ഏബ്രഹാം (അവറാച്ചൻ-78) അന്തരിച്ചു.

**ചക്കരക്കൽ:** കണ്ണൂക്കര ഗവ. എൽപി സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക മൗവ്വഞ്ചേരി വണ്യാലയിൽ ശാന്തിസദനിൽ സി.എൻ. ശ്രീദേവി (63) അന്തരിച്ചു.

## ആനി തങ്കച്ചൻ

**കായംകുളം:** മാർത്തോമ്മാ സഭാ മുൻ സഭാ കൗൺസിൽ അംഗം പൂശാരി ബംഗ്ലാവിൽ ആനി തങ്കച്ചൻ (83) അന്തരിച്ചു. മാരാമൺ പാലക്കുന്നത്ത് കുടുംബാംഗമാണ്. ഭർത്താവ് കോശി തങ്കച്ചൻ (നെൽസൺ മോട്ടോഴ്സ്). മക്കൾ: മിനി സണ്ണി, സൗമിനി, മനു പി. കോശി (ഇരുവരും യുഎസ്), ടോം കോശി. മരുമക്കൾ: സണ്ണി ജോസഫ് പുളിമൂട്ടിൽ (കൊച്ചി), റെന്നി കുറിയാക്കോസ് പന്നിക്കോട്ട് (പുറമറ്റം), അൻസു കോശി, ഷേബ ടോം.

**റാന്നി:** വിമുക്തഭടൻ ഐത്തല കിഴക്കേമുറിയിൽ കെ.എ. ഏബ്രഹാം (ബേബി-87) അന്തരിച്ചു.

**വെള്ളിയാമറ്റം:** പുതുപ്പള്ളിൽ മൈക്കിൾ മൈക്കിൾ (94) അന്തരിച്ചു.

**കൈനകരി:** അറുപതിൽചിറ (കാട്ടുപള്ളിച്ചിറ) ജോസഫ് ആഗസ്തി (82) അന്തരിച്ചു.

**ഇരട്ടയാർ:** നത്തുകല്ല് പിരിയൻമാക്കൽ മേരിക്കുട്ടി വർഗീസ് (മേരിക്കുട്ടി പാലാ-78) അന്തരിച്ചു.

**പുതുവേലി:** ചിറയത്ത് ജോയിയുടെയും ആൻസിയുടെയും മകൻ ബ്ലസൻ ജോയി (48) അന്തരിച്ചു.

# CAREGIVER WANTED IN CHICAGO SUBURB

ചിക്കാഗോയുടെ സബർബായ നോർത്ത് ലെയ്ക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 days, 5 hours daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെടുക:**

**847-648-3300**

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## *Favors Received*



*Inserted by: Firm Believer, Houston*

## *Favors Received*



*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

# DOMESTIC HELP NEED IN MICHIGAN

Family of 4 with 2 kids aged 9 and 5 seeking domestic help who can cook healthy Kerala food and help with light house cleaning. Lives in Michigan. Salary negotiable.

**Please contact**

**Jinu Mathew at 810-412-8554**

**for further details.**

# DOLLAR-GROCERY STORE FOR SALE

Dollar Store Grocery Store for sale in the Chicago West side area. Biggest 5000 Sq.Ft. store, $50,000.00 gross Sale a month. You can earn extra income on Gaming Machines. Very profitable business. Rent $ 3,200 a month. We don't sell tobacco and lottery. Too much improvement in business. Asking price $ 95,000.00 plus inventory or best offer. Interested people or serious buyers only.

**Call: 773-443-1733**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന


മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Atlanta*




# 'കളങ്കാവൽ' വിശേഷങ്ങളുമായി സംവിധായകൻ ജിതിൻ കെ. ജോസ് സംസാരിക്കുന്നു



**സി**ഗരറ്റ് കടിച്ചുപിടിച്ച്, ഫസ്റ്റ്ലുക്കിൽ മമ്മൂട്ടിയുടെ വല്ലാത്തൊരു നോട്ടത്തിലും ചിരിയിലും തുടങ്ങിയതാണ് മമ്മൂട്ടി-വിനായകൻ സിനിമ 'കളങ്കാവലി'ന്റെ സസ്പെൻസും ത്രില്ലും. 'ഏറ്റവും കൂടുതൽ സുഖം കിട്ടുന്നത് എന്തിനെ കൊല്ലുമ്പോഴാണെന്ന് അറിയാമോ' എന്ന മമ്മൂട്ടിയുടെ ഡയലോഗു കൂടിയായപ്പോൾ, ട്രെയിലറിൽ ഉദ്വേഗം ഒരുപടികൂടി കടന്നു. മമ്മൂട്ടി വില്ലനാണോ, ഇതു സയനൈഡ് മോഹന്റെ ക്രൈം ലൈഫാണോ.... നിരവധിയാണ് ഇതു സംബന്ധിച്ചു പ്രചരിക്കുന്ന ഊഹാപോഹങ്ങളും ചോദ്യങ്ങളും. ചിത്രത്തിന്റെ സംവിധായകനും സഹരചയിതാവുമായ ജിതിൻ കെ. ജോസ് സംസാരിക്കുന്നു.

ദാരികനെത്തേടി ഭദ്രകാളീദേവി നടത്തുന്ന യാത്രയുടെ ഐതിഹ്യവുമായി ബന്ധപ്പെട്ടു ദേവീക്ഷേത്രങ്ങളിൽ നടത്താറുള്ള ചടങ്ങാണു കളങ്കാവൽ. എന്റെ കളത്തിനു ഞാൻ കാവൽ നിൽക്കുന്നു എന്നാണ് അതിന്റെ വാച്യാർത്ഥം. കളത്തിനു വിവിധ അർത്ഥങ്ങളുണ്ട്. മലയാളത്തിലും തമിഴിലും ഒരേ അർത്ഥം തന്നെയാണ്. ഇതിന്റെ കഥാഭൂമിക കേരള-തമിഴ്നാട് അതിർത്തിയിലായതുകൊണ്ടും ഈ രണ്ടു സംസ്കാരങ്ങളെ ഈ സിനിമ ഉൾക്കൊള്ളുന്നതിനാലുമാണ് ഈ പേരിലെത്തിയത്. മാത്രമല്ല, ഇതിന്റെ പ്രമേയവുമായും ആ ഐതിഹ്യത്തിനു ബന്ധമുണ്ട്.

ഇതിന്റെ സഹഎഴുത്തുകാരൻ ജിഷ്ണു ശ്രീകുമാറുമായുള്ള വർത്തമാനങ്ങൾക്കിടെയാണ് ഈ സിനിമയുടെ ആശയത്തിലെത്തിയത്. എഴുത്തു തുടങ്ങി കഥാപാത്രനിർമിതിയുടെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഒരു വേഷം മമ്മൂക്ക ചെയ്താൽ നന്നായിരിക്കുമെന്നു തോന്നി. സിനിമയുടെ മൊത്തത്തിലുള്ള നിലവാരത്തിലും ആത്മവിശ്വാസമായി. പൃഥ്വിരാജിനോടും ഈ പ്രമേയം സംസാരിച്ചിരുന്നു. അദ്ദേഹം കഥയിൽ പ്രകടിപ്പിച്ച വിശ്വാസം മമ്മൂക്കയിലേക്കു പോകാൻ വഴികാട്ടി. മാമാങ്കം സിനിമയുടെ എക്സി. പ്രൊഡ്യൂസർ വിവേക് രാമദേവൻ, നിർമാതാക്കളായ സി.വി. സാരഥി, ആന്റോ ജോസഫ് എന്നിവരിലൂടെ മമ്മൂക്കയിലെത്തി. കഥ കേട്ടശേഷം, അദ്ദേഹത്തിനായി ഞാൻ കരുതിവെച്ച കഥാപാത്രത്തെക്കുറിച്ചു പറയുന്നതിനു മുമ്പുതന്നെ, അതേവേഷം ചെയ്യാമെന്ന് അദ്ദേഹം ഇങ്ങോട്ടു പറഞ്ഞു!

ഒന്നിലധികം യഥാർത്ഥ ജീവിതസംഭവങ്ങളിൽ നിന്ന് പ്രചോദനം നേടിയാണ് ഈ സിനിമ ചെയ്തത്. അതിനപ്പുറം ഒരു സംഭവംമാത്രം കൃത്യമായി പിന്തുടരാൻ ശ്രമിച്ചില്ല. മറിച്ച്, അതിൽനിന്നു കിട്ടിയ സിനിമാറ്റിക് ആശയം എങ്ങനെ വികസിപ്പിക്കാം, മെച്ചപ്പെടുത്താം എന്നൊക്കെയായിരുന്നു ചിന്ത. മാത്രമല്ല യഥാർത്ഥ സംഭവങ്ങളിലൊന്നും പെടാത്തതും യഥാർത്ഥ ജീവിതത്തിൽ കേട്ടുപരിചയവുമുള്ള കുറേ കഥാപാത്രങ്ങളെക്കൂടി ഉൾപ്പെടുത്തിയ കഥയാണു പറയുന്നത്. പ്രചോദനം തന്ന യഥാർത്ഥ സംഭവങ്ങൾ ഏതെല്ലാമെന്നു ഞങ്ങൾ ഒരിടത്തും വെളിപ്പെടുത്തിയിട്ടില്ല. അത്തരം മുൻവിധികളില്ലാതെ ആളുകൾ സിനിമ കാണട്ടെ.

മമ്മൂട്ടിയും വിനായകനും രണ്ടു പ്രധാനപ്പെട്ട കഥാപാത്രങ്ങൾ എന്നതിനപ്പുറം ആരാണു നായകൻ, ആരാണു വില്ലൻ എന്നൊക്കെ ഒരിടത്തും പറഞ്ഞിട്ടില്ല. ചെയ്യുന്ന പ്രവൃത്തിയിലുപരി അതിന്റെ ലക്ഷ്യം, അതിനുള്ള കാരണം, അത് ആർക്കെതിരെയാണ്... ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണു നായകനെയും പ്രതിനായകനെയും നിർവചിക്കുക. ട്രെയിലറിലെ ഡയലോഗ് വെച്ച് മമ്മൂക്കയെ പ്രഥമദൃഷ്ട്യാ നെഗറ്റീവ് താത്പര്യങ്ങളുള്ള ഒരാളായിത്തോന്നാം. പക്ഷേ, ആ ഡയലോഗിനു പല മാനങ്ങളുണ്ടാവാം. ഒരാൾ വിശേഷാലൊന്നുമില്ലാതെ പറയുന്നതാവാം. ആത്മാർത്ഥമായി പറയുന്നതാവാം. ആക്ഷേപഹാസ്യത്തിൽ പറയുന്നതാവാം. ഏതു സീനിൽ, ഏതു സന്ദർഭത്തിലാണ് അതു വരുന്നതെന്നറിഞ്ഞാൽ മാത്രമേ കൃത്യമായി അതിന്റെ മാനങ്ങൾ മനസിലാവുകയുള്ളൂ. അതിന്റെ ഉത്തരം സിനിമയാണു സംസാരിക്കേണ്ടത്.

രജിഷ വിജയൻ, ഗായത്രി അരുൺ, ശ്രുതി രാമചന്ദ്രൻ, മേഘ തോമസ്, മാളവിക തുടങ്ങിയവർ ഈ സിനിമയുടെ ഭാഗമാണ്.

രണ്ടു പ്രധാന കഥാപാത്രങ്ങളിൽ ഒന്നിനുവേണ്ടിയാണ് പൃഥ്വിരാജിനെ സമീപിച്ചത്. അദ്ദേഹം തയാറായിരുന്നുവെങ്കിലും ഷൂട്ടിംഗ് സമയമായപ്പോൾ ഡേറ്റ് പ്രശ്നമായി. ചർച്ചകളിൽ വിനായകൻ ചേട്ടന്റെയും പേരു വന്നു. വിനായകൻ ആയിക്കൂടേ എന്നു മമ്മൂക്കയും ചോദിച്ചു. അദ്ദേഹത്തിന്റെ മുൻ കഥാപാത്രങ്ങളിൽനിന്നു കുറച്ചു മാറിയുള്ള ഒരു വേഷം. അതിൽ തന്റേതായ ഒരു പുതിയ ഡൈമെൻഷൻ തരാൻ സാധ്യതയുണ്ടെന്നു തോന്നി. പുതുമയുള്ള രസകരമായ കോംബോ.

കഥാപാത്രത്തിന്റെ മനസറിഞ്ഞ്, സ്വഭാവങ്ങൾ, ആന്തരിക മനോവ്യാപാരങ്ങൾ - ഇവയെക്കുറിച്ചു മമ്മൂക്കയുമായി ചർച്ചചെയ്തിരുന്നു. ഷൂട്ടിംഗ് സമയത്ത് ഇതിന്റെ വിഷ്വൽ പാറ്റേണും വിഷ്വൽ ഡിസൈനിംഗും അറിയിച്ചു. ആ ഫ്രെയിമിലേക്കു വന്നു കഥാപാത്രമായി. പെർഫോം ചെയ്തപ്പോൾ തന്റെ മുന്നൊരുക്കത്തിന്റെയും നടൻ എന്ന രീതിയിലുള്ള റേഞ്ചിന്റെയുമൊക്കെ പ്രത്യേകത കൊണ്ടാവാം, തുടരെത്തുടരെ അപ്രതീക്ഷിതമായ ചില ഇൻപുട്സ് തന്നു ഞെട്ടിച്ചുകൊണ്ടേയിരുന്നു. അതുകൊണ്ടുതന്നെ മമ്മൂക്കയെ ഡയറക്ട് ചെയ്യുക എന്നത് ഏറെ ആവേശജനകമായിരുന്നു. മനോധർമമനുസരിച്ചുകൂടിയുള്ള പ്രകടനമാണ് അദ്ദേഹത്തിൽ നിന്നുണ്ടാവുക. പക്ഷേ, അതിൽ നമുക്ക് എന്തെങ്കിലും വ്യക്തതയോ മാറ്റമോ വേണമെന്നു തോന്നിയാൽ അദ്ദേഹത്തോട് അതു പറയാനുള്ള ഇടമുണ്ടായിരുന്നു. അതു മനസിലാക്കി വേണ്ടതു തരികയും ചെയ്യും. അദ്ദേഹം മുമ്പു ചെയ്തതിൽനിന്നു വേറിട്ട തലങ്ങളിലുള്ള ചില പ്രകടനങ്ങൾ ഇതിലുണ്ടാകും. മമ്മൂക്ക മഹാനടനായി നിലനിൽക്കുന്നതിന്റെ




കാരണങ്ങൾ കൃത്യമായി അനുഭവിച്ചറിഞ്ഞു. നടനെന്ന രീതിയിലും പ്രഫഷണൽ ആറ്റിറ്റ്യൂഡിന്റെ കാര്യത്തിലും 100 ശതമാനം പങ്കാളിത്തമാണ് വിനായകൻചേട്ടനിൽനിന്നുണ്ടായത്. ആരോഗ്യപരമായി ചില ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നപ്പോൾ പോലും കൃത്യസമയത്തു സെറ്റിൽ എത്തുമായിരുന്നു. കഥാപാത്രത്തെപ്പറ്റി കൃത്യമായി അറിഞ്ഞ്, ചെറിയ ഡയലോഗു പോലും പറഞ്ഞുനോക്കിയ ശേഷമായിരുന്നു അഭിനയം. സംവിധായകനെന്ന രീതിയിൽ എനിക്കു സിനിമയെ കുറച്ചുകൂടി മെച്ചപ്പെടുത്താൻ ആ സാന്നിധ്യം സഹായകമായി.

പടത്തിൽ ഏകദേശം ആദ്യാവസാനമുള്ള ഒരു കഥാപാത്രം. 'ഡീയസ് ഈറെ'യിൽ വളരെ പ്രധാനപ്പെട്ട, അഭിനയമുഹൂർത്തങ്ങളുള്ള ഒരു വേഷം ചെയ്ത് അദ്ദേഹം വേറൊരു ലെവലിലേക്കു മാറിക്കഴിഞ്ഞു. ആ യാത്രയുടെ തുടർച്ച ഇതിലുമുണ്ടാകും. ഈ സിനിമ ചെയ്തുകഴിഞ്ഞാണ് അദ്ദേഹം അതിൽ അഭിനയിച്ചത്.

അതു ട്രെയിലറിനു വേണ്ടി ചെയ്തതാണ്. ആ പരിപാടിയുടെ ആരാധകനാണു ഞാൻ. അദ്ദേഹത്തിന്റെ അവതരണരീതി ട്രെയിലറിൽ ഉപയോഗിക്കാമെന്നു തോന്നി. അദ്ദേഹത്തിന്റെ എഴുത്ത്, അവതരണശൈലി എന്നിവയിൽ പ്രചോദനംനേടി ആദ്യം നമ്മൾ ഒരു ഭാഷ്യമെഴുതുകയും പിന്നീട് അദ്ദേഹത്തിന്റെകൂടി സഹായത്തോടെ വേണ്ട മാറ്റങ്ങൾ വരുത്തുകയുമായിരുന്നു. ഈ സിനിമയ്ക്കുവേണ്ടി 'വല്ലാത്തൊരു കഥ'യിൽനിന്ന് വിവരങ്ങൾ എടുത്തിട്ടില്ല.

എഴുത്തുകാരനെന്ന രീതിയിൽ നടത്തിയ ശ്രമങ്ങൾക്കിടെയാണു 'കുറുപ്പ്' എന്ന സിനിമ സംഭവിച്ചത്. അതിനിടെയുണ്ടായ സംവിധാനം എന്ന ആഗ്രഹത്തിനുപിന്നാലെ സഞ്ചരിച്ചുതുടങ്ങി. 'മാമാങ്ക'ത്തിലും 'കുറുപ്പി'ലും അസി. ഡയറക്ടറായി. ഒന്നുരണ്ടു തമിഴ്സിനിമകളുടെ മേക്കിംഗ് വീഡിയോയുടെ ഭാഗമായ ശേഷമാണു 'കളങ്കാവൽ' ചെയ്തത്.

കുറുപ്പിന്റെ സംവിധായകനായ ശ്രീനാഥ് രാജേന്ദ്രനാണ് പാർട്ട്-2 വിനെക്കുറിച്ച് കൃത്യമായ തീരുമാനമെടുക്കേണ്ടത്. ആവേശജനകമായ ഒരാശയം ആരുടെ ഭാഗത്തുനിന്നു വന്നാലും പാർട്ട്-2 സംഭവിച്ചേക്കാം.




# തീയവർ കുലൈ നടുങ്ക തിയേറ്ററുകളിലെത്തി

**അ**ർജുൻ സർജ, ഐശ്വര്യ രാജേഷ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ദിനേശ് ലക്ഷ്മണൻ കഥയെഴുതി സംവിധാനം ചെയ്യുന്ന ‘തീയവർ കുലൈ നടുങ്ക’യുടെ ട്രെയിലർ റിലീസ് ആയി. ജി.എസ്. ആർട്സിന്റെ ബാനറിൽ ജി. അരുൾകുമാർ ആണ് ചിത്രം നിർമിക്കുന്നത്. ക്രൈം ത്രില്ലറായൊരുക്കിയ ചിത്രം പ്രേക്ഷകരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുന്ന ഒന്നായിരിക്കുമെന്ന സൂചനയാണ് ട്രെയ്‌ലർ നൽകുന്നത്. ആക്ഷൻ, സ്റ്റൈൽ, വൈകാരികത എന്നിവ കോർത്തിണക്കിയാണ് ചിത്രം ഒരുക്കിയിരിക്കുന്നതെന്നും ട്രെയ്‌ലർ കാണിച്ചുതരുന്നു. 21-ന് ആഗോള റിലീസായി എത്തിയ ചിത്രം കേരളത്തിൽ ഗുഡ് സെലക്ഷൻ റിലീസ് ആണ് വിതരണത്തിനെത്തിക്കുന്നത്.



അർജുൻ സർജെയുടെ ആക്ഷൻ മികവും ഐശ്വര്യ രാജേഷിന്റെ അഭിനയ മികവും ചിത്രത്തിന്റെ ഹൈലൈറ്റായി മാറുമെന്നും ട്രെയ്‌ലർ കാണിച്ചുതരുന്നുണ്ട്. സംവിധായകൻ ലോകേഷ് കനകരാജ് പുറത്തു വിട്ട ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്ററും മികച്ച പ്രതികരണമാണ് നേടിയത്. ‘ബ്ലഡ് വിൽ ഹാവ് ബ്ലഡ്’ എന്ന ടാഗ്‌ലൈനോടെയാണ് ഫസ്റ്റ് ലുക്ക് പുറത്തു വന്നത്. ബിഗ് ബോസ് ഫെയിം അഭിരാമി, രാംകുമാർ ജി.കെ. റെഡ്ഢി, പി.എൽ. തേനപ്പൻ, ലോഗു, എഴുത്തുകാരനും നടനുമായ വേല രാമമൂർത്തി, തങ്കദുരൈ, പ്രാങ്കസ്റ്റർ രാഹുൽ, ഒ.എ.കെ. സുന്ദർ എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാന താരങ്ങൾ.

കോ-പ്രൊഡ്യൂസർ-ബി. വെങ്കിടേശൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-രാജ ശരവണൻ, ഛായാഗ്രഹണം-ശരവണൻ അഭിമന്യു, സംഗീതം-ഭരത് ആശീവാഗൻ, എഡിറ്റിംഗ്-ലോറൻസ് കിഷോർ, ആർട്ട്-അരുൺശങ്കർ ദുരൈ, ആക്ഷൻ-കെ. ഗണേഷ് കുമാർ, വിക്കി, ഡയലോഗ്-നവനീതൻ, സുന്ദർരാജൻ, വരികൾ-വിവേക്, തമിഴ് മണി, എം.സി. സന്ന, വസ്ത്രാലങ്കാരം-കീർത്തി വാസൻ, വസ്ത്രങ്ങൾ-സെൽവം, മേക്കപ്പ്-കുപ്പുസാമി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-എം. സേതുപാണ്ഡ്യൻ, പ്രൊഡക്ഷൻ കൺട്രോളർ-പി. സരസ്വതി, സ്റ്റിൽസ്-മിലൻ സീനു, പബ്ലിസിറ്റി ഡിസൈൻ-ദിനേശ് അശോക്.

## സന്തോഷ് എച്ചിക്കാനത്തിന്റെ ഹ്രസ്വ ചിത്രം ‘സെവൻ ഡേയ്സ്’

**വാ**യുമലിനീകരണവും അതുമൂലമുണ്ടാകുന്ന ഓക്സിജൻ ദൗർലഭ്യതയും ആധാരമാക്കി ഏറെ കാലികപ്രസക്തിയുള്ള കഥപറയുന്ന ഹ്രസ്വചിത്രമാണ് ‘സെവൻ ഡേയ്സ്’. അംബികാസുതൻ മാങ്ങാട് എഴുതിയ പ്രാണവായു എന്ന കഥയെ ആധാരമാക്കി നിർമിച്ച ചിത്രത്തിന് സന്തോഷ് ഏച്ചിക്കാനമാണ് തിരക്കഥയൊരുക്കിയിരിക്കുന്നത്. സബാഹ് ആണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. “വായുമലിനീകരണം മൂലം ലോകത്താകമാനം ഓക്സിജന്റെ അളവ് കുറഞ്ഞുവരുകയാണ്. വലിയതോതിൽ വായു മലിനീകരിക്കപ്പെടുമ്പോൾ നേരിടുന്ന പ്രതിസന്ധി ന്യൂഡൽഹി അടക്കം ലോകത്തിലെ പ്രധാനനഗരങ്ങളിലെല്ലാം നാം അടുത്തിടെ കണ്ടു. കാർബൺ പുറന്തള്ളലിന്റെ തോത് കുറയ്ക്കണം എന്ന് ഐക്യരാഷ്ട്രസഭ ആവശ്യപ്പെട്ടിട്ടും ഇന്നും അമേരിക്ക അടക്കമുള്ള വൻകിട രാജ്യങ്ങൾ അതിന് മുഖംതിരിഞ്ഞുനിൽക്കുകയാണ്. ഇതുമൂലം ലോകത്തെ പ്രധാനനഗരങ്ങളിൽ ഇപ്പോൾത്തന്നെ ഓക്സിജൻ അളവ് കുറയുകയും ഓക്സിജൻ ബൂത്തുകൾ അടക്കമുള്ള കാര്യങ്ങൾ വരുകയും ചെയ്യുന്നു. ഭാവിയിൽ ഇതുമൂലം നേരിടാൻ പോകുന്ന വലിയ പ്രശ്നങ്ങളെ മുൻകൂട്ടി കാണിച്ചുതരുന്നതാണ് അംബികാസുതൻ മാങ്ങാടിന്റെ പ്രാണവായു എന്ന കഥ. ഇതിനെ ആധാരമാക്കിയാണ് ഹ്രസ്വചിത്രത്തിന് തിരക്കഥയൊരുക്കിയിരിക്കുന്നത്. കെ.പി. ശശികുമാർ, റെയ്മി സോണി, കെ.വി. കുഞ്ഞികൃഷ്ണൻ, കൃഷ്ണനുണ്ണി എന്നിവരാണ് അഭിനേതാക്കൾ.

# ശ്രീലാൽ നാരായണന്റെ റൊമാന്റിക് ത്രില്ലർ ‘സ്പ്രിംഗ്’

**ത്രി**ല്ലറിനൊപ്പം പ്രണയവും പ്രതികാരവും മാസ് ചിത്രങ്ങളും ഒക്കെ കണ്ട മലയാളിക്ക് വേറിട്ട അനുഭവം ഒരുക്കുകയാണ് നവാഗതനായ സംവിധായകൻ ശ്രീലാൽ നാരായണൻ. 12 വർഷത്തോളമായി പരസ്യസംവിധായകനായി പ്രശസ്തമായ പല ബ്രാൻഡുകളുടെയും കൂടെ പ്രവർത്തിച്ച ശ്രീലാൽ നാരായണൻ, യുവതാരങ്ങളായ ആദിൽ ഇബ്രാഹിം, ആരാധ്യ ആൻ, യാമി സോന എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രചനയും സംവിധാനവും നിർവഹിക്കുന്ന പുതിയ റൊമാന്റിക് ത്രില്ലർ ആണ് സ്പ്രിംഗ്.




ബദുഷാസ് സിൽവർ സ്ക്രീൻ എന്റർടെയ്ൻമെന്റ്, ലൈം ടീ പ്രൊഡക്ഷൻസ് എന്നീ ബാനറുകളിൽ മഞ്ജു ബാദുഷ, ഷാഹുൽ ഹമീദ്, ശ്രീലാൽ എം.എൻ. എന്നിവർ ചേർന്ന് നിർമിക്കുന്ന ചിത്രം ജനുവരി ആദ്യത്തോടെ തിയറ്ററുകളിൽ എത്തും. ചിത്രത്തിൽ പൂജിത മേനോൻ, ബിറ്റോ ഡേവിസ്, ബാലാജി, ചെമ്പിൽ അശോകൻ, വിനീത് തട്ടിൽ എന്നിവരാണ് മറ്റ് അഭിനേതാക്കൾ.

സുനിൽ ജി. പ്രകാശനാണ് ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ. സിനോജ് അയ്യപ്പനാണ് ഛായാഗ്രഹണം. മ്യൂസിക്-അലോഷ്യ പീറ്റർ, എഡിറ്റർ-ജിത്ത് ജോഷി, ആർട്ട്-ജയൻ ക്രയോൺസ്, ലിറിക്സ്-അർജുൻ സുബ്രൻ ആൻഡ് ശ്രീലാൽ, പ്രോജക്ട് ആൻഡ് പബ്ലിസിറ്റി ഡിസൈൻ-ലൈം ടീ, പ്രൊഡക്ഷൻ കൺട്രോളർ-സക്കീർ ഹുസൈൻ, മേക്കപ്പ്-അനീഷ് വൈപ്പിൻ, കോസ്റ്റ്യൂംസ്-ദീപ്തി അനുരാഗ്, കൊറിയോഗ്രാഫി-ശ്രീജിത്ത് ഡാൻസിറ്റി, ഡിഐ-കളർ പ്ലാനറ്റ് സ്റ്റുഡിയോസ്, കളറിസ്റ്റ്-ഷിനോയ് പി. ദാസ്, സൗണ്ട് ഡിസൈൻ-ഷെഫിൻ മായൻ, ആക്ഷൻ-അഷറഫ് ഗുരുക്കൾ, വിഎഫ്എക്സ്-ലൈവ് ആക്ഷൻ സ്റ്റുഡിയോ, സൂപ്പർവിഷൻ-ഇന്ദ്രജിത്ത് ഉണ്ണി പാലിയത്ത്, ചീഫ് അസോസിയേറ്റ്-വിജീഷ് പിള്ള, വിനയ് ചെന്നിത്തല, അസോസിയേറ്റ്-അരുൺ, ജിദു, ഡിഒപി അസിസ്റ്റന്റ്-വിഷ്ണു കണ്ണൻ, ഡിജിറ്റൽ മാർക്കറ്റിംഗ്-ബിസി ക്രിയേറ്റീവ്സ്, സ്റ്റിൽസ്-സേതു അത്തിപ്പള്ളിൽ.

# ഖാഫ് – എ വെഡിംഗ് സ്റ്റോറി കേരളത്തിൽ പ്രദർശനത്തിനെത്തി

**ഓ**രോ നിമിഷവും ഭയം നിറയ്ക്കുന്ന ദൃശ്യങ്ങളും ശബ്ദ വിന്യാസവുമായി ഖാഫ്-എ വെഡിംഗ് സ്റ്റോറി എന്ന സിനിമ കേരളത്തിൽ റിലീസിന് എത്തി.

ബൗണ്ട്‌ലസ് ബ്ലാക്ക്ബക്ക് ഫിലിംസിന്റെ ബാനറിൽ ശുഭോ ശേഖർ ഭട്ടാചാര്യ രചനയും നിർമാണവും വഹിച്ച് അഭിനവ് പരീഖ് സംവിധാനം ചെയ്ത സൂപ്പർ നാച്ചുറൽ ഹൊറർ ത്രില്ലറായ ചിത്രം ഓഗസ്റ്റിൽ ഹിന്ദിയിൽ റിലീസ് ചെയ്തിരുന്നു.




ഒരു കുടുംബത്തിലെ വൃദ്ധൻ അസാധാരണമായി മരണപ്പെടുന്നതും തുടർന്ന് അത് കുടുംബത്തിൽ നടക്കുന്ന കല്യാണത്തിന് ഭീതി വിതയ്ക്കുന്ന സംഭവങ്ങളും അതിന് പിന്നിലെ കാരണങ്ങളുമൊക്കെയാണ് ചിത്രം ചർച്ച ചെയ്യുന്നത്.

സിനിമയുടെ വ്യത്യസ്തമായ പോസ്റ്ററുകൾ ഏവരുടെയും ശ്രദ്ധ കവർന്നിരുന്നു. ബോളിവുഡ് താരങ്ങളായ വൈഭവ് തത്വവാടി, മുക്തി മോഹൻ, അക്ഷയ് ആനന്ദ്, മോണിക്ക ചൗധരി, ലക്ഷ്വീർ സിംഗ് ശരൺ, പിലൂ വിദ്യാർത്ഥി, കൃഷ്ണകാന്ത് സിംഗ്, ബുണ്ടേല എന്നിവർ ഇതിൽ അഭിനയിക്കുന്നു.

സ്റ്റുഡിയോ റിലീസ് ആണ് ചിത്രം കേരളത്തിൽ വിതരണത്തിന് എത്തിക്കുന്നത്.

ഛായാഗ്രഹണം-സുപ്രതിം ഭോൽ, എഡിറ്റിംഗ്-രണേന്ദു രഞ്ജൻ, സംഗീതം-റാഹി സെയ്ദ്, ടാൽസ് ആൻഡ് സുചേത ഭട്ടാചാര്യ, ഡിസ്ട്രിബ്യൂഷൻ ഹെഡ് (കേരള) - ഷാനു പരപ്പനങ്ങാടി, വാർത്താ പ്രചരണം-പി. ശിവപ്രസാദ്.

# പാക് അധിനിവേശ കശ്മീർ ഇന്ത്യയുടേതെന്ന് ലഡാക്ക് ഹൈക്കോടതി

ശ്രീനഗർ: പാക് അധിനിവേശ കശ്മീർ (പിഒകെ) ഇന്ത്യയുടെ ഭാഗമാണെന്നും നിയന്ത്രണരേഖ (എൽഒസി) കടന്ന് അവിടെ വ്യാപാരം നടത്തിയാലും ജിഎസ്ടി ബാധകമാണെന്നും ജമ്മു കശ്മീർ ആൻഡ് ലഡാക്ക് ഹൈക്കോടതി.

ജസ്റ്റിസ് സഞ്ജീവ് കുമാർ, ജസ്റ്റിസ് സഞ്ജയ് പരിഹാർ എന്നിവരുൾപ്പെടുന്ന ഡിവിഷൻ ബെഞ്ചിന്റേതാണ് ഈ നിർണായക വിധി. പിഒകെ ഇന്ത്യയുടെ അവിഭാജ്യഘടകമാണ്. കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീരിന്റെ ഭാഗമാണത്. ആ നിലയ്ക്ക് എൽഒസി കടന്ന് വ്യാപാരം നടത്തിയാലും അത് സംസ്ഥാനത്തിനുള്ളിൽ നടന്ന വ്യാപാര ഇടപാടായേ (ഇൻട്രാ-സ്റ്റേറ്റ് ട്രേഡ്) കണക്കാക്കൂ. ജിഎസ്ടി നിയമം ബാധകമാണെന്നും കോടതി പറഞ്ഞു.

മേഖലയിൽ 2017 മുതൽ 2019 വരെ നടന്ന വ്യാപാരത്തിന് നികുതി വകുപ്പ് ഉദ്യോഗസ്ഥർ ജിഎസ്ടി ആവശ്യപ്പെട്ട് നോട്ടീസ് അയച്ചിരുന്നു. ഇതിനെതിരെ ചില വ്യാപാരികൾ സമർപ്പിച്ച ഹർജി തള്ളിയാണ് ഹൈക്കോടതി ഉത്തരവ്.

പാക് അധിനിവേശ കശ്മീരിലുള്ളവരുമായി നടത്തിയത് കൈമാറ്റ വ്യാപാരമാണെന്നും പണമിടപാട് നടന്നിട്ടില്ലെന്നും വ്യാപാരികൾ വാദിച്ചെങ്കിലും കോടതി അത് മുഖവിലയ്ക്കെടുത്തില്ല. ജിഎസ്ടി അടയ്ക്കണമെന്ന് വിധിച്ചു. ജിഎസ്ടി നിയമം കൊണ്ടുവന്നപ്പോൾ പിഒകെയെ ഒഴിവാക്കിയിട്ടില്ലെന്ന കാര്യം ഹർജിക്കാർ മനഃപൂർവം മറച്ചുവെച്ചെന്നും കോടതി നിരീക്ഷിച്ചു.

2017-ലെ കേന്ദ്ര ജിഎസ്ടി (സിജിഎസ്ടി) നിയമം സെക്ഷൻ 7 ബാധകമാണെന്ന കാര്യവും ഹർജിക്കാർക്ക് അറിയാമായിരുന്നു. ആ നിലയ്ക്ക് ഹർജി തള്ളുന്നതായും കോടതി വ്യക്തമാക്കി.

പുൽവാമ ആക്രമണത്തിനു മുൻപ് റാവൽകോട്ട് (പിഒകെ), ഇസ്ലാമബാദ്-ഉറി, ചാക്കൻ ദ ബാഗ് (പൂഞ്ച്), മേഖലകൾ കേന്ദ്രീകരിച്ച് വ്യാപാരം നടന്നിരുന്നെന്നും അത് ഇന്ത്യയും പാകിസ്താനും അംഗീകരിച്ചിരുന്നുവെന്നുമുള്ള വാദങ്ങളും കോടതി ഗൗനിച്ചില്ല.

## തലച്ചോറിന്റെ കൗമാരം നീളും 32 വയസ്സുവരെ

ലണ്ടൻ: മനുഷ്യജീവിതകാലത്ത് തലച്ചോർ അഞ്ചു വ്യത്യസ്തദശകളിലൂടെ കടന്നുപോകുമെന്ന് കണ്ടെത്തിയിരിക്കുന്നു ശാസ്ത്രജ്ഞർ. ഒൻപത്, 32, 66, 83 വയസ്സുകളാണ് മസ്തിഷ്കത്തിന്റെ മാറ്റത്തിന്റെ ദശയിലെ നിർണായകപ്രായങ്ങൾ. തലച്ചോറിന്റെ കൗമാരം 32 വയസ്സുവരെ നീളുമെന്നും ബ്രിട്ടനിലെ കേംബ്രിജ് സർവകലാശാലയിലെ ഗവേഷകർ നടത്തിയ പഠനം പറയുന്നു. 90 വരെ പ്രായത്തിലുള്ള നാലായിരത്തോളം പേരുടെ തലച്ചോർ സ്കാൻചെയ്ത് പഠിച്ചതിൽനിന്നാണ് ഗവേഷകർക്ക് ഈ അറിവു കിട്ടിയത്.

ജീവിതയാത്രയിൽ ആർജിക്കുന്ന പുത്തൻ അറിവുകളോടും അനുഭവങ്ങളോടും പ്രതികരിച്ച് മസ്തിഷ്കത്തിന് പതിവായി മാറ്റമുണ്ടാകുന്നു എന്ന് മുൻപേ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, ജനനം മുതൽ മരണംവരെ ഒരൊഴുക്കിലുണ്ടാകുന്ന മാറ്റമല്ല അതെന്നും, അതിന് കൃത്യമായ അഞ്ചുഘട്ടങ്ങളുണ്ടെന്നുമാണ് പുതിയ തിരിച്ചറിവ്. ചിലരിൽ ഈ ഘട്ടങ്ങൾ ഇപ്പറഞ്ഞതിലും നേരത്തേയാകാം, ചിലരിൽ താമസിച്ചും. എന്നാൽ, ഈ ഘട്ടങ്ങൾക്കിടയിലാണ് മാറ്റം വ്യക്തമായി പ്രകടമാകുന്നത് എന്നതാണ് ഗവേഷകരെ അതിശയിപ്പിച്ചത്.

# ശബരിമലയിൽ ആദ്യ 15 ദിവസത്തെ വരുമാനം 92 കോടി

പത്തനംതിട്ട: മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലയളവിൽ ആദ്യത്തെ 15 ദിവസം ശബരിമലയിൽ ദേവസ്വം ബോർഡിന് ലഭിച്ച ആകെ വരുമാനം 92 കോടി രൂപ. കഴിഞ്ഞ വർഷം ഇതേ സമയത്തെ അപേക്ഷിച്ച് (69 കോടി) 33.33 ശതമാനം കൂടുതലാണിത്. നവംബർ 30 വരെയുള്ള കണക്കാണിത്. വരുമാനത്തിന്റെ ഭൂരിഭാഗവും അരവണ വിൽപ്പനയിൽ നിന്നാണ്. 47 കോടി രൂപയാണ് അരവണയിൽ നിന്നുള്ള വരുമാനം. കഴിഞ്ഞ വർഷം ആദ്യത്തെ 15 ദിവസം ഇത് 32 കോടിയായിരുന്നു; 46.86 ശതമാനമാണ് വർധന.



അപ്പം വിൽപ്പനയിൽനിന്ന് ഇതുവരെ 3.5 കോടി രൂപയാണ് ലഭിച്ചത്. കഴിഞ്ഞ വർഷവും ഏകദേശം ഇതേ തുക തന്നെയായിരുന്നു ലഭിച്ചിരുന്നത്. കാണിക്കയിൽനിന്നുള്ള വരുമാനം 2024-ൽ ഇതേസമയം 22 കോടി ആയിരുന്നപ്പോൾ ഈ സീസണിൽ അത് 26 കോടിയായി; 18.18 ശതമാനം വർധന. ഈ സീസണിൽ 13 ലക്ഷത്തോളം തീർത്ഥാടകരാണ് നവംബർ 30 വരെ ശബരിമലയിൽ എത്തിയത്.

# കേരളത്തിൽ 4477 പേർക്ക് എച്ച്ഐവി

കണ്ണൂർ: കേരളത്തിൽ എച്ച്ഐവി ബാധിതരാകുന്നതിൽ 15-24 വയസിനിടയിലുള്ളവരുടെ എണ്ണം കുതിച്ചുയരുന്നു. മൂന്നു വർഷത്തിനിടെ 361 പേർക്കാണ് മയക്കുമരുന്നു കുത്തിവയ്ക്കാൻ ഉപയോഗിച്ച സൂചിയിൽനിന്ന് എച്ച്ഐവി പകർന്നത്. ഈ വർഷം എച്ച്ഐവി ബാധിതരായ കൗമാരക്കാരുടെയും യുവാക്കളുടെയും എണ്ണം കൂടിയിട്ടുണ്ട്. ഈ വർഷം ഏപ്രിൽ മുതൽ ഒക്ടോബർ വരെ എച്ച്ഐവി ബാധിതരായതിൽ 15.4 ശതമാനം പേർ 15 നും 24 നും ഇടയിൽ പ്രായമുള്ളവരാണ്. മയക്കുമരുന്നു കുത്തിവയ്ക്കാൻ ഉപയോഗിച്ച സൂചിയിലൂടെയാണ് ഇവർക്കു രോഗാണു പകർന്നതെന്ന് സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കണക്കുകൾ വ്യക്തമാക്കുന്നു. മൂന്നു വർഷത്തിനിടെ എച്ച്ഐവി ബാധിതരായ 166 പേർക്ക് രോഗം പകർന്നു കിട്ടിയ വഴിയേതെന്ന് അറിയില്ല. കോളജുകളിൽ ഉൾപ്പെടെ കൂട്ടമായി മയക്കുമരുന്നു കുത്തിവയ്പ്പിന് ഇരയായവർ ഇക്കൂട്ടത്തിലുണ്ട്.

അണുബാധയുള്ള അമ്മമാരിൽനിന്ന് കുട്ടികളിലേക്ക് രോഗം പകർന്നു കിട്ടിയത് 41 പേർക്കാണ്. മൂന്നു വർഷത്തിനിടെ സംസ്ഥാനത്ത് 4477 പേർ എച്ച്ഐവി ബാധിതരായി. ഇതിൽ 3393 പേർ പുരുഷന്മാരും 1065 സ്ത്രീകളുമുണ്ട്. 90 പേർ ഗർഭിണികളും 19 പേർ ട്രാൻസ്ജെൻഡർമാരുമാണ്. ഒന്നിലധികം പങ്കാളികളുമായി സുരക്ഷിതമല്ലാത്ത ലൈംഗികബന്ധത്തിലേർപ്പെട്ടതിലൂടെയാണ് 2803 പേർക്ക് അണുബാധയുണ്ടായത്. ആകെ അണുബാധയേറ്റവരുടെ 62.6 ശതമാനം ഈ വിഭാഗത്തിലാണ്. സ്വവർഗരതിയിലൂടെ 1101 പേർക്ക് അണുബാധയുണ്ടായി. 24.6 ശതമാനം ഈ വിഭാഗത്തിലാണ്. നിലവിൽ ഒരുമാസം കേരളത്തിൽ പുതുതായി 100 എച്ച്ഐവി ബാധിതർ ഉണ്ടാകുന്നത് വലിയ വെല്ലുവിളിയാണെന്ന് കണ്ണൂർ ജില്ലാ ആർസിഎച്ച് ഓഫീസർ ഡോ. ജി. അശ്വിൻ പറഞ്ഞു. മൂന്നു വർഷത്തിനിടെ ഏറ്റവും കൂടുതൽ എച്ച്ഐവി ബാധിതരെ കണ്ടെത്തിയത് എറണാകുളം ജില്ലയിലാണ്.

## ഇസ്രയേൽ-പലസ്തീൻ പ്രശ്നം

(3-ാം പേജിൽനിന്നും)

ബെയ്റൂട്ടിൽ കനത്ത മഴ പെയ്തെങ്കിലും പ്രസന്നമായ കാലാവസ്ഥയിലാണ് മാർപാപ്പ വിമാനമിറങ്ങിയത്. ഇറ്റലിയിൽ നിന്നു പ്രത്യേക വിമാനത്തിൽ കൊണ്ടുവന്ന സോഫ്റ്റ്‌വേർ ഇൻസ്റ്റാൾ ചെയ്തതിനു ശേഷമാണ് പേപ്പൽ വിമാനം ബോയിംഗ് എ 320 ബെയ്റൂട്ടിനു പുറപ്പെട്ടതെന്ന് വത്തിക്കാൻ വക്താവ് മത്തെയോ ബ്രൂണി പറഞ്ഞു. പേപ്പൽ വിമാനത്തിന് രണ്ട് സൈനിക വിമാനങ്ങൾ അകമ്പടിയുണ്ടായിരുന്നു.

## മരിയ പീറ്ററിന് 1.3 കോടിയുടെ ഫെലോഷിപ്പ്

കോതമംഗലം: മാർ അത്തനേഷ്യസ് കോളജ് എം.എസ്‌സി മാത്തമാറ്റിക്സ് വിദ്യാർത്ഥിനി മരിയ പീറ്ററിന് യൂറോപ്യൻ യൂണിയന്റെ 1.3 കോടി രൂപയുടെ 'മേരി ക്യൂറി' ഫെലോഷിപ്പ് ലഭിച്ചു. സ്പെയിനിലെ പബ്ലിക് യൂണിവേഴ്സിറ്റി ഓഫ് നവാരയിൽ മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ 4 വർഷത്തെ ഡോക്ടറൽ പ്രോഗ്രാമിനാണ് പ്രവേശനം. കോളജ് വിദ്യാഭ്യാസ വകുപ്പിന്റെ ആസ്പയർ സ്കോളർഷിപ്പിന്റെ ഭാഗമായി 6 മാസത്തെ ഇന്റേൺഷിപ്പ് പ്രോഗ്രാം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ചെയ്തുവരികയായിരുന്നു മരിയ. പെരുമ്പാവൂർ കാഞ്ഞിരക്കാട് പള്ളുപ്പേട്ട പി.ഡി. പീറ്ററിന്റെയും (കൂവപ്പടി സഹകരണ ബാങ്ക് റിട്ട. സെക്രട്ടറി), റോസ്‌ലാൻഡ് പീറ്ററിന്റെയും (കറുകുറ്റി നൈപുണ്യ കോളജ് അസി. പ്രഫസർ) മകളുമാണ്.

## മുഖ്യമന്ത്രിക്ക് ഇ.ഡി. നോട്ടീസ്

(3-ാം പേജിൽനിന്നും)

അതേസമയം തെരഞ്ഞെടുപ്പ് സമയത്തെ സ്ഥിരം കലാപരിപാടിയാണു ഇഡി നടത്തുന്നതെന്ന് മുൻ മന്ത്രി തോമസ് ഐസക്ക് പറഞ്ഞു. “മസാലബോണ്ട് സംബന്ധിച്ച കേസ് വീണ്ടും കുത്തിപ്പൊക്കുകയാണ്.

ബിജെപിക്കും യുഡിഎഫിനും വേണ്ടിയുള്ള തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായാണ് ഇ.ഡി. ഇങ്ങനെ ചെയ്യുന്നത്. ഇത്രയൊക്കെ പണമിടപാടു നടത്തുമ്പോൾ എന്തെങ്കിലും ഒക്കെ ഉണ്ടാകുമെന്ന്, അന്വേഷണം നടത്തിയാൽ എന്തെങ്കിലും കാലിൽ തടയുമെന്നായിരിക്കും അവർ കരുതുന്നത്. അതുകൊണ്ടാണ് ഒരു അർത്ഥവുമില്ലാത്ത നോട്ടീസുകൾ അയച്ചു കൊണ്ടിരിക്കുന്നത്”- തോമസ് ഐസക്ക് പറഞ്ഞു.

## രാഹുൽ ഈശ്വറിനെ അറസ്റ്റ് ചെയ്തു

(3-ാം പേജിൽനിന്നും)

ഇലക്ട്രോണിക് ഉപകരണങ്ങളുടെ ദുരുപയോഗം എന്നീ വകുപ്പുകളാണു ചുമത്തിയിരിക്കുന്നത്. രണ്ട് വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന വകുപ്പുകളാണിവ.

മഹിളാ കോൺഗ്രസ് പത്തനംതിട്ട ജില്ലാ സെക്രട്ടറി രഞ്ജിത പുളിക്കനാണ് ഒന്നാം പ്രതി. അഭിഭാഷക ദീപ ജോസഫ്, ദീപ ജോസഫ് എന്നു പേരുള്ള മറ്റൊരു അക്കൗണ്ട് ഉടമ എന്നിവരാണു രണ്ടും മൂന്നും പ്രതികൾ. പാലക്കാട് സ്വദേശിയായ വ്ളോഗറാണ് ആറാം പ്രതി. കേസിൽ കൂടുതൽ പേരെ പ്രതിചേർക്കുമെന്നാണു വിവരം.

## എസ്ഐആർ സമയപരിധി നീട്ടിവെച്ചു

(3-ാം പേജിൽനിന്നും)

സ്ഥാപനങ്ങളിലേക്കുള്ള ആദ്യഘട്ട തെരഞ്ഞെടുപ്പും അതേ ദിവസമായതിനാൽ പ്രതിസന്ധിയുണ്ടാകുമെന്ന നിലപാടിലായിരുന്നു രാഷ്ട്രീയ പാർട്ടികൾ.

15 ശതമാനത്തോളം എന്യൂമറേഷൻ ഫോമുകൾ തിരികെ കിട്ടിയിട്ടില്ലെന്നും പഴയ സമയക്രമം അനുസരിച്ചാണെങ്കിൽ നാല് ദിവസത്തിനുള്ളിൽ ഫോം തിരിച്ചുവാങ്ങി ഡിജിറ്റൈസ് ചെയ്യുന്നത് അപ്രായോഗികമാണെന്നും രാഷ്ട്രീയകക്ഷികൾ ചൂണ്ടിക്കാട്ടിയിരുന്നു.

വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരിൽനിന്നു ഫോറം സ്വീകരിക്കുന്നതിനായി സ്പെഷൽ ഡ്രൈവും ഇക്കാലയളവിൽ നടത്തുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ. ഇപ്പോൾ വോട്ടർപട്ടികയിൽ പേരു ചേർക്കാനാകില്ലെങ്കിലും അപേക്ഷ സ്വീകരിക്കും. എസ്ഐആർ കരടു പട്ടിക ഡിസംബർ 16-നു പ്രസിദ്ധീകരിച്ച ശേഷം അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിന്റെ നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസംവരെ പേരു ചേർക്കാൻ അവസരം നൽകും.

അതിനിടെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ബിഎൽഒമാർ മൂന്നു തവണ വീട്ടിലെത്തിയിട്ടും കണ്ടെത്താനാകാത്തവരുടെ (അൺ ട്രെയിസബിൾ) എണ്ണം 11.13 ലക്ഷത്തോളമായി ഉയർന്നതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ. മൊത്തം വോട്ടർ പട്ടികയിൽ ഏകദേശം അഞ്ചു ശതമാനത്തോളം വരുമിത്. കണ്ടെത്താനാകാത്തവർ കൂടുതലും നഗരപരിധിയിലാണ്. ഒരാഴ്ച അധിക സമയം അനുവദിച്ചതോടെ ഇവരിൽ ആരെയെങ്കിലും കണ്ടെത്താൻ കഴിയുമോ എന്ന് വീണ്ടും പരിശോധന നടത്താനാകും.


86 ശതമാനം പേരും ഫോം പൂരിപ്പിച്ചു ബിഎൽഒമാർക്ക് മടക്കി നൽകി. മടക്കി നൽകാത്തവരും നഗരപരിധിയിലാണ് കൂടുതൽ. എത്രയും വേഗം പൂരിപ്പിച്ചു മടക്കി നൽകുന്നുവോ അവരെ വേഗത്തിൽ പട്ടികയിൽ ഉൾപ്പെടുത്താനാകും.

അവസാനഘട്ടം വരെ കാത്തു നിൽക്കാതെ ഫോം വേഗത്തിൽ പൂരിപ്പിച്ചു മടക്കിനൽകാനാകണം. വേഗത്തിൽ ഡിജിറ്റൈസ് ചെയ്യാൻ ഇതു സഹായിക്കും. പൂരിപ്പിച്ച ഫോമിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്താനും ഇത് ഉപകരിക്കും.

നീട്ടിയില്ലെങ്കിലും ഫോം പൂരിപ്പിച്ചു തിരിച്ചു മേടിക്കുന്നതിന് ബിഎൽഒമാർക്ക് നേരത്തേ സമയപരിധി നൽകിയിരുന്നു. നേരത്തേ അനുവദിച്ചിരുന്ന സമയപരിധിയായ ഡിസംബർ നാലുവരെ കാത്തു നിൽക്കാനല്ല ശ്രമിച്ചത്. ഡിസംബർ ഒന്നിന് 95 ശതമാനം പൂർത്തിയാക്കാനായിരുന്നു ലക്ഷ്യം. നവംബർ 30-ന് ഇത് 86 ശതമാനത്തിൽ എത്തിയിരുന്നു. രണ്ടോ മൂന്നോ ദിവസത്തിനകം പരമാവധി പൂർത്തിയാക്കുകയായിരുന്നു ലക്ഷ്യം.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
◆ For Vacation and Holiday rentals.
◆ Licensed Home stay, Safe and Secured.
◆ 3 A/C rooms, Unique Packages for 2-8 people very economical.
◆ Individual Room rental for families.
◆ Fruits and vegetable Garden.
◆ Feels like farm house with Pets, Animals, Fish and birds.
◆ Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
◆ Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
◆ Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
◆ Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
◆ Adhering Food Safety Regulations.
◆ Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# മേയർ റോബിൻ ഇലക്കാട്ട് യുവജനങ്ങൾക്ക് പ്രചോദനം: മാർ ജോയി ആലപ്പാട്ട്

**ജോസ് കണിയാലി**

ചിക്കാഗോ: മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് യുവജനങ്ങൾക്ക് പ്രചോദനവും മാതൃകയുമാണെന്ന് ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പ്രസ്താവിച്ചു. കഴിഞ്ഞ മേയർ തെരഞ്ഞെടുപ്പിലെ ഹാട്രിക് വിജയത്തിനു ശേഷം ചിക്കാഗോ സീറോമലബാർ ബിഷപ്സ് ഹൗസിലെത്തിയ റോബിൻ ഇലക്കാട്ടിനെ ബിഷപ് മാർ ജോയി ആലപ്പാട്ട് ബൊക്കെ നല്കി സ്വീകരിച്ചു. ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം, ചാൻസലർ ഫാ. ജോൺസൺ കോവൂർപുത്തൻപുരയിൽ, യൂത്ത് ഡയറക്ടർ ഫാ. മെൽവിൻ പോൾ മംഗലത്ത്, മുൻ പ്രൊക്കുറേറ്റർ ഫാ. പോൾ ചാലിശ്ശേരി എന്നിവരും സന്നിഹിതരായിരുന്നു. കേരളാ എക്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയും മേയർ റോബിൻ ഇലക്കാട്ടിനൊപ്പമുണ്ടായിരുന്നു.



ചിക്കാഗോ സീറോമലബാർ ബിഷപ്സ് ഹൗസിലെത്തിയ മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ടിനെ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് സ്വീകരിക്കുന്നു. ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം, ചാൻസലർ ഫാ. ജോൺസൺ കോവൂർപുത്തൻപുരയിൽ, മുൻ പ്രൊക്കുറേറ്റർ ഫാ. പോൾ ചാലിശ്ശേരി, കേരളാ എക്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി എന്നിവരാണ് സമീപം.

രണ്ടു മണിക്കൂർ നീണ്ടുനിന്ന സൗഹൃദ സംഭാഷണത്തിൽ ആനുകാലിക രാഷ്ട്രീയ, സാമൂഹിക വിഷയങ്ങൾ ചർച്ച ചെയ്തു. അമേരിക്കയിൽ സംഘടനാതലത്തിലും മിസോറി സിറ്റിയുടെ തന്നെ വിവിധ സ്ഥാനങ്ങളിലും സേവനം ചെയ്തു മേയർ പദവിയിൽ എത്തുകയും മൂന്നു പ്രാവശ്യം തെരഞ്ഞെടുക്കപ്പെടുകയും ചെയ്തത് തികച്ചും അഭിമാനകരവും അഭിനന്ദനാർഹവുമാണെന്ന് മാർ ജോയി ആലപ്പാട്ട് പറഞ്ഞു. അമേരിക്കൻ രാഷ്ട്രീയത്തിൽ കൂടുതൽ ഉയർന്ന പദവികളിലെത്തുവാൻ മേയർ റോബിൻ ഇലക്കാട്ടിന് സാധിക്കട്ടെയെന്ന് ബിഷപ് ആശംസിച്ചു.

അഭിവന്ദ്യ പിതാക്കന്മാരുടെ തിരക്കിനിടയിൽ രണ്ടു മണിക്കൂർ സമയം തന്നോടൊപ്പം ചെലവഴിക്കുവാൻ സമയം കണ്ടെത്തിയതിൽ മേയർ റോബിൻ ഇലക്കാട്ട് പ്രത്യേകം നന്ദി പറഞ്ഞു. ആദ്യമായിട്ടാണ് ചിക്കാഗോയിലെ സീറോമലബാർ ബിഷപ്സ് ഹൗസിൽ വരുവാൻ സാധിച്ചതെന്നും ജോയി ആലപ്പാട്ട് പിതാവിന്റെ പ്രത്യേക സ്നേഹത്തിനും പരിഗണനയ്ക്കും കൃതജ്ഞത രേഖപ്പെടുത്തുന്നതായും മേയർ റോബിൻ കൂട്ടിച്ചേർത്തു.

**ഫോട്ടോ: മോനു വർഗീസ്**















Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**